32nd Year of Service 2024

NOT OUR MERIT BUT HIS GRACE · KERALA EXPRESS

Price $1.00

# കേരളാ എക്സ്പ്രസ്
# KERALA EXPRESS

Weekly Newspaper National Edition from Chicago

3425 Cleveland St, Skokie, Illinois 60076, Tel: 630 728 7956 (24 Hrs.) e-Fax: 773 304 1917 Email: news@keralaexpress.com www.keralaexpress.com

March 08, 2024 | Vol. XXXII No. 10 | Periodicals Postage Paid

4 ബില്ലുകൾക്ക് രാഷ്ട്രപതി അനുമതി നല്കിയില്ല
6 ഇന്ത്യയുടെ ത്രിതല നീക്കം
9 വനിതാദിനമൊരുക്കി തിരുഹൃദയ ഇടവക
15 ചിക്കാഗോ കെ.സി.എസ് കപ്പിൾസ് നൈറ്റ്
19 ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് ചാമ്പ്യൻമാർ

## സി.എം.എ അന്താരാഷ്ട്ര വനിതാദിനം ആഘോഷിച്ചു



ചിക്കാഗോ മലയാളി അസോസിയേഷൻ അന്താരാഷ്ട്ര വനിതാ ദിനത്തോടനുബന്ധിച്ച് സംഘടിപ്പിച്ച ആഘോഷ പരിപാടികൾ ജഡ്ജ് ജൂലി മാത്യു (ഹൂസ്റ്റൺ) ഉദ്ഘാടനം ചെയ്തപ്പോൾ: പ്രസിഡണ്ട് ജെസ്സി റിൻസി, ഡോ. സൂസൻ ചാക്കോ, ഷാനാ മോഹൻ, ഡോ. സിബിൾ ഫിലിപ്പ്, വിവിഷ് ജേക്കബ്, മനോജ് അച്ചേട്ട്, ഷൈനി ഹരിദാസ്, ഫിലിപ്പ് പുത്തൻപുര, ഡോ. ബ്രിജിറ്റ് ജോർജ്, സാറാ മിർസ, റോസ് വടകര, ആഗ്നസ് മാത്യു, ലീലാ ജോസഫ്, സാറാ അനിൽ എന്നിവരാണ് സമീപം. (ഫോട്ടോ: നിർമ്മൽ മുണ്ടക്കൽ)

## സർക്കാർ ജീവനക്കാർ ശമ്പളത്തിന് കാത്തിരിക്കണം

തിരുവനന്തപുരം: മുഴുവൻ ശമ്പളവും കൈയിൽ കിട്ടാൻ സർക്കാർ ജീവനക്കാർ മാർച്ച് 15 വരെ കാത്തിരിക്കേണ്ടി വരുമെന്നു സൂചന. സാമ്പത്തിക പ്രതിസന്ധി തുടരുന്നതിനാൽ, ജീവനക്കാരുടെ അക്കൗണ്ടിൽ പണം ലഭ്യമാക്കിയാലും പിൻവലിക്കുന്നതിനു പരിധി വെക്കാനാണു സർക്കാർ ആലോചിക്കുന്നത്. പ്രതിദിനം നിശ്ചിത തുക മാത്രം പിൻവലിക്കാനുള്ള അനുമതിയാകും നൽകുക. വൈദ്യുതിമേഖലയിലെ പരിഷ്കരണ പ്രവർത്തനങ്ങളുടെ (ശേഷം 24-ാം പേജിൽ)

## കേരളത്തിൽ മത്സരിക്കാൻ കേന്ദ്രമന്ത്രിമാർ

ന്യൂഡൽഹി: 195 സ്ഥാനാർത്ഥികളുടെ ആദ്യപട്ടിക ബിജെപി പുറത്തിറക്കി. പ്രധാനമന്ത്രി നരേന്ദ്രമോദി (വാരണാസി), ആഭ്യന്ത മന്ത്രി അമിത് ഷാ (ഗാന്ധിനഗർ), പ്രതിരോധ മന്ത്രി രാജ്നാഥ് സിംഗ് (ലക്നൗ) എന്നിവർ ആദ്യപട്ടികയിലുണ്ട്. രാജ്യസഭാംഗങ്ങൾ അടക്കം 34 കേന്ദ്രമന്ത്രിമാരും 28 വനിതകളും ആദ്യപട്ടികയിലുണ്ട്. കേരളത്തിലെ 12 മണ്ഡലങ്ങളിലെ സ്ഥാനാർത്ഥികളെയും പ്രഖ്യാപിച്ചു. രാജ്യസഭാംഗങ്ങളായിരുന്ന കേന്ദ്ര വിദേശകാര്യ സഹമന്ത്രി വി. മുരളീധരൻ (ആറ്റിങ്ങൽ), ഐടി സഹമന്ത്രി രാജീവ് ചന്ദ്രശേഖർ (തിരുവനന്തപുരം) എന്നിവരും കോൺഗ്രസ് വിട്ടെത്തിയ വി. രഘുനാഥും (കണ്ണൂർ) അനിൽ ആന്റണിയും (പത്തനംതിട്ട) സ്ഥാനാർത്ഥികളാണ്.



വി. മുരളീധരൻ



രാജീവ് ചന്ദ്രശേഖർ

## വോട്ടിന് കോഴ വാങ്ങുന്ന എം.പിമാരും എം.എൽ.എമാരും വിചാരണ നേരിടണം: സുപ്രീം കോടതി

ന്യൂഡൽഹി: വോട്ടിന് കോഴ വാങ്ങുന്ന എം.പിമാർക്കും എം.എൽ.എമാർക്കും വിചാരണ നേരിടുന്നതിൽനിന്ന് പ്രത്യേക പരിരക്ഷ നൽകാനാകില്ലെന്ന് സുപ്രീം കോടതി. ഇതിനെ ക്രിമിനൽ കുറ്റമെന്ന് വിശദീകരിച്ച സുപ്രീം കോടതി 1998-ലെ വിധി റദ്ദാക്കി. ചീഫ് ജസ്റ്റിസ് ഡി.വൈ. ചന്ദ്രചൂഡിന്റെ നേതൃത്വത്തിലുള്ള സുപ്രീംകോടതിയുടെ ഏഴംഗ ഭരണഘടനാ ബെഞ്ചിന്റേതാണ് സുപ്രധാന വിധി. കോഴക്കേസിൽ എം.പിമാരെയും എം.എൽ.എമാരെയും വിചാരണയിൽനിന്ന് ഒഴിവാക്കുന്നത് തെറ്റായ സന്ദേശം നൽകുമെന്നും സുപ്രീം കോടതി നിരീക്ഷിച്ചു. വോട്ടിനോ പ്രസംഗത്തിനോ കോഴ വാങ്ങുന്ന ജനപ്രതിനിധികളെ വിചാരണയിൽനിന്ന് ഒഴിവാക്കിയ 1998-ലെ പി.വി. നരസിംഹറാവു കേസിലെ അഞ്ചംഗ ബെഞ്ചിന്റെ വിധിയാണ് സുപ്രീം കോടതിയുടെ ഏഴംഗ ബെഞ്ച് മാർച്ച് നാലിന് റദ്ദാക്കിയത്. കോഴ വാങ്ങുന്നത് എം.പിമാർക്കും എം.എൽ.എമാർക്കും പാർലമെന്റിൽനിന്ന് ലഭിക്കുന്ന മറ്റ് ആനുകൂല്യങ്ങളാൽ സംരക്ഷിക്കപ്പെടുന്നില്ല. പ്രസംഗത്തിനും വോട്ടിനും കോഴ വാങ്ങുന്നത് ജനാധിപത്യത്തെ നശിപ്പിക്കുന്നതിന് തുല്യമാണെന്നും ഇത് അംഗീകരിക്കാനാകില്ലെന്നും ചീഫ് ജസ്റ്റിസ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി. (ശേഷം 24-ാം പേജിൽ)

## വെറ്ററിനറി കോളജ് വിദ്യാർത്ഥിയുടെ മരണം: വി.സിക്ക് സസ്പെൻഷൻ

തിരുവനന്തപുരം: വയനാട് പൂക്കോട് വെറ്ററിനറി കോളജ് വിദ്യാർത്ഥി ജെ.എസ്. സിദ്ധാർഥനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ, നടപടി സ്വീകരിക്കുന്നതിൽ അനാസ്ഥ കാട്ടിയതിന് വെറ്ററിനറി സർവകലാശാലാ വൈസ് ചാൻസലർ ഡോ. എം.ആർ. ശശീന്ദ്രനാഥിനെ സർവകലാശാലാ ചാൻസലർ കൂടിയായ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ സസ്പെൻഡ് ചെയ്തു. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് വി.സിയെ ചാൻസലർ സസ്പെൻഡ് ചെയ്യുന്നത്.



കൊല്ലപ്പെട്ട ജെ.എസ്. സിദ്ധാർത്ഥ്

എസ്.എഫ്.ഐ. നേതാക്കൾ ഉൾപ്പെടെയുള്ളവരുടെ ക്രൂരപീഡനത്തിനും ആൾക്കൂട്ട വിചാരണയ്ക്കും ഇരയായ സിദ്ധാർത്ഥന്റെ മരണവുമായി ബന്ധപ്പെട്ട കാര്യങ്ങൾ അന്വേഷിക്കുന്നതിനു ജുഡീഷ്യൽ അന്വേഷണവും ചാൻസലർ ആവശ്യപ്പെട്ടു.

കേരള വെറ്ററിനറി സർവകലാശാലാ നിയമത്തിന്റെ 9 (9) വകുപ്പ് അനുസരിച്ച് ഇത്തരമൊരു സംഭവമുണ്ടായാൽ ചാൻസലർ അന്വേഷണത്തിന് ഉത്തരവിടണം.

ഇതിനായി സുപ്രീം കോടതിയിലെയോ ഹൈക്കോടതിയിലെയോ സിറ്റിങ് ജഡ്ജിയുടെ സേവനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിച്ച് ഹൈക്കോടതി രജിസ്ട്രാർ ജനറലിനു രാജ്ഭവൻ കത്തയച്ചു.

വി.സിയെ സസ്പെൻഡ് ചെയ്ത സാഹചര്യത്തിൽ അദ്ദേഹത്തിന്റെ ചുമതല വെറ്ററിനറി കോളജ് മുൻ ഡീൻ ഡോ. പി.സി. ശശീന്ദ്രനു നൽകി ചാൻസലർ ഉത്തരവിറക്കി. ഡോ. എം.ആർ. ശശീന്ദ്രനാഥിനെ വി.സിയായി നിയമിക്കുന്ന സമയത്തു സേർച് കമ്മിറ്റി നൽകിയ മൂന്നംഗ പാനലിൽ ശശീന്ദ്രനും ഉണ്ടായിരുന്നു.



ഡോ. എം.ആർ. ശശീന്ദ്രനാഥ്

സർവകലാശാലയിൽ നടന്ന ഗുരുതര സംഭവവികാസങ്ങളിൽ നിരുത്തരവാദ നിലപാടു സ്വീകരിച്ചതാണ് വി.സിയെ സസ്പെൻഡ് ചെയ്യാൻ കാരണമെന്ന് ഉത്തരവിൽ ചൂണ്ടിക്കാട്ടുന്നു. സംഭവത്തെക്കുറിച്ച് വി.സിയോട് ഗവർണർ റിപ്പോർട്ട് ചോദിക്കുകയും അദ്ദേഹം നൽകുകയും ചെയ്തിരുന്നു.

സിദ്ധാർഥന്റെ മരണം സംബന്ധിച്ച പോലീസിന്റെ പ്രാഥമിക അന്വേഷണ റിപ്പോർട്ടുകളിലടക്കം ദുരൂഹസാഹചര്യം വ്യക്തമാക്കിയിട്ടും സർവകലാശാലാ ചട്ടങ്ങൾ അനുസരിച്ചു നടപടി സ്വീകരിക്കുന്നതിൽ വി.സിക്കു വീഴ്ചയുണ്ടായി. സിദ്ധാർഥനു നേരെയുണ്ടായ അക്രമം തടയുന്നതിലും വീഴ്ച സംഭവിച്ചു.

അനിഷ്ട സംഭവങ്ങൾ തടയുന്നതിനുള്ള ആത്മാർത്ഥതയോ ഗൗരവം കണക്കിലെടുത്തുള്ള അടിയന്തര നടപടിയോ വി.സിയുടെ (ശേഷം 4-ാം പേജിൽ)


KUNNATHA INJURY LAWYERS
Free Consultation/Case Evaluation
ATLANTA : 404 633 4200
CHICAGO: 312 757 4700
EXPERIENCE PERSONAL ATTENTION RESULTS
Salu K. Kunnatha
Reena Emmanuel
Joshua Opdycke
Dedicated Lawyers Handling Serious Injuries and Wrongful Death Cases
Over 50 years of Combined Experience
No legal fees until we collect compensation for you
Millions recovered for our clients each year!
ATLANTA
1800 Century Boulevard NE, Suite 1750 Atlanta, GA 30345 Ph: 404 633 4200
CHICAGO
708 Church St, Suite 235 Evanston, IL 60201 Ph: 312 757 4700
www.kunnathalaw.com


nella CONSULTING
ACCOUNTING | TAX | CONSULTING
TAX
FOR ALL YOUR PERSONAL AND BUSINESS TAX SERVICES
TOMY NELLAMATTAM, E.A.
Enrolled to Practice Before IRS
Nella Consulting Inc
755 Milwaukee Ave, Glenview, IL 60025
(847) 486-4112 (Office)
(847) 302-8556 (cell)
FREE ELECTRONIC FILING
FULL TIME IN ACCOUNTING & TAX SERVICES
Partner
ALVIN NELLA, CPA, MBA


JAIBU MATHEW KULANGARA
& ASSOCIATES
For Personal & Business
TAX SERVICE
Jaibu Mathew Kulangara, E.A.
Entrolled to Practice before IRS
Christine Mathew
Lead Associate
7215 W.Touhy,
Suite 6
CHICAGO, IL 60631
773 792 2117 OFFICE
847 298 0786 HOME
312 718 6337 CELL
773 792 2118 FAX
E-mail:tax@jaibu.com
Web:www.jaibu.com
TAX
Free Electronic Filing


Michael Crifase
Steve Crifase
LIFE MEMBER
MILLION DOLLAR ADVOCATES FORUM
The Top Trial Lawyers In America™
Trusted Representation
Achieves Aggressive Financial Results
Over $ 50M Recovered and Collected For Our Clients
Top AV Peer Review Rated Since 1991 For Pre-eminent Legal Ability and Professional Ethics
Free Confidential Consultation On All Matters
Home Visits Available
Personal Injuries-Wrongful Death - Work Injuries
Your call is Always Welcome
Crifase Law Firm
Michael Crifase and Steven Crifase
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago, IL 60603
312-855-0511
Serious Lawyers For Serious Cases
Call Today To See What Your Case Is Really Worth
Recent Financial Recoveries
For Our Clients And Their Families
$1,500,000.00 Jury Verdict Car Crash Neck Injury
$5,000,000.00 Car Crash – Brain Injury
$700,000.00 Medical Malpractice Stillborn Baby
$1,500,000.00 Wrongful Death – Car Crash
$750,000.00 Medical Malpractice – Fetal Injury
$600,000.00 Medical Malpractice – Fetal Injury
$200,000.00 Work Injury – Shoulder Surgery
$149,000.00 Slip and Fall – Knee Injury
$239,000.00 Work Injury – Shoulder Surgery
$190,000.00 Car Crash – Back Injury
$338,000.00 Work Injury – Shoulder/Wrist Surgery
We Want A Long Term Relationship With You
Steve Crifase
http://www.crifaselaw.com/
Steve@CrifaseLaw.com
Michael@CrifaseLaw.com
Crifase Law Firm, Ltd.
8 S. Michigan Avenue, Suite 2000
Chicago IL 60603
Phone: (312) 855-0511,
Fax: (312) 855- 0537
A+ Rating
BBB Better Business Bureau
AV PREEMINENT
Peer Rated for Highest Level of Professional Excellence 2018

# സർവകലാശാലാ ഭേദഗതി ബില്ലുകൾക്ക് രാഷ്ട്രപതി അനുമതി നല്കിയില്ല

തിരുവനന്തപുരം: കേരളത്തിലെ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്നു ഗവർണറെ പുറത്താക്കുന്നതിനുള്ള ബിൽ ഉൾപ്പെടെ നിയമസഭ പാസാക്കിയ മൂന്നു സർവകലാശാലാ ഭേദഗതി ബില്ലുകൾക്ക് രാഷ്ട്രപതി അനുമതി നൽകില്ല. മൂന്നു ബില്ലുകൾ തടഞ്ഞുവെക്കുമെന്ന രാഷ്ട്രപതിഭവനിൽനിന്നുള്ള അറിയിപ്പ് ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് രാജ്ഭവൻ അടിയന്തര പത്രക്കുറിപ്പിലൂടെ ഇക്കാര്യം അറിയിച്ചത്. ഫലത്തിൽ സർവകലാശാലാ ഭേദഗതിയുമായി ബന്ധപ്പെട്ട് കേരള നിയമസഭ പാസാക്കിയ അഞ്ചു ബില്ലുകൾ രാഷ്ട്രപതി തടഞ്ഞുവെക്കുന്ന സാഹചര്യമുണ്ടാകുമെന്നു വ്യക്തമായി.

സർവകലാശാലാ ചാൻസലർ കൂടിയായ ഗവർണർ, ഈ സ്ഥാനത്തിരുന്നാണു കേരള സർക്കാരുമായി തുറന്ന പോരു നടത്തുന്നത്. ഗവർണറുടെ തീരുമാനങ്ങൾക്കു കൂടുതൽ ശക്തി നൽകുന്നതാണ് രാഷ്ട്രപതിഭവനിൽനിന്നുള്ള തീരുമാനം. കേരള സർവകലാശാല രണ്ടാം നിയമഭേദഗതി ബില്ലിൽ കേരള, കാർഷിക, സംസ്കൃത, കണ്ണൂർ, കാലിക്കട്ട്, വെറ്ററിനറി, ആരോഗ്യ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്നു ഗവർണറെ പുറത്താക്കാനാണു നിർദേശിക്കുന്നത്.

ചാൻസലർ സ്ഥാനത്തുനിന്ന് ഗവർണറെ പുറത്താക്കുന്നതിനു സമാനമായ മൂന്നാം ഭേദഗതി ബിൽ കൂടി രാഷ്ട്രപതിയുടെ പരിഗണനയ്ക്ക് അയച്ചിരുന്നു. കുസാറ്റ്, ഫിഷറീസ്, മലയാളം, സാങ്കേതിക, ശ്രീനാരായണ ഗുരു ഓപ്പൺ സർവകലാശാലകളുടെ ചാൻസലർ സ്ഥാനത്തുനിന്നു ഗവർണറെ പുറത്താക്കാനുള്ള ബില്ലാണ് രണ്ടാമത്തേത്. ആദ്യബില്ലിന് അനുമതി നിഷേധിക്കുന്ന സാഹചര്യത്തിൽ രണ്ടാം ബില്ലിനും അനുമതി നൽകാനാകില്ല.

സർവകലാശാലാ അപ്പലേറ്റ് ട്രൈബ്യൂണൽ സ്ഥാനത്ത് ഹൈക്കോടതി നൽകുന്ന പാനലിൽനിന്ന് ജില്ലാ ജഡ്ജിയെ നിയമിക്കാനുള്ള ഗവർണറുടെ അധികാരം ഒഴിവാക്കി വിരമിച്ച ജഡ്ജിയെ നിയമിക്കാൻ സർക്കാരിന് അംഗീകാരം നൽകുന്ന ബില്ലാണ് രാഷ്ട്രപതി തടഞ്ഞ മറ്റൊരെണ്ണം.

ഇതിനു സമാനമായ മറ്റൊരു ബിൽകൂടി രാഷ്ട്രപതിയുടെ പരിഗണനയിലുണ്ട്. ഇതും ഫലത്തിൽ തടയപ്പെടുന്ന സാഹചര്യമുണ്ടാകും. ഇതോടെ നാലു ബില്ലുകൾ പാസാക്കാനാകാത്ത സാഹചര്യം വരും. ഇതു കൂടാതെ സാങ്കേതിക സർവകലാശാലയിൽ മുൻ എം.പി. പി.കെ. ബിജു ഉൾപ്പെടെ ആറ് സിൻഡിക്കറ്റ് അംഗങ്ങളെക്കൂടി നിയമിക്കാനുള്ള വ്യവസ്ഥയടങ്ങുന്ന ബില്ലും തടഞ്ഞുവെച്ചതിലുണ്ട്. ഇതോടെ ഗവർണർ അയച്ച അഞ്ചു സർവകലാശാലാ ബില്ലുകൾക്കും രാഷ്ട്രപതിയുടെ അനുമതി ലഭിക്കില്ലെന്ന് ഉറപ്പായി.

നിയമസഭ പാസാക്കിയ ഏഴു ബില്ലുകളാണ് കോടതി ഇടപെടലിനെത്തുടർന്നു കഴിഞ്ഞ നവംബറിൽ രാഷ്ട്രപതിയുടെ അംഗീകാരത്തിനു ഗവർണർ അയച്ചത്. ഇതിൽ ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്ന ബില്ലിന് രാഷ്ട്രപതി ദ്രൗപദി മുർമു അനുമതി നൽകിയിരുന്നു. മിൽമയുടെ ഭരണം സർക്കാരിന്റെ നിയന്ത്രണത്തിലാക്കാനുള്ള ബില്ലിനാണ് ഇനി തീരുമാനം വരാനുള്ളത്.

# പത്തനംതിട്ടയിൽ നിൽക്കാൻ അനുയോജ്യൻ ഞാൻതന്നെ: അനിൽ ആന്റണി

തിരുവനന്തപുരം: പത്തനംതിട്ട ലോക്സഭ മണ്ഡലത്തിൽ അനിൽ ആന്റണിയെ ബി.ജെ.പി. സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചതിനു പിന്നാലെ പി.സി. ജോർജ് നടത്തിയ പരാമർശങ്ങൾ വിവാദമായതിനു പിന്നാലെ പ്രതികരണവുമായി അനിൽ ആന്റണി. പത്തനംതിട്ടയെ പ്രതിനിധീകരിക്കാൻ അനുയോജ്യൻ താൻതന്നെയെന്ന് അനിൽ ആന്റണി. പി.സി. ജോർജിന്റെ പരാമർശം വിമർശനമായി തോന്നുന്നില്ലെന്നും അനിൽ ആന്റണി അഭിപ്രായപ്പെട്ടു. പത്തനംതിട്ടയിലെ മത്സരം നിസാരമായി കാണുന്നില്ലെന്നും അനിൽ പറയുന്നു. തെരഞ്ഞെടുപ്പിൽ നിൽക്കുമെന്ന് പ്രതീക്ഷിച്ചല്ല ബി.ജെ.പിയിൽ ചേർന്നത്. സ്ഥാനാർത്ഥികളെ നിശ്ചയിച്ചത് ദേശീയ നേതൃത്വമാണ്. ഇത് തന്റെ ആദ്യത്തെ തെരഞ്ഞെടുപ്പാണ് - ഒരു സ്വകാര്യ ചാനലിനു നൽകിയ അഭിമുഖത്തിൽ അനിൽ ആന്റണി പറഞ്ഞു.



ഇന്ത്യയ്ക്കൊപ്പം കേരളവും വളരണം. അതിന് നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ബി.ജെ.പിക്ക് മാത്രമേ കഴിയുകയുള്ളൂ. കേന്ദ്രസർക്കാരിന്റെ പദ്ധതികൾ പത്തനംതിട്ടയിൽ ആവിഷ്കരിക്കാൻ ഏറ്റവും അനുയോജ്യൻ ഞാൻതന്നെയെന്നതിൽ സംശയമൊന്നുമില്ല. അധികം താമസിയാതെ പ്രചാരണത്തിലേക്ക് ഇറങ്ങും - അനിൽ ആന്റണി പറഞ്ഞു. മുതിർന്ന കോൺഗ്രസ് നേതാവായ എ.കെ. ആന്റണിയുടെ മകനായ അനിൽ ആന്റണി ബി.ജെ.പി. ദേശീയ സെക്രട്ടറിയും വക്താവുമാണ്. ഈയിടെയാണ് ബി.ജെ.പിയുടെ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പ്രഖ്യാപിച്ചത്. പത്തനംതിട്ട മണ്ഡലത്തിൽ പി.സി. ജോർജ് ബി.ജെ.പി. സ്ഥാനാർത്ഥിയാകുമെന്ന് നേരത്തെ അഭ്യൂഹങ്ങൾ ഉയർന്നിരുന്നു. പത്തനംതിട്ടയിലെ ജനങ്ങൾക്ക് അനിൽ ആന്റണിയെ അറിയില്ലെന്നും കോൺഗ്രസിൽ ആയിരുന്നപ്പോഴും ഡൽഹി കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന അനിൽ ആന്റണിക്ക് കേരളവുമായി ഒരു ബന്ധവും ഇല്ലെന്നും സ്ഥാനാർത്ഥിയെ പരിചയപ്പെടുത്തേണ്ട അവസ്ഥ ആണുള്ളതെന്നുമാണ് പി.സി. ജോർജ് പറഞ്ഞത്. അടുത്തിടെയാണ് പി.സി. ജോർജും മകൻ ഷോൺ ജോർജും ബി.ജെ.പിയിൽ ചേർന്നത്.

# വീണ്ടും കാട്ടാന; മഞ്ഞൾ പറിക്കുന്നതിനിടെ വയോധിക കൊല്ലപ്പെട്ടു

കോതമംഗലം: വീടിനോടു ചേർന്നുള്ള കൃഷിയിടത്തിൽ മഞ്ഞൾ പറിക്കുന്നതിനിടെ കാട്ടാനയുടെ ആക്രമണത്തിൽ വയോധിക കൊല്ലപ്പെട്ടു. അടിമാലി പഞ്ചായത്തിലെ കാഞ്ഞിരവേലി മുണ്ടോങ്കണ്ടത്തിൽ രാമകൃഷ്ണന്റെ ഭാര്യ ഇന്ദിര രാമകൃഷ്ണൻ (72) ആണ് മരിച്ചത്. മാർച്ച് നാലിന് രാവിലെ ഒമ്പതു മണിയോടെ കൃഷിയിടത്തിൽ ആടിനെ കെട്ടുന്നതിനിടെയാണ് ഇന്ദിരയ്ക്കു നേരെ കാട്ടാനയുടെ ആക്രമണം ഉണ്ടായത്. ഓടി രക്ഷപ്പെടാൻ ശ്രമിച്ചെങ്കിലും വീണുപോയ ഇന്ദിരയെ കാട്ടാന ആക്രമിക്കുകയായിരുന്നു. ഓടിക്കൂടിയ വീട്ടുകാരും സമീപവാസികളും ചേർന്ന് കോതമംഗലം താലൂക്ക് ആശുപത്രിയിൽ എത്തിച്ചെങ്കിലും മരണം സംഭവിച്ചിരുന്നു.



കാട്ടാനയുടെ ആക്രമണത്തിൽ ഇന്ദിര കൊല്ലപ്പെട്ട സംഭവത്തിൽ കോതമംഗലത്ത് പ്രതിഷേധം നടന്നു. ടൗണിൽ കോൺഗ്രസ് നേതാക്കളായ മാത്യു കുഴൽനാടന്റെയും ഡീൻ കുര്യാക്കോസിന്റെയും നേതൃത്വത്തിലാണ് പ്രതിഷേധ മാർച്ച് നടന്നത്. പ്രതിഷേധത്തിനിടെ പോലീസുമായി ഉന്തും തള്ളുമുണ്ടായി, പോലീസ് ഗോ ബാക്ക് എന്ന മുദ്രാവാക്യവുമായി പ്രതിഷേധക്കാർ തെരുവിലിറങ്ങി. വന്യമൃഗ ശല്യത്തിന് പരിഹാരമുണ്ടാക്കിയ ശേഷം മതി ഇന്ദിരയുടെ പോസ്റ്റ്മോർട്ടമെന്ന് കുടുംബവും അറിയിച്ചു. ബലം പ്രയോഗിച്ചാണ് മോർച്ചറിയിൽ നിന്ന് മൃതദേഹം പ്രതിഷേധത്തിനായി കൊണ്ടുപോയതെന്നാണ് വിവരം. പോലീസും നേതാക്കളുമായി വാക്കുതർക്കമുണ്ടായി. ഇൻക്വസ്റ്റിന് വെച്ച മൃതദേഹവുമായി പ്രതിഷേധത്തിനിറങ്ങുന്നത് ശരിയല്ലെന്ന് പോലീസ് നേതാക്കളോട് പറഞ്ഞു. തുടർന്ന് പോലീസും നേതാക്കളും തമ്മിൽ വാക്കുതർക്കമുണ്ടായി. നടുറോഡിൽ മൃതദേഹത്തെ അപമാനിച്ചതിന് പോലീസ് കണക്കു പറയേണ്ടിവരുമെന്ന് ഡീൻ കുര്യാക്കോസ് കയർത്തു. മന്ത്രിമാർ സ്ഥലത്തെത്തിയ ശേഷം മാത്രമേ പ്രതിഷേധം അവസാനിപ്പിക്കൂ എന്നും നേതാക്കൾ അറിയിച്ചു.

# വി.സിക്ക് സസ്പെൻഷൻ

(ഒന്നാം പേജിൽ നിന്നും)

ഭാഗത്തുനിന്ന് ഉണ്ടായിട്ടില്ലെന്നും ഉത്തരവിൽ കുറ്റപ്പെടുത്തുന്നു. പൂക്കോട് വെറ്ററിനറി സർവകലാശാലാ ക്യാംപസിൽ എസ്.എഫ്.ഐ. നേതാക്കളുൾപ്പെടെയുള്ളവരുടെ ആൾക്കൂട്ട വിചാരണയ്ക്കും ക്രൂരമർദനത്തിനും ഇരയായ രണ്ടാം വർഷ ബിരുദ വിദ്യാർത്ഥി ജെ.എസ്. സിദ്ധാർഥനെ തൂങ്ങിമരിച്ച നിലയിൽ കണ്ടെത്തിയ സംഭവത്തിൽ 18 പ്രതികളും പോലീസ് പിടിയിലായി. കോളജ് യൂണിയൻ പ്രസിഡണ്ട് കെ. അരുണും എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി അമൽ ഇഹ്സാനും ഫെബ്രുവരി 29-ന് രാത്രി അന്വേഷണ ഉദ്യോഗസ്ഥനായ കൽപറ്റ ഡി.വൈ.എസ്.പിയുടെ മുൻപിൽ കീഴടങ്ങുകയായിരുന്നു. ഒന്നാം പ്രതിയായ പി.എച്ച്.ഡി. വിദ്യാർത്ഥി പട്ടാമ്പി ആമയൂർ കോട്ടയിൽ വീട്ടിൽ കെ. അഖിലിനെ (28) പാലക്കാട്ടെ ബന്ധുവീട്ടിൽനിന്നാണ് അറസ്റ്റ് ചെയ്തത്.

സിദ്ധാർഥന്റെ മരണത്തെക്കുറിച്ച് അന്വേഷിക്കാൻ പ്രത്യേക സംഘം രൂപീകരിക്കാൻ മുഖ്യമന്ത്രി പിണറായി വിജയൻ സംസ്ഥാന പോലീസ് മേധാവിക്കു നിർദേശം നൽകി. പ്രതികൾക്കെതിരെ ശക്തമായ നടപടി സ്വീകരിക്കാനും മുഖ്യമന്ത്രി നിർദേശിച്ചു. വയനാട് ജില്ലാ പോലീസ് മേധാവിക്കാണ് അന്വേഷണ ചുമതല.

കോളജിൽ വാലന്റൈൻസ് ദിനാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ തമ്മിൽ ചില പ്രശ്നങ്ങളുണ്ടായെന്നും സീനിയർ വിദ്യാർത്ഥികൾ സിദ്ധാർഥനെ മർദിച്ച് കെട്ടിത്തൂക്കിയെന്നുമാണു കുടുംബത്തിന്റെ ആരോപണം. കോളജ് അധികൃതരല്ല, ഒരു സഹപാഠിയാണു മരണവിവരം കുടുംബത്തെ അറിയിച്ചത്.

കോളജ് അധികൃതരുടെ ഭീഷണി മൂലമാണു വിദ്യാർത്ഥികൾ സത്യം പുറത്തുപറയാത്തതെന്നും എസ്.എഫ്.ഐ. യൂണിറ്റ് സെക്രട്ടറി അമൽ ഇസ്ഹാൻ, കോളജ് യൂണിയൻ ചെയർമാൻ കെ. അരുൺ, യൂണിയൻ അംഗം ആസിഫ് ഖാൻ എന്നിവരുൾപ്പെടെയുള്ള പ്രതികളെ പോലീസുമായി ചേർന്ന് സംരക്ഷിക്കുകയാണെന്നും സിദ്ധാർഥന്റെ മാതാപിതാക്കളായ ടി. ജയപ്രകാശും എം.ആർ. ഷീബയും ആരോപിച്ചു.

കഴിഞ്ഞ 18-നാണ് തിരുവനന്തപുരം, നെടുമങ്ങാട് സ്വദേശി സിദ്ധാർഥനെ ഹോസ്റ്റൽ ഡോർമെറ്ററിയിലെ ശൗചാലയത്തിൽ തൂങ്ങിമരിച്ചനിലയിൽ കണ്ടെത്തിയത്. ആത്മഹത്യയെന്നായിരുന്നു പ്രാഥമിക നിഗമനം. എന്നാൽ, മരണത്തിനു മുമ്പ് സിദ്ധാർഥ് ക്രൂരമർദനത്തിനിരയായിരുന്നെന്ന പോലീസ് സർജന്റെ റിപ്പോർട്ട് കേസിൽ വഴിത്തിരിവായി.

പൂക്കോട് സർവകലാശാലയിലെ വിദ്യാർത്ഥിയുടെ മരണവുമായി ബന്ധപ്പെട്ട് മാർച്ച് നാലിന് കെ.എസ്.യു-എംഎസ്എഫ് പ്രവർത്തകർ നടത്തിയ മാർച്ചിൽ പ്രതിഷേധ മാർച്ചിൽ സംഘർഷമുണ്ടായി. പോലീസിനു നേർക്കു കല്ലേറും പോലീസ് ലാത്തിച്ചാർജും നടത്തി. കണ്ണീർ വാതകവും ജലപീരങ്കിയും പ്രയോഗിച്ചു. പ്രവർത്തകർ ബാരിക്കേട് തകർക്കുകയും പോലീസിനു നേരെ കല്ലെറിയുകയും ചെയ്തു. ലാത്തിച്ചാർജിൽ നിരവധി പേർക്കു പരുക്കേറ്റു.

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago

3425 Cleveland St,
Skokie, Illinois 60076
Tel: 630 728 7956
eFax: 773.304.1917

Volume XXXII
Number 10
March 08, 2024

*Chief Editor*
K.M. Eapen

*Executive Editor*
Jose Kaniyaly

*Managing Editors*
Joseph Mathew
K.O. Jose, C.P.A.
Titus Eapen

*Circulation Manager*
Ajith Eapen

*Office Administration*
Anish Eapen

*Legal Advisor*
Selma C. D'souza

*Manager*
K.M. Thimothy

*Overseas Office*
KERALA EXPRESS
KMC 172-A
C.M.S. College Jn.
Kottayam - 686001
Kerala, India
Tel : + 91 481-2561203

*Co-ordinating Editor*
Mani Samuel

*News Editor*
Mini Mani

*Graphics*
Samuel Mani

*Consultant Editor*
Prof. Babu Poozhikunnel

*Special Correspondent*
Anil Pennukkara

KERALA EXPRESS (USPS 011-008)
is published Weekly for $54.00 per year
by Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

**Periodicals Postage Paid Chicago, Illinois and additional mailing offices**

**POST MASTER:**
Send Address Changes to
Kerala Express, Grace Publications, Inc.
3425 Cleveland St,
Skokie, Illinois 60076.

DISCLAIMER
The advertisements and articles published in Kerala Express denote the views and ideas expressed by the concerned authors or advertisers. Kerala Express is not responsible for the authenticity of articles or advertisements and readers are requested to verify any offers etc. directly with advertiser or author.

**മഹദ്വചനം**


മോശമായ നാവ് ശക്തമായ വാളിനേക്കാളും മൂർച്ചയേറിയതാകുന്നു.

**സർ ഫിലിപ്പ് സിഡ്നി**

പ്രതീക്ഷയിൽ ജീവിക്കുന്നവന് നൃത്തംവെക്കാൻ സംഗീതം വേണമെന്നില്ല.

**ജോർജ് ഹെർബർട്ട്**


St. Jude Knanaya Catholic Church South Florida
Marian Pilgrimage to
Europe
PARIS, LOURDES, AVILA, FATIMA, LISBON,
ROME, VATICAN, ASSISI, PADUA, VENICE,
MILAN, LUCERNE, ENGELBERG, MEDJUGORJE
14 DAYS
TOUR DATES: 28 SEP - 11 OCT 2024
Spiritual Guidance
FR. SAJI PINARKAYIL
1117NW 6th avenue Fort Lauderdale Florida 33311
New York: 1700 Central Park, Suite E Yonkers, New York 10710
Florida: 9710 Strling Road, Suite 109 Cooper City, FL-33024
CALL: +1 (914) 720-2051 , +1 (224) 659-6586
FAITH HOLIDAYS
America's Finest Tour Operator


നിങ്ങൾ ഇന്നും
പുനരുദ്ധാനത്തിൽ
വിശ്വസിക്കുന്നുവോ ?
Do you still believe in
bodily resurrection?
ഈ സുപ്രധാന ചോദ്യത്തിനു
മറുപടി നൽകുന്ന പുസ്തകം.
ഇംഗ്ലീഷ് ആമസോണിൽ
ലഭ്യമാണ്.
മലയാളം ഞങ്ങളിൽ നിന്നും
ലഭിക്കും.
വില $15.00
RETHINKING RESURRECTION
A Closer Look at the Future Hope of All Believers
SUNNY PHILIP
DR. SUNNY PHILIP
Pastor, author,
conference speaker
Gateway Christian Missions | 1862 Meadowbrook Rd | Merrick |NY 11566
(516) 286-0345 | sphilipnyc@gmail.com | www.touchnations.com


MEDICARE SUPPLEMENTS & ADVANTAGE PLANS
GET YOUR MEDICARE QUESTIONS ANSWERED
MEDICARE
Medicare coverage can be confusing and it is important
to make the best decision for you and your health.
There are four different parts of Medicare:
Part A
Hospital Insurance
Part C
$0 Premium Medicare
Advantage Plans
Part B
Medical Insurance
Part D
Prescription Drug
Coverage
Medicare Supplement Plans Offered by
Various Companies at competitive Rates
CALL or TEXT
RAJ SURENDRAN
Senior Medicare Specialist
Investment Advisor Representative, MBA
708-945-3985
www.questwealthgroup.com
Quest Wealth Management Inc.
rsurendran007@gmail.com
There is no obligation,
All consultations are complimentary!

കേരളാ എക്സ്പ്രസ്
KERALA EXPRESS
അമേരിക്കൻ മലയാളികളുടെ സമ്പൂർണ്ണ വാർത്താവാരിക
Weekly Newspaper National Edition From Chicago


# ഇന്ത്യാ സമുദ്രം വിട്ടുകൊടുക്കാതെ ഇന്ത്യയുടെ ത്രിതല നീക്കം

ന്യൂഡൽഹി: മാലദ്വീപിലെ ഇന്ത്യൻ സൈനിക സാങ്കേതിക വിദഗ്ധരെ പിൻവലിക്കുന്നതിനു പകരമായി സിവിലിയൻ വിദഗ്ധന്മാർ. ഒപ്പം ഇന്ത്യയുമായി സൈനിക സഹകരണസൗകര്യങ്ങൾ തയാറാക്കി മൊറീഷ്യസ്. ലക്ഷദ്വീപിലെ മിനിക്കോയിയിൽ നിലവിലുള്ള ചെറുതാവളം വിപുലമാക്കി ഉടനെ ഉദ്ഘാടനം. മൂന്നു നീക്കങ്ങളും ഏതാണ്ട് ഒരേ സമയത്ത് സംഘടിപ്പിച്ച് ശക്തമായ പ്രഖ്യാപനമാണ് ഇന്ത്യൻ നാവികസേന നടത്തുന്നത് - എവിടെയെങ്കിലും ഒരു ചുവടു പിഴച്ചാലും മറ്റു ചുവടുകൾ ഉറപ്പിച്ച് ഇന്ത്യാ സമുദ്രത്തിലുള്ള മേൽക്കൈ വിട്ടുകൊടുക്കാൻ ഇന്ത്യ തയാറല്ല.

രണ്ടുമാസം മുൻപു മാലദ്വീപിൽ ഇന്ത്യാവിരുദ്ധ ജനവികാരം ഉയർത്തി അധികാരത്തിലെത്തിയ പ്രസിഡണ്ട് മുയ്സുവിന്റെ ആവശ്യപ്രകാരമാണ് ഇന്ത്യ നിർമിച്ചു നൽകിയ തീരദേശ റഡാർ ശൃംഖലയും പര്യവേക്ഷണ ഹെലികോപ്റ്ററും പട്രോൾ ബോട്ടും പ്രവർത്തിപ്പിക്കുന്ന സൈനിക സാങ്കേതിക വിദഗ്ധരെ പിൻവലിക്കാൻ ഇന്ത്യ നിർബന്ധിതമായത്. ചർച്ചകളെത്തുടർന്ന് സിവിലിയൻ വിദഗ്ധരെ പകരം അയയ്ക്കാൻ മാലദ്വീപ് സർക്കാർ അനുവദിക്കുകയായിരുന്നു.

മാലദ്വീപിൽ ഉണ്ടായ കോട്ടം തീർക്കാനെന്നവണ്ണം അൽപം കൂടി തെക്കു പടിഞ്ഞാറുള്ള മൊറീഷ്യസുമായി നേരത്തെ നിലവിലുള്ള ധാരണയനുസരിച്ച് പുതിയ സാമുദ്രികശാക്തിക നിക്ഷേപത്തിന് ഇന്ത്യ നീങ്ങുകയായിരുന്നു. ഇന്ത്യൻ സഹായത്തോടെ മൊറീഷ്യസിലെ അഗലേഗ ദ്വീപിൽ നിർമിച്ചുവന്ന എയർസ്ട്രിപ്പിന്റെയും പട്രോൾ ബോട്ടുകൾക്ക് താവളമാകാൻ സൗകര്യമുള്ള ജെട്ടിയുടെയും നിർമാണം വേഗം പൂർത്തീകരിച്ച് ഫെബ്രുവരി 29-ന് ഇരു രാജ്യങ്ങളുടെയും പ്രധാനമന്ത്രിമാർ സംയുക്തമായി ഉദ്ഘാടനം ചെയ്തു.

ഉദ്ഘാടനത്തോടനുബന്ധിച്ച് മൊറീഷ്യസ് പ്രധാനമന്ത്രി പ്രവിന്ദ് ജഗ്നാഥ് പുറപ്പെടുവിച്ച പ്രസ്താവനയിൽ തന്റെ രാജ്യത്തും പുറത്തുമുള്ള ഇന്ത്യാവിരുദ്ധരെ വിമർശിച്ചത് മാലദ്വീപിനുള്ള സന്ദേശമായി കരുതപ്പെടുന്നു. എയർസ്ട്രിപ്പിന്റെ നിർമാണം മൊറീഷ്യസിലെ ഇന്ത്യാവിരുദ്ധരുടെ എതിർപ്പു കാരണം രണ്ടു ദശകത്തോളമായി മുടങ്ങിക്കിടക്കുകയായിരുന്നു. 2015-ൽ മോദിയുടെ സന്ദർശനത്തെ തുടർന്നാണ് വീണ്ടും ചർച്ച നടന്നത്.

ഒപ്പം, അഗലേഗ ദ്വീപിന്മേൽ മൊറീഷ്യസിനുള്ള പരമാധികാരം വിട്ടുകൊടുത്തിട്ടില്ലെന്ന് ജഗ്നാഥ് വിമർശകർക്ക് നൽകുന്ന ഉറപ്പെന്നവണ്ണം ആവർത്തിക്കുകയും ചെയ്തു. ലക്ഷദ്വീപസമൂഹത്തിൽ മാലദ്വീപിനോട് ഏറ്റവും അടുത്തുകിടക്കുന്ന മിനിക്കോയിയിൽ നിർമിച്ചുവരികയായിരുന്ന ഐ.എൻ.എസ്. ജടായു എന്ന നാവികത്താവളം അടുത്തയാഴ്ച ഉദ്ഘാടനം ചെയ്യാനും നീക്കമുണ്ട്.

തൽക്കാലം ഒരു നാവികഹെലികോപ്റ്റർ താവളമായി ആരംഭിച്ച് കിഴക്ക് ആൻഡമാനിലെ താവളംപോലെ പടിഞ്ഞാറൻ കടലിലെ കാവൽത്താവളമാക്കി മാറ്റാനാണ് ഉദ്ദേശ്യമെന്ന് അറിയുന്നു. മിനിക്കോയിയിൽ പുതിയൊരു എയർസ്ട്രിപ്പ് താമസിയാതെ നിർമിക്കും.

## രാജ്യസഭാംഗങ്ങളുടെ ആകെ ആസ്തി 19,602 കോടി രൂപ

ന്യൂഡൽഹി: രാജ്യസഭയിലെ 225 സിറ്റിംഗ് എം.പിമാരുടെ ആകെ ആസ്തി 19.602 കോടി രൂപ. 31 എം.പിമാർ (14 ശതമാനം) ശതകോടീശ്വരന്മാരാണ്. അസോസിയേഷൻ ഫോർ ഡെമോക്രാറ്റിക് റിഫോംസ് (എ.ഡി.ആർ.) ആണ് ഇക്കാര്യം അറിയിച്ചത്. 233 രാജ്യസഭാംഗങ്ങളിൽ 225 പേരുടെ ആസ്തിയാണ് വിലയിരുത്തിയത്. കാശ്മീരിലെ നാലും മഹാരാഷ്ട്രയിലെ ഒന്നും സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. സത്യവാങ്മൂലം ലഭിക്കാത്തതിനാൽ മൂന്ന് എം.പിമാരുടെ സ്വത്തുവിവരങ്ങൾ ലഭ്യമല്ല.

രാജ്യസഭാംഗങ്ങളുടെ ശരാശരി ആസ്തി 87.12 കോടി രൂപയാണ്. 25 എം.പിമാർ 100 കോടിക്കു മുകളിൽ ആസ്തിയുള്ളവരാണ്. ഇതിൽ ബി.ജെ.പിക്കാരാണു മുന്നിൽ- 9. വൈ.എസ്.ആർ കോൺഗ്രസിന്റെ 11 എം.പിമാരിൽ അഞ്ചുപേരും ടി.ആർ.എസിന്റെ നാല് എം.പിമാരിൽ മൂന്നുപേരും ശതകോടീശ്വരന്മാരാണ്. 90 ബി.ജെ.പി. എം.പിമാരുടെ ശരാശരി ആസ്തി 37.34 കോടി രൂപയാണ്; കോൺഗ്രസിന്റെ 28 എം.പിമാരുടേത് 40.70 കോടി രൂപയും.

അതേസമയം, നാല് ടി.ആർ.എസ്. രാജ്യസഭാ എംപിമാരുടെ ശരാശരി ആസ്തി 1383.74 കോടി രൂപയാണ്. 75 (33 ശതമാനം) രാജ്യസഭാ എം.പിമാർക്കെതിരെ ക്രിമിനൽ കേസുണ്ട്. 40 (18 ശതമാനം) പേർക്കെതിരെ കൊലപാതകം, വധശ്രമം എന്നിവ ഉൾപ്പെടെയുള്ള ഗുരുതര ക്രിമിനൽ കേസുകളാണുള്ളത്. ബി.ജെ.പിയുടെ 90 എം.പിമാരിൽ 23 ശതമാനം പേർക്കെതിരെയും കോൺഗ്രസിന്റെ 28 എം.പിമാരിൽ 50 ശതമാനം പേർക്കെതിരെയും ക്രിമിനൽ കേസുണ്ട്.

സി.പി.എമ്മിന്റെ അഞ്ച് എം.പിമാരിൽ നാലു പേർക്കെതിരെയും ക്രിമിനൽ കേസുണ്ട്. ഇതിൽ രണ്ടു പേർക്കെതിരെ ഗുരുതര ക്രിമിനൽ കേസുകളാണുള്ളത്.

## പ്രചാരണത്തിൽ മാന്യത പാലിക്കണമെന്ന് തെര. കമ്മീഷൻ

ന്യൂഡൽഹി: തെരഞ്ഞെടുപ്പ് പ്രചാരണത്തിൽ മാന്യത പാലിക്കണമെന്നും മാതൃകാ പെരുമാറ്റച്ചട്ടം പ്രത്യക്ഷമായോ പരോക്ഷമായോ ലംഘിച്ചാൽ കടുത്ത നടപടിയുണ്ടാകുമെന്നും രാഷ്ട്രീയ പാർട്ടികൾക്ക് തെരഞ്ഞെടുപ്പ് കമ്മീഷന്റെ മുന്നറിയിപ്പ്. പെരുമാറ്റച്ചട്ടം പരോക്ഷമായും ലംഘിക്കരുതെന്ന് താരപ്രചാരകർക്കും സ്ഥാനാർത്ഥികൾക്കും പ്രത്യേക നിർദേശമുണ്ട്.

ജാതി, സമുദായ വികാരങ്ങളുടെ അടിസ്ഥാനത്തിൽ വോട്ട് അഭ്യർത്ഥന പാടില്ല. വിവിധ സമൂഹങ്ങൾക്കിടയിൽ സ്പർധ വളർത്തുന്ന പ്രവർത്തനങ്ങളും പാടില്ല.

പ്രചാരണത്തിനോ തെരഞ്ഞെടുപ്പിനോ ആരാധനാലയങ്ങളെ ഉപയോഗിക്കരുത്. ആരാധനാമൂർത്തിയും ഭക്തനും തമ്മിലുള്ള ബന്ധത്തെ അപമാനിക്കുന്ന പരാമർശങ്ങൾ പാടില്ല. വോട്ടർമാരെ തെറ്റിദ്ധരിപ്പിക്കാൻ രാഷ്ട്രീയ പാർട്ടികളോ നേതാക്കളോ തെറ്റായ പ്രസ്താവനകൾ നടത്തരുത്.

നേതാക്കളുടെയോ പ്രവർത്തകരുടെയോ പൊതുപ്രവർത്തനവുമായി ബന്ധമില്ലാത്ത വ്യക്തിജീവിതത്തെ വിമർശിക്കരുത്. തരംതാണ നിലവാരത്തിലുള്ള വ്യക്തിപരമായ ആക്രമണങ്ങൾ പാടില്ല.

സ്ത്രീകളുടെ അന്തസ്സിനെയും അഭിമാനത്തെയും ഹനിക്കുന്ന പരാമർശങ്ങൾ, പ്രവർത്തനങ്ങൾ, നടപടികൾ എന്നിവയിൽ നിന്നു വിട്ടുനില്ക്കണം. തെറ്റിദ്ധരിപ്പിക്കുന്നതും പരിശോധിക്കാത്തതുമായ പരസ്യങ്ങൾ മാധ്യമങ്ങൾക്ക് നല്കരുത്. എതിരാളികളെ അപമാനിക്കുകയും അധിക്ഷേപിക്കുകയും ചെയ്യുന്ന സാമൂഹിക മാധ്യമ പോസ്റ്റുകൾ പാടില്ല.

## ട്രഷറിയിലേക്ക് ജനങ്ങളുടെ നിക്ഷേപം തേടി സർക്കാർ

തിരുവനന്തപുരം: സാമ്പത്തിക വർഷാവസാനത്തെ ചെലവുകൾക്കു പണം കണ്ടെത്താൻ സർക്കാർ ജനങ്ങളിൽനിന്നു പ്രത്യേക പലിശ നിരക്കിൽ നിക്ഷേപം സ്വീകരിക്കുന്നു. 91 ദിവസ കാലാവധിയിൽ മാർച്ച് മാസം 25 വരെ ട്രഷറിയിൽ പണം നിക്ഷേപിക്കുന്നവർക്ക് 7.5 ശതമാനം എന്ന ഏറ്റവും ഉയർന്ന പലിശ ലഭിക്കും. ഇതുവരെ രണ്ട് വർഷത്തിലേറെയുള്ള നിക്ഷേപത്തിനു മാത്രമാണ് ഈ നിരക്ക് നൽകിയിരുന്നത്.

ഈ നിക്ഷേപം പിന്നീട് കേരളത്തിന്റെ കടമെടുപ്പു പരിധിയിൽനിന്നു കേന്ദ്രം വെട്ടിക്കുറയ്ക്കുമെങ്കിലും തൽക്കാലം വേറെ നിവൃത്തിയില്ല. കുറഞ്ഞ കാലയളവിലേക്ക് ഉയർന്ന പലിശ ലഭിക്കുമെന്നതിനാൽ നിക്ഷേപകർക്കും ഇത് അവസരമാണ്. ഒരു ലക്ഷം രൂപയ്ക്ക് മൂന്ന് മാസത്തേക്ക് 1875 രൂപ പലിശ.

മുൻപ് 2021-ൽ ട്രഷറി പലിശ നിരക്ക് കുത്തനെ കുറച്ചപ്പോൾ, അതു പ്രാബല്യത്തിലാകുന്നതിനുമുൻപ് ഉയർന്ന പലിശനിരക്കിൽ പണം നിക്ഷേപിക്കാൻ വൻ തിരക്കായിരുന്നു. ഒറ്റയടിക്ക് 3000 കോടി രൂപയാണ് അന്നു നിക്ഷേപം ലഭിച്ചത്.

## കാമ്പസിലെ കൊടുംക്രൂരതകൾ

കേരള വെറ്ററിനറി ആൻഡ് അനിമൽ സയൻസസ് സർവകലാശാല പൂക്കോട് കാമ്പസിലെ രണ്ടാം വർഷ ബി.വി.എസ്.സി. വിദ്യാർത്ഥിയും നെടുമങ്ങാട് സ്വദേശിയുമായ ജെ.എസ്. സിദ്ധാർഥനെ ജീവനൊടുക്കിയ നിലയിൽ കണ്ടെത്തിയത് ഫെബ്രുവരി 18-നാണ്. ഹോസ്റ്റൽ ഡോർമെറ്ററിയിലെ ശൗചാലയത്തിൽ തൂങ്ങിമരിച്ചനിലയിലാണ് കണ്ടെത്തിയത്. ആത്മഹത്യയെന്ന പ്രാഥമിക നിഗമനം പോലീസ് സർജന്റെ റിപ്പോർട്ടോടെ തിരുത്തപ്പെട്ടു. മരണത്തിനു മുമ്പായി സിദ്ധാർഥിനു ക്രൂരമർദനം ഏൽക്കേണ്ടിവന്നതായാണ് റിപ്പോർട്ട്. അതേക്കുറിച്ചുള്ള അന്വേഷണത്തിലാണ് എസ്.എഫ്.ഐ. നേതാക്കൾ ഉൾപ്പെടെയുള്ളവർ നടത്തിയ അവിശ്വസനീയമായ കാമ്പസ് വിചാരണയുടെയും ഭീകരമർദനത്തിന്റെയും ഭീഷണിയുടെയുമൊക്കെ നടുക്കുന്ന യാഥാർത്ഥ്യങ്ങൾ പുറത്തുവന്നത്. ഹോസ്റ്റലിലെ 130 വിദ്യാർത്ഥികളുടെ കൺമുന്നിലാണ് സിദ്ധാർഥനെ നഗ്നനാക്കി മർദിച്ചത്. ഒരു വിദ്യാർത്ഥിയും ഇടപെട്ടില്ല. സംഭവം പുറത്തുപറഞ്ഞാൽ തലയുണ്ടാകില്ലെന്നായിരുന്നുവത്രേ ഭീഷണി. രണ്ടു ബെൽറ്റുകൾ പൊട്ടുന്നതുവരെ മർദിച്ചെന്നും ഇരുമ്പുകമ്പിയും വയറുകളും പ്രയോഗിച്ചെന്നുമാണ് പുറത്തുവന്ന വാർത്തകൾ. 14-ന് വാലന്റൈൻസ് ഡേയിൽ സീനിയർ വിദ്യാർത്ഥിനികൾക്കൊപ്പം നൃത്തം ചെയ്തതാണ് സിദ്ധാർഥൻ ചെയ്ത കുറ്റം. അന്നുമുതൽ മരണം വരിച്ച 18-ന് രാവിലെവരെ മർദിക്കുകയും ഭക്ഷണവും വെള്ളവും വരെ നിഷേധിക്കുകയും ചെയ്തെന്നാണ് വിദ്യാർത്ഥികളുടേതായി വന്ന വെളിപ്പെടുത്തലുകൾ. സിദ്ധാർഥൻ അപമര്യാദയായി പെരുമാറിയെന്നാരോപിച്ച് വിദ്യാർത്ഥിനിയെക്കൊണ്ടു പ്രതികൾ പരാതി കൊടുപ്പിച്ചെന്ന വെളിപ്പെടുത്തലിനെക്കുറിച്ചും പോലീസ് അന്വേഷിക്കട്ടെ.

കോളജിൽ വാലന്റൈൻസ് ദിനാഘോഷത്തോടനുബന്ധിച്ച് വിദ്യാർത്ഥികൾ തമ്മിൽ ചില പ്രശ്നങ്ങൾ ഉണ്ടാകുകയും സീനിയർ വിദ്യാർത്ഥികൾ സിദ്ധാർഥിനെ മർദിച്ചു കെട്ടിത്തൂക്കിയെന്നുമാണ് കുടുംബത്തിന്റെ ആരോപണം. സംഭവത്തിൽ എസ്.എഫ്.ഐ. യൂണിറ്റ് കമ്മിറ്റിയംഗം അടക്കമുള്ളവരെ അറസ്റ്റ് ചെയ്തു.

പ്രതികളായ നാല് എസ്.എഫ്.ഐ.ക്കാരെ സംഘടനയിൽനിന്നു പുറത്താക്കിയതായി സംസ്ഥാന സെക്രട്ടറി പി.എം. ആർഷോ പറയുകയുണ്ടായി. സംഭവം നടന്ന് പതിനൊന്നു ദിവസത്തിനുശേഷം പിടിക്കപ്പെട്ടപ്പോൾ മുഖം രക്ഷിക്കാനായി നടത്തുന്ന ഇത്തരം നാടകങ്ങൾ എന്തു സന്ദേശമാണ് നാടിനു നൽകുന്നത്? എങ്ങനെയാണ് ഇവരെല്ലാം ഇത്രയ്ക്കു ക്രിമിനൽ മനോഭാവമുള്ളവരായി മാറിയത്? അതിനുള്ള ഉത്തരവും അത്തരക്കാർ ഇനി ഉണ്ടാകാതിരിക്കാനുള്ള നടപടിയുമാണ് ആവശ്യം. ഇത്തരം കലാലയമുറ്റങ്ങളിൽനിന്നാണ് നാളെ നാടിനെ നയിക്കേണ്ട യുവതലമുറ വളർന്നു വരേണ്ടത്. സഹപാഠിയെ ഹോസ്റ്റലിലെ മറ്റ് 130 വിദ്യാർത്ഥികളുടെ മുന്നിൽ നഗ്നനാക്കി നിർത്തി രണ്ടു ബെൽറ്റുകൾ മുറിയുന്നതുവരെ മർദിക്കാനുള്ള ക്രൂരത ഇവരിൽ എങ്ങനെയുണ്ടായി?

റാഗിങ്ങിന്റെ പേരിലുള്ള കൊടുംക്രൂരതകൾ പലപ്പോഴായി കേരളം കണ്ടിട്ടുണ്ട്. എന്നാൽ, വീട്ടിലേക്ക് പോയ സഹപാഠിയെ വിളിച്ചുവരുത്തി ഈ വിധം പ്രവർത്തിച്ചവരുടെ ക്രൂരതയ്ക്കു സമാനതകളില്ല. ഇവരുടെ മനോനില പേടിപ്പെടുത്തുന്നതാണ്. കാമ്പസിൽ പല മുതിർന്ന വിദ്യാർത്ഥികളും മയക്കുമരുന്ന് ഉപയോഗിക്കുന്നതു കണ്ടിട്ടുള്ളതായി സിദ്ധാർഥ് വീട്ടിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ കാമ്പസുകളിൽ അക്രമവാസനയുള്ളവരും ലഹരിക്ക് അടിമകളായവരും വർധിക്കുന്നതിന്റെ സൂചനയായും ഈ സംഭവത്തെ കാണാം. ഹോസ്റ്റൽ നടുമുറ്റത്ത് നടന്ന ആൾക്കൂട്ട വിചാരണ തടയാൻ ഒരാളുമുണ്ടായില്ലെന്നത് അമ്പരപ്പിക്കുന്നതായി. തെറ്റുകൾക്കും അതിക്രമങ്ങൾക്കുമെതിരെ പലർക്കും ആവേശവും സത്യസന്ധതയും മുദ്രാവാക്യങ്ങളിൽ മാത്രമേയുള്ളൂ. അധികാരവും കരുത്തുമുള്ളവർക്കുമുന്നിൽ മുട്ടിടിച്ച് വാഴപ്പിണ്ടി നട്ടെല്ലുള്ളവരായി നിന്നവരും യഥാർത്ഥത്തിൽ പ്രതികളാണ്. അവരാണ് ഒരാളും രക്ഷിക്കാനില്ലാതെ സിദ്ധാർഥിനെ നടുമുറ്റത്ത് ഒറ്റയ്ക്കിട്ടത്.

എത്ര വലിയ തെറ്റുചെയ്താലും രക്ഷിക്കാൻ ആളുണ്ടെന്ന അഹംഭാവമാണ് ചോരമരവിപ്പിക്കുന്ന പല ക്രൂരതയ്ക്കും ആധാരം. അക്രമ, കൊലപാതക രാഷ്ട്രീയത്തിനു മടിയില്ലാത്ത അത്തരക്കാർക്കുള്ള മുന്നറിയിപ്പായിരുന്നു ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ഈയിടെ പുറത്തുവന്ന ഹൈക്കോടതി വിധി. കോടതികളും ജനങ്ങളും ഉൾപ്പെടെ സകല സംവിധാനങ്ങളും ഒന്നിച്ചുനിന്നാൽ മാത്രമേ അധികാരത്തിന്റെ തണലിലുള്ള അക്രമങ്ങൾ, കാമ്പസിലായാലും പുറത്തായാലും തടയാനാകൂ. കാമ്പസുകളിൽനിന്ന് അക്രമത്തെ തുരത്താൻ കഴിഞ്ഞില്ലെങ്കിൽ അതു നാടിനാകെ തിന്മയായി മാറുമെന്നുറപ്പ്. പല സാമൂഹിക സങ്കൽപ്പങ്ങളേയും രീതികളേയും പൊളിച്ചെഴുതാൻ സഹായിച്ചിട്ടുള്ളതു വിദ്യാർത്ഥികളുടെ നിലപാടാണ്. എന്നാൽ, അക്രമ, അഴിമതി രാഷ്ട്രീയത്തിനെതിരെ കേരളത്തിലെ കാമ്പസുകളിലും വിദ്യാർത്ഥി സംഘടനകൾക്കിടയിലും അത്തരമൊരു ശക്തമായ നിലപാടില്ല. മാതൃസംഘടനയുടെ ആജ്ഞാനുവർത്തികൾ മാത്രമായി അവർ തുടരുന്നിടത്തോളം കാമ്പസുകൾ കശാപ്പുശാലകളായി ഇടയ്ക്കെല്ലാം നിരാശപ്പെടുത്തിക്കൊണ്ടേയിരിക്കും.

# SUPPORT SIMON CHAMAKALA WIN CARROLTON CITY COUNCIL ELECTION






Meet Simon Chamakala, a dedicated Christian. Husband to loving wife Jomini and father of three wonderful children Teresa (12Yrs.), Isaac (9Yrs.) & Serena (7Yrs.). Simon migrated from India with his family in the early 90's at a very young age of 14 in pursuit of the American dream and a better life. A graduate of McKinney high school, right from his early days he was incredibly involved with student unions and other college activities and remained enthusiastic throughout his academic days to engage and work with fellow students for the betterment of colleagues and other fellow students.

As a graduate in nursing and a licensed registered nurse in the state of Texas, Simon continues to pursue his love for his profession and has shown unwavering commitment to help his patients especially those who need dialysis on an on-going basis. He is currently employed as the Group Facility Administrator (GFA) for the leading healthcare dialysis firm DaVita health care system where he oversees and manages close to 250 employees in the Dallas Fort Worth region. Most recently he has incorporated and set up a newly formed residential assisted living center for the elderly citizens in Carrollton city where he plans to deliver world class facility for senior citizens and plans to use his expertise in health care to provide world class care and comfort for those in need. As a longtime resident of Carrollton Simon himself believes in creating and providing more jobs locally in the city and takes it upon himself to provide exceptional support and service to the city of Carrollton.

Simon felt truly honored back in 2020 when then Mayor Kevin Falconer approached him to be part of his advisory Council (Mayor's Advisory Council – MAC). He truly felt humbled and honored as he realized he was handpicked to be part of the advisory council which otherwise is not a position that is open to the general public. During his term in the council, he played a continually active role and took upon the opportunity to gain experience and learn more about the city and to understand the true potentials the city had to offer its citizens and figure out ways to further streamline policies that would take the city a notch further in the right direction. His inspiration to run for city council ignited right during this period when he realized how much he could offer to the city of Carrollton.

Simon has also been highly active with the Carrollton - Farmer's Branch Rotary Club and has served as one of the board members of the club besides being very instrumental in several fund raising including working as the fund raising director of the Rotary Club to bring in much needed funding as part of the Rotary fund raising flag program.

Early last year Simon was honored with the 2023 Leadership Award from the City of Carrollton at the 15th Annual Citizens Evening event.

Simon is a devoted family-oriented person and enjoys spending time with his family. Knowing his kids to be incredibly involved in the Scout's program in 2022 Simon went through the vigorous journey of becoming an Assistant Den Leader for the Cub Scouts with Pack749 in Carrollton needless to say his kids were overly excited at his accomplishment.

Simon's community service efforts extend beyond the city of Carrollton and are unique and far reaching. He is an active member at the Christ the King Church and has severed as the Parish council member and Parish event Co-Ordinator for the past many years. In addition, he has served and volunteered at some of the below events.

- Volunteered at Metro Crest
- Volunteered at Friendship of the house food bank.
- Volunteered Yearly at Joes Pizza for the homeless
- Past Secretary of KCADFW (Knanaya Catholic Association of Dallas Fort Worth)
- National Council Member of Knanaya Catholic Congress of North America (KCCNA)
- Joint Secretary of DKCC (Diaspora Knanaya Catholic Congress)
- Served Chair and Co-chair on various committees for KCCNA (Knanaya Catholic Organization of North America)
- Active member of the Vincent de Paul society
- Active member of the Dallas Lions Club

In all aspects of his life, whether in professional role or community service, Simon is driven by a common goal to make a positive difference in the lives of others and to make the world a better place for everyone. With unwavering dedication and with a heart of community service he looks forward to continuing a journey to empower and enrich every citizen of Carrollton and looks forward to everyone's support in the upcoming city council election to help him get elected as Carrollton's City Council member representing Place 7. He truly believes it will be him honor to represent and sever the great people of Carrollton and looks forward to this opportunity.

# ലോകായുക്ത ബില്ലിന് രാഷ്ട്രപതിയുടെ അനുമതി

തിരുവനന്തപുരം: അഴിമതി നിരോധനസംവിധാനമായ ലോകായുക്തയുടെ ചിറകരിയുന്ന ബില്ലിന് ഒടുവിൽ രാഷ്ട്രപതി അനുമതി നൽകി. ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ ഏറെനാൾ തടഞ്ഞുവെച്ചശേഷം കോടതി ഇടപെടലിനെത്തുടർന്ന് രാഷ്ട്രപതിക്ക് അയച്ച ബില്ലിനാണ് വേഗത്തിൽ അനുമതി ലഭ്യമായത്.

ഇതോടെ ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കപ്പെടും. ബന്ധപ്പെട്ട ലോകായുക്ത വിധിയുണ്ടായാൽ അപ്പലേറ്റ് അഥോറിറ്റിയായ മുഖ്യമന്ത്രിയുടെ അംഗീകാരംകൂടി ലഭിച്ചാൽ മാത്രമേ വിധി നടപ്പാക്കാനാകുകയുള്ളൂ. മുഖ്യമന്ത്രിക്കെതിരെ വിധിയുണ്ടായാൽ അപ്പലേറ്റ് അഥോറിറ്റിയായ നിയമസഭ അംഗീകരിച്ചാൽ മാത്രമേ വിധി നടപ്പാകുകയുള്ളൂ. അതായത്, ലോകായുക്ത വിധിയെ തള്ളാനും കൊള്ളാനും മുഖ്യമന്ത്രിക്കും നിയമസഭയ്ക്കും പുതിയ നിയമഭേദഗതി പ്രകാരം അധികാരം കൈവരും.

അഴിമതിയുമായി ബന്ധപ്പെട്ട് അർധ ജുഡീഷൽ അധികാരമുള്ള ലോകായുക്തയുടെ വിധിക്കുമേൽ മുഖ്യമന്ത്രിക്കും നിയമസഭയ്ക്കും അപ്പീൽ അധികാരം ലഭിക്കും. ലോക്പാൽ നിയമങ്ങൾക്ക് അനുസൃതമായി ലോകായുക്ത നിയമത്തിൽ മാറ്റം വരുത്താൻ സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടെന്നു വിലയിരുത്തിയാണ് ലോകായുക്ത ഭേദഗതി ബില്ലിന് രാഷ്ട്രപതി അനുമതി നൽകിയതെന്നാണു വിവരം.

രാഷ്ട്രപതി അനുമതി നൽകിയ ബിൽ നിയമവകുപ്പിനു ലഭിച്ചതായാണു വിവരം. രാഷ്ട്രപതി അനുമതി നൽകിയ സാഹചര്യത്തിൽ ഗവർണർ ഒപ്പിട്ടു നൽകേണ്ടതുണ്ട്. അങ്ങനെയെങ്കിൽ അടുത്ത ദിവസംതന്നെ ഇതുസംബന്ധിച്ച വിജ്ഞാപനമിറങ്ങും. ലോകായുക്തയുടെ അധികാരം വെട്ടിക്കുറയ്ക്കുന്ന ബിൽ ഏറെനാൾ ഗവർണർ ആരിഫ് മുഹമ്മദ്ഖാൻ തടഞ്ഞുവെച്ചിരുന്നു. ബില്ലിലെ വ്യവസ്ഥകൾ കേന്ദ്ര നിയമത്തിന് എതിരാണെന്നുള്ള പരാതികളുടെ അടിസ്ഥാനത്തിലായിരുന്നു ഗവർണറുടെ നടപടി. സംസ്ഥാന സർക്കാർ കോടതിയെ സമീപിച്ചതിനു പിന്നാലെയാണ് ഇതടക്കമുള്ള ആറു ബില്ലുകൾ രാഷ്ട്രപതിയുടെ പരിഗണനയ്ക്കു വിട്ടത്. ഇതിൽ സുപ്രധാനമായ ലോകായുക്ത ഭേദഗതി ബില്ലിനാണ് അനുമതി നൽകിയത്.

## നഷ്ടപരിഹാരം നൽകേണ്ടത് ദയകാട്ടും പോലെയല്ല: സുപ്രീംകോടതി

ന്യൂഡൽഹി: സ്വകാര്യ സ്ഥലമേറ്റെടുത്തതിനു നഷ്ടപരിഹാരം നൽകുന്നതു സർക്കാർ നടത്തുന്ന ജീവകാരുണ്യ പ്രവർത്തനം അല്ലെന്ന് സുപ്രീം കോടതി. വർഷങ്ങളോളം ഭൂമി ഉപയോഗിക്കാൻ കഴിയാത്ത സാഹചര്യമുണ്ടാക്കുകയും പിന്നീടു മഹാമനസ്കത കാട്ടുംപോലെ നഷ്ടപരിഹാരം അനുവദിക്കുകയും ചെയ്യുന്ന സർക്കാർ രീതി അംഗീകരിക്കാൻ കഴിയില്ലെന്നും ചീഫ് ജസ്റ്റിസ് ബി.ആർ. ഗവായ് അധ്യക്ഷനായ ബെഞ്ച് വ്യക്തമാക്കി.

മൗലികാവകാശമില്ലെങ്കിലും ഭരണഘടനയുടെ 300എ വകുപ്പുപ്രകാരം സ്വത്തവകാശം ഭരണഘടനാവകാശമാണ്. 20 വർഷത്തേക്ക് ഭൂമി ഉപയോഗിക്കാനുള്ള പൗരന്റെ അവകാശം ഇല്ലാതാക്കിയിട്ടു ദയ കാട്ടുന്നതു പോലെ നഷ്ടപരിഹാരം നൽകുന്നത് അംഗീകരിക്കാനാകില്ല – കോടതി വ്യക്തമാക്കി. നഷ്ടപരിഹാരം നൽകാനുള്ള സുപ്രീംകോടതി വിധി ഗാസിയാബാദ് ഡെവലപ്മെന്റ് അതോറിട്ടി (ജി.ഡി.എ.) നടപ്പാക്കിയിട്ടില്ലെന്നു ചൂണ്ടിക്കാട്ടിയുള്ള കോടതിയലക്ഷ്യ ഹർജികളിലാണ് നിരീക്ഷണം. വിഷയം കോടതിയിലെത്തിയതിനു പിന്നാലെ ജി.ഡി.എ. 407 കോടി രൂപ നഷ്ടപരിഹാര തുക അനുവദിച്ചു.

നഷ്ടപരിഹാരം അനുവദിക്കേണ്ടതു കൃഷിഭൂമിക്കാണെന്നും വാസസ്ഥലത്തിനല്ലെന്നും ഹർജിക്കാർ വാദിച്ചെങ്കിലും കോടതി ഹർജി തള്ളി.

## ജസ്റ്റിസ് എ.എം. ഖാൻവിൽക്കർ ലോക്പാൽ അധ്യക്ഷൻ

ന്യൂഡൽഹി: അഴിമതിവിരുദ്ധ അന്വേഷണ സംവിധാനമായ ലോക്പാലിന്റെ അധ്യക്ഷനായി സുപ്രീംകോടതി മുൻ ജഡ്ജി ജസ്റ്റിസ് എ.എം ഖാൻവിൽക്കറെ രാഷ്ട്രപതി നിയമിച്ചു. രാജ്യത്തെ ആദ്യ ലോക്പാലായ സുപ്രീംകോടതി മുൻ ജസ്റ്റിസ് പിനാകി ചന്ദ്ര ഘോഷ് 2022 മേയിൽ വിരമിച്ചിരുന്നു. ഹൈക്കോടയിൽ മുൻജഡ്ജിമാരായ ലിംഗപ്പ നാരായണസ്വാമി, സഞ്ജയ് യാദവ്, റിതുരാജ് അവസ്തി എന്നിവരെ ലോക്പാലിന്റെ ജുഡീഷ്യൽ അംഗങ്ങളായും നിയമിച്ചു.

## ലീഗ് സ്ഥാനാർത്ഥികൾ: മലപ്പുറത്ത് ഇ.ടി., പൊന്നാനിയിൽ സമദാനി

മലപ്പുറം: ലോക്സഭാ തെരഞ്ഞെടുപ്പിൽ മുസ്ലിം ലീഗ് സ്ഥാനാർത്ഥികളായി മലപ്പുറത്ത് ഇ.ടി. മുഹമ്മദ് ബഷീറും പൊന്നാനിയിൽ അബ്ദു സമദ് സമദാനിയും മത്സരിക്കും. മലപ്പുറത്തേയും പൊന്നാനിയിലേയും സിറ്റിങ് എം.പിമാരായ ഇരുവരും ഇത്തവണ മണ്ഡലം വെച്ചുമാറി. തമിഴ്നാട്ടിലെ രാമനാഥപുരം സീറ്റിൽ മുസ്ലിം ലീഗിന്റെ സിറ്റിങ് എം.പി: നവാസ് ഗനി മത്സരിക്കും. തമിഴ്നാട്ടിലെ ലീഗിന്റെ ഏക മണ്ഡലമാണിത്. മൂന്നാം സീറ്റിനു പകരം ലഭിക്കുന്ന രാജ്യസഭാ സീറ്റിലേക്കു സ്ഥാനാർത്ഥിയെ പിന്നീട് പ്രഖ്യാപിക്കും. പാണക്കാട് ചേർന്ന മുസ്ലിം ലീഗ് പാർലമെന്ററി പാർട്ടി യോഗ ശേഷം സംസ്ഥാന പ്രസിഡണ്ട് പാണക്കാട് സാദിഖലി ശിഹാബ് തങ്ങളാണ് സ്ഥാനാർത്ഥികളെ പ്രഖ്യാപിച്ചത്. നേതാക്കളുടെ സേവനം എല്ലായിടത്തും ലഭിക്കാനാണ് മലപ്പുറത്ത് സീറ്റുകൾ വെച്ചുമാറിയതെന്ന് സാദിഖലി തങ്ങൾ പറഞ്ഞു. ഇന്ത്യ മുന്നണി അധികാരത്തിൽ വരുമെന്നാണു പ്രതീക്ഷിക്കുന്നതെന്ന് പി.കെ. കുഞ്ഞാലിക്കുട്ടി



ഇ.ടി. മുഹമ്മദ് ബഷീർ



അബ്ദു സമദ് സമദാനി

## ഗഗൻയാൻ ദൗത്യസംഘത്തിൽ മലയാളിയായ പ്രശാന്ത് ബാലകൃഷ്ണൻ നായരും

തിരുവനന്തപുരം: കേരളത്തിന്റെ അഭിമാനം വാനോളമുയർത്തി പാലക്കാട് നെന്മാറ സ്വദേശിയായ വ്യോമസേനാ ഗ്രൂപ്പ് ക്യാപ്റ്റൻ പ്രശാന്ത് ബാലകൃഷ്ണൻ നായർ ഗഗൻയാൻ യാത്രാസംഘത്തിൽ. അടുത്തവർഷം അവസാനത്തോടെ പ്രതീക്ഷിക്കുന്ന ഇന്ത്യയുടെ ബഹിരാകാശയാത്രാ പദ്ധതിക്കായുള്ള നാല് ഫൈറ്റർ പൈലറ്റുമാരുടെ പേരുകൾ വിക്രം സാരാഭായ് സ്പേസ് സെന്ററിൽ (വി.എസ്.എസ്.സി.) പ്രധാനമന്ത്രി നരേന്ദ്ര മോദിയാണ് പ്രഖ്യാപിച്ചത്. പ്രശാന്തിനു പുറമേ, ഗ്രൂപ്പ് ക്യാപ്റ്റന്മാരായ അജിത് കൃഷ്ണൻ, അംഗദ് പ്രതാപ്, വിങ് കമാൻഡർ ശുഭാംശു ശുക്ല എന്നിവരെയും പ്രധാനമന്ത്രി ലോകത്തിനു പരിചയപ്പെടുത്തി.

ഈ നാലുപേരിൽ ഒരാൾക്കാകും ആദ്യ ഗഗൻയാൻ ദൗതൃത്തിലൂടെ ബഹിരാകാശത്തെത്താൻ അവസരം ലഭിക്കുക. നാലുവർഷം മുൻപ് അറുപതോളം പേരിൽനിന്നു വിവിധ ഘട്ടങ്ങളിലൂടെ ചുരുക്കപ്പട്ടികയിലെത്തിയ ഇവരുടെ പേരുകൾ അതീവരഹസ്യമായാണു സൂക്ഷിച്ചിരുന്നത്.

'ഈ നാല് നിയുക്ത ബഹിരാകാശയാത്രികർ വെറും നാലു പേരുകളോ നാലു മനുഷ്യരോ അല്ല; 140 കോടി ഇന്ത്യാക്കാരുടെ അഭിലാഷങ്ങൾ ബഹിരാകാശത്തേക്കു കൊണ്ടുപോകുന്നതിനുള്ള നാലു ശക്തികളാണ്. 40 വർഷത്തിനു ശേഷം ഇന്ത്യയിൽനിന്നൊരാൾ ബഹിരാകാശത്തു പോകുകയാണ്. പക്ഷേ, ഇത്തവണ സമയം നമ്മുടേതാണ്, കൗണ്ട്ഡൗൺ നമ്മുടേതാണ്. റോക്കറ്റും നമ്മുടേതാണ്' എന്ന ആമുഖത്തോടെ കയ്യടിച്ചുകൊണ്ടാണ് പ്രധാനമന്ത്രി ഇവരെ പരിചയപ്പെടുത്തിയത്.



ഗഗൻയാൻ യാത്രാസംഘത്തിലേക്കു പരിഗണിക്കപ്പെട്ട വിങ് കമാൻഡർ ശുഭാംശു ശുക്ല, ഗ്രൂപ്പ് ക്യാപ്റ്റന്മാരായ പ്രശാന്ത് ബാലകൃഷ്ണൻ നായർ, അജിത് കൃഷ്ണൻ, അംഗദ് പ്രതാപ്

നാലുപേരെയും പ്രധാനമന്ത്രി 'ആസ്ട്രോനോട്ട് വിങ്സ്' ബാഡ്ജ് ധരിപ്പിച്ചു.

ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ, മുഖ്യമന്ത്രി പിണറായി വിജയൻ, കേന്ദ്രമന്ത്രി വി. മുരളീധരൻ, ഐ.എസ്.ആർ.ഒ. ചെയർമാൻ എസ്. സോമനാഥ്, വി.എസ്.എസ്.സി. ഡയറക്ടർ ഡോ. എസ്. ഉണ്ണിക്കൃഷ്ണൻ നായർ തുടങ്ങിയവർ ഒപ്പമുണ്ടായിരുന്നു.






# വനിതാദിനമൊരുക്കി തിരുഹൃദയ ഇടവക



ചിക്കാഗോ: തിരുഹൃദയ ക്നാനായ കത്തോലിക്ക ഇടവക വിമൻസ് മിനിസ്ട്രിയുടെ നേതൃത്വത്തിൽ നടന്ന വനിതാ ദിനാഘോഷം ഏവരെയും അത്ഭുതപ്പെടുത്തി. വിശുദ്ധ ബലിയർപ്പണത്തിനു ശേഷം സ്ത്രീകളിൽ അനുഗൃഹീതയായ പരിശുദ്ധ കന്യകാ മറിയത്തിന്റെ സന്നിധിയിൽ എല്ലാ വനിതകളും പുഷ്പങ്ങൾ സമർപ്പിച്ചു. തുടർന്ന് ഇടവകയിലെ ഏറ്റവും മുതിർന്ന വനിതയായ മറിയാമ്മ കളപ്പുരകരോട്ടിനെ പ്രത്യേകം ആദരിച്ചു. തുടർന്ന് പെൺകുട്ടികൾ എല്ലാവരും ചേർന്ന് മാതാവിന് കിരീടം സമർപ്പിച്ചു. സേനാപതി പള്ളി വികാരി ഫാ. റ്റിനേഷ് പിണർക്കയിൽ എല്ലാ വനിതകൾക്കും പ്രത്യേകം ക്ലാസ് നടത്തി. നൂറുകണക്കിനു വനിതകളുടെ സാന്നിദ്ധ്യം വനിതാ ദിനാഘോഷത്തെ കൂടുതൽ മോടി പിടിപ്പിച്ചു.



# എജിഐഎഫ്എൻഎ 2024 ലോക്കൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു

ന്യൂയോർക്ക്: 2024 ഓഗസ്റ്റ് 1 മുതൽ 4 വരെ ന്യൂയോർക്കിലെ എല്ലെൻവില്ലിൽ ഹോണേഴ്സ് ഹേവൻ റിസോർട്ടിൽ നടക്കുന്ന ഇരുപത്തിയാറാം എജിഐഎഫ്എൻഎ കോൺഫറൻസിന്റെ സുഗമമായ നടത്തിപ്പിനു വേണ്ടി വിപുലമായ ലോക്കൽ കമ്മിറ്റിയെ തെരഞ്ഞെടുത്തു. ഫെബ്രുവരി 24-ന് ന്യൂയോർക്ക് ക്രൈസ്റ്റ് അസംബ്ലി ഓഫ് ഗോഡിൽ നടന്ന യോഗത്തിൽ എജി ഈസ്റ്റേൺ റീജിയണിലെ മിക്ക സഭകളുടെയും പാസ്റ്റർമാരും പ്രതിനിധികളും പങ്കെടുത്തിരുന്നു.

പാസ്റ്റർ മനോജ് തോമസ്, ഡേവിഡ് കട്ടക്കയം (ലോക്കൽ കോ-ഓർഡിനേറ്റേഴ്സ്), ജേക്കബ് കൊച്ചുമ്മൻ (ലോക്കൽ സെക്രട്ടറി), ജോർജ് ചാക്കോ (ലോക്കൽ ട്രഷറർ) എന്നിവർ കമ്മിറ്റിക്കു നേതൃത്വം നല്കും. വിവിധ ഡിപ്പാർട്ടുമെന്റ്കളിലെ കോ-ഓർഡിനേറ്റർമാരെയും യോഗം തെരഞ്ഞെടുത്തു.

നാഷണൽ കൺവീനർ റവ. ക്യാപ്റ്റൻ സ്റ്റാൻലി ജോർജ് അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ റവ. ജോർജ് പി. ചാക്കോ ആമുഖസന്ദേശം നല്കി. റവ. കെ.കെ. സാമുവൽ, റവ. വിൽസൺ ജോസ്, റവ. കെ.പി. ടൈറ്റസ് എന്നിവരും പ്രസംഗിച്ചു. ജോമോൻ ഗീവർഗീസ്, സന്തോഷ് ഏബ്രഹാം എന്നിവർ ഗാനശുശ്രൂഷയ്ക്കു നേതൃത്വം നല്കി. കോൺഫറൻസ് ലോജിസ്റ്റിക്സ് ഡയറക്ടർ പാസ്റ്റർ ജോർജ് ഏബ്രഹാം, ജനറൽ കോ-ഓർഡിനേറ്റർ പ്രഫ. സണ്ണി എ. മാത്യൂസ്, ഇംഗ്ലീഷ് സെഷൻ കോ-ഓർഡിനേറ്റർ ലിജി കുരിയൻ എന്നിവർ തെരഞ്ഞെടുപ്പ് കാര്യങ്ങൾ നിയന്ത്രിച്ചു.

കോൺഫറൻസിന്റെ വിവരങ്ങൾ നല്കുന്ന വെബ്സൈറ്റ് (agifna-2024.org) പ്രവർത്തനക്ഷമമാണ്. ഓൺലൈൻ രജിസ്ട്രേഷൻ സൗകര്യം വേഗത്തിൽ ഉപയോഗിക്കണമെന്ന് ഭാരവാഹികൾ അഭ്യർത്ഥിക്കുന്നു.



പാസ്റ്റർ മനോജ് തോമസ്



ഡേവിഡ് കട്ടക്കയം



ജേക്കബ് കൊച്ചുമ്മൻ



ജോർജ് ചാക്കോ



എജിഐഎഫ്എൻഎ 2024 ലോക്കൽ കമ്മിറ്റി

# കേരളത്തിൽ എൻഡിഎ രണ്ടക്കത്തിലെത്തുമെന്ന് മോദി

തിരുവനന്തപുരം: കേരളത്തിൽ മാറിമാറി ഭരണം നടത്തിയിട്ടുള്ള എൽഡിഎഫ്-യുഡിഎഫ് മുന്നണികൾ അക്രമത്തിനും അഴിമതിക്കുമുള്ള ശ്രമമാണ് നടത്തുന്നതെന്നും ഇതുമൂലം സംസ്ഥാനത്ത് പുതിയ വ്യവസായങ്ങൾ ഒന്നും ആരംഭിക്കാൻ കഴിയാത്ത സാഹചര്യം സൃഷ്ടിക്കപ്പെട്ടുവെന്നും പ്രധാനമന്ത്രി നരേന്ദ്രമോദി. ബിജെപി സംസ്ഥാന അദ്ധ്യക്ഷൻ കെ. സുരേന്ദ്രൻ നയിച്ച കേരള പദയാത്രയുടെ സമാപന സമ്മേളനം തിരുവനന്തപുരത്ത് സെൻട്രൽ സ്റ്റേഡിയത്തിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു പ്രധാനമന്ത്രി.

കേരളത്തിൽ ഒരു പുതിയ രാഷ്ട്രീയത്തിന്റെ ഉദയത്തിനുള്ള അവസരമാണ്. 2019-ൽ കേരളത്തിലെ ജനങ്ങളുടെ മനസ്സിൽ ബിജെപിയെക്കുറിച്ച് പ്രതീക്ഷകളുണ്ടായിരുന്നു. 2024 ആയപ്പോൾ അതു വിശ്വാസമായി മാറി.

ഇക്കുറി ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്തുനിന്ന് രണ്ടക്ക സീറ്റ് എൻഡിഎക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷ. 2024-ൽ 400-ൽ കൂടുതൽ സീറ്റുമായി എൻഡിഎ അധികാരത്തിൽ വരുമെന്നതാണ് മുദ്രാവാക്യം. അടുത്ത പൊതുതെരഞ്ഞെടുപ്പിൽ പരാജയപ്പെടുമെന്ന് പ്രതിപക്ഷം ഉറപ്പാക്കി. ഇതോടെ പ്രതിപക്ഷത്തിന്റെ സമനില തെറ്റി. അവർക്ക് രാജ്യത്തിന്റെ വികസനത്തെക്കുറിച്ച് ചിന്തയില്ല. മോദിയെ ചീത്തവിളിക്കുക എന്നതു മാത്രമാണ് ലക്ഷ്യം. വോട്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ ആരെയും വിഭജിച്ചു കണ്ടിട്ടില്ല.

ബിജെപി ഭരിക്കുന്ന സംസ്ഥാനങ്ങൾക്ക് ലഭിക്കുന്ന അതേ അവകാശങ്ങൾ കേരളത്തിനും ലഭിച്ചു. കേരളത്തിന്റെ വിദ്യാഭ്യാസ മേഖലയെ എൽഡിഎഫ്-യുഡിഎഫ് സർക്കാരുകൾ പിന്നാക്കാവസ്ഥയിലാക്കി. അടുത്തുവരുന്ന മോദി സർക്കാർ കേരളത്തിന്റെ വിദ്യാഭ്യാസ പിന്നാക്കാവസ്ഥയ്ക്ക് മാറ്റമുണ്ടാക്കും. ഇത് മോദി ഗാരന്റിയാണ്. സംസ്ഥാന സർക്കാരിന്റെ നിഷേധാത്മക നിലപാടുകൾക്കിടയിലും കേന്ദ്രം വികസന കാര്യങ്ങളിൽ ശക്തമായ ഇടപെടലുകൾ നടത്തി.

50 ലക്ഷത്തിലധികം ആളുകൾക്ക് മുദ്ര വായ്പ, 36 ലക്ഷത്തിലധികം കുടുംബങ്ങൾക്ക് ജൽ ജീവൻ പദ്ധതിയിൽ നിന്നു കുടിവെള്ളം, 40 ലക്ഷത്തിലധികം കർഷകർക്ക് കിസാൻ സമ്മാൻ പദ്ധതി, വന്ദേ ഭാരത് ട്രെയിൻ, ദേശീയപാതാ വികസനം ഇവയെല്ലാം കേരളത്തിനായിനടപ്പാക്കിയെന്നും പ്രധാനമന്ത്രി പറഞ്ഞു.

പതിറ്റാണ്ടുകളായി ഒരു കുടുംബത്തിനുവേണ്ടി കോൺഗ്രസ് നാടിനെ അടിയറ വെച്ചു. കോൺഗ്രസിന്റെ കുടുംബാധിപത്യത്തിന്റെ അതേ മാതൃകയിലാണ് ഇടതു സർക്കാർ കേരളത്തിൽ ഭരിക്കുന്നത്. കേരളത്തിൽ സിപിഎമ്മും കോൺഗ്രസും പരസ്പരം പോരടിക്കുന്നു.

എന്നാൽ, കേരളത്തിനു പുറത്ത് ഇവർ സുഹൃത്തുക്കളാണ്. ഈ കാപട്യം തിരിച്ചറിയണമെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു.



ബിജെപി സംസ്ഥാന പ്രസിഡണ്ട് കെ. സുരേന്ദ്രൻ നയിച്ച കേരള പദയാത്രയുടെ സമാപനസമ്മേളനം ഉദ്ഘാടനം ചെയ്യാൻ തിരുവനന്തപുരത്തെത്തിയ പ്രധാനമന്ത്രി നരേന്ദ്രമോദിയെ ഹാരമണിയിച്ച് സ്വീകരിച്ചപ്പോൾ.

# കാൻസർ വീണ്ടും വരുന്നത് തടയാൻ മരുന്ന് കണ്ടുപിടിച്ചു

മുംബൈ: കാൻസർ അതിജീവിച്ചവർക്ക് വീണ്ടും രോഗം ബാധിക്കുന്നതു 30 ശതമാനത്തോളം പ്രതിരോധിക്കാൻ കഴിവുള്ള മരുന്ന് കണ്ടെത്തിയെന്ന് ഇന്ത്യയിലെ മുൻനിര കാൻസർ ചികിത്സാ ആശുപത്രിയായ മുംബൈ ടാറ്റാ മെമ്മോറിയൽ സെന്ററിലെ ഗവേഷകർ അറിയിച്ചു. കേവലം 100 രൂപ മാത്രം ചെലവു വരുന്ന ഗുളിക കഴിച്ചാൽ രോഗത്തെ പ്രതിരോധിക്കാമെന്നാണ് അവകാശവാദം. റേഡിയേഷൻ, കീമോതെറാപ്പി എന്നിവയുടെ പാർശ്വഫലങ്ങൾ പകുതിയാക്കി കുറയ്ക്കാനും കഴിയും.

10 വർഷമെടുത്താണ് മരുന്നു വികസിപ്പിച്ചതെന്ന് ഗവേഷക സംഘത്തിലെ അംഗവും ടാറ്റാ മെമ്മോറിയൽ സെന്ററിലെ സീനിയർ സർജനുമായ ഡോ. രാജേന്ദ്ര ബാഡ്വെ പറഞ്ഞു. ഏറ്റവും ചെലവു കുറഞ്ഞ കാൻസർ ചികിത്സയാണിത്. വായ, ശ്വാസകോശം, പാൻക്രിയാസ് എന്നിവയെ ബാധിക്കുന്ന കാൻസറിന് ഈ മരുന്ന് കൂടുതൽ ഫലപ്രദമാണ്. മരുന്ന് ഉപയോഗത്തിനുള്ള അനുമതിക്കായി ഫുഡ് സേഫ്റ്റി ആൻഡ് സ്റ്റാൻഡേഡ് അതോറിറ്റി ഓഫ് ഇന്ത്യയിൽ (എഫ്.എസ്.എസ്.എ.ഐ) അപേക്ഷിച്ചിട്ടുണ്ട്. മൂന്നു മാസത്തിനകം വിപണിയിലെത്തിക്കാമെന്നാണു പ്രതീക്ഷ. എന്നാൽ, കാൻസറിന്റെ തിരിച്ചുവരവു തടയുന്നതിനുള്ള ചികിത്സയ്ക്ക് ഉപയോഗിക്കാൻ ഏതാനും വർഷം കൂടി കാത്തിരിക്കേണ്ടിവരും.

മനുഷ്യരിലെ കാൻസർ കോശങ്ങൾ എലികളിൽ കടത്തിവിട്ടായിരുന്നു പരീക്ഷണം. തുടർന്ന് കീമോതെറാപ്പിയും റേഡിയോതെറാപ്പിയും നടത്തിയതോടെ കാൻസർ കോശങ്ങൾ നശിച്ച് ക്രൊമാറ്റിൻ കണികകളായി. അവ രക്തത്തിലൂടെ ശരീരത്തിന്റെ മറ്റിടങ്ങളിലെ ആരോഗ്യകരമായ കോശങ്ങളിൽ പ്രവേശിക്കുകയും കാൻസർ മാറുകയും ചെയ്തു. ഡോ. രാജേന്ദ്ര ബാഡ്വെ വ്യക്തമാക്കി.

# ടി.പി. കേസ്: ശിക്ഷ വർദ്ധിപ്പിച്ചു

കൊച്ചി: ടി.പി. ചന്ദ്രശേഖരൻ വധക്കേസിൽ ആറ് പ്രതികൾക്ക് ഹൈക്കോടതി ഇരട്ട ജീവപര്യന്തം ശിക്ഷ വിധിച്ചു. ഒന്നു മുതൽ അഞ്ചു വരെ പ്രതികളായ എം.സി. അനൂപ്, കിർമാണി മനോജ്, കൊടി സുനി, ടി.കെ. രജീഷ്, കെ.കെ. മുഹമ്മദ് ഷാഫി എന്നിവർക്കും ഏഴാം പ്രതി കെ. ഷിനോജിനുമാണ് ഗൂഢാലോചനക്കുറ്റത്തിനു കൂടി ജീവപര്യന്തം തടവും ഒരു ലക്ഷം രൂപ വീതം പിഴയും വിധിച്ചത്. അതേസമയം, രണ്ട് ജീവപര്യന്തവും ഒരേ കാലയളവിൽ അനുഭവിച്ചാൽ മതി. പിഴയടച്ചില്ലെങ്കിൽ രണ്ടു വർഷം കൂടി കഠിനതടവ് അനുഭവിക്കണം.

സംഘം ചേർന്നു കൊലപ്പെടുത്തിയതിന് വിചാരണക്കോടതി ഇവർക്ക് വിധിച്ച ജീവപര്യന്തം തടവ് ഹൈക്കോടതി നേരത്തെ ശരിവെച്ചിരുന്നു. ഈ കുറ്റത്തിന് ഇവർക്കുള്ള പിഴശിക്ഷ അരലക്ഷം രൂപയിൽ നിന്ന് ഒരു ലക്ഷമായി വർദ്ധിപ്പിച്ചു. പിഴ അടച്ചില്ലെങ്കിൽ ഒരു വർഷം കൂടെ തടവ്ശിക്ഷ.

വിചാരണക്കോടതി വിട്ടയച്ചെങ്കിലും ഹൈക്കോടതി ഗൂഢാലോചനക്കുറ്റം കണ്ടെത്തിയ പത്താം പ്രതി കെ.കെ. കൃഷ്ണൻ, പന്ത്രണ്ടാം പ്രതി ജ്യോതിബാബു എന്നിവർക്ക് ജീവപര്യന്തം തടവും രണ്ടു ലക്ഷം രൂപ പിഴയും വിധിച്ചു.

കൊലക്കുറ്റത്തിന് ആറാംപ്രതി എസ്. സിജിത്തിന് ജീവപര്യന്തം ശിക്ഷയ്ക്കു പുറമെ വിധിച്ചിരുന്ന 50,000 രൂപ പിഴ ഒരു ലക്ഷമാക്കി. ഗൂഢാലോചനക്കുറ്റം തെളിഞ്ഞിരുന്ന സിപിഎം നേതാക്കളായ എട്ടാംപ്രതി കെ.സി. രാമചന്ദ്രനും 11-ാം പ്രതി ട്രൗസർ മനോജനും ജീവപര്യന്തത്തിനു പുറമെ വിധിച്ചിരുന്ന ഒരു ലക്ഷം രൂപ വീതം പിഴ രണ്ടു ലക്ഷം വീതമാക്കി. 18-ാം പ്രതി വാഴപ്പടച്ചി റഫീഖിന് കൊലപാതക പ്രേരണക്കുറ്റത്തിനു ജീവപര്യന്തത്തിനു പുറമെ വിധിച്ച അരലക്ഷം രൂപ പിഴ ഒരു ലക്ഷമാക്കി. പിഴ ഒടുക്കിയില്ലെങ്കിൽ ഇവർ രണ്ടുവർഷം കൂടി കഠിനതടവ് അനുഭവിക്കണമെന്നും ജസ്റ്റിസുമാരായ ഡോ. ജയശങ്കരൻ നമ്പ്യാർ, ഡോ. കൗസർ എടപ്പഗത്ത് എന്നിവർ ഉൾപ്പെട്ട ഡിവിഷൻ ബെഞ്ച് ഉത്തരവിട്ടു.

13-ാം പ്രതി പരേതനായ പി.കെ. കുഞ്ഞനന്തനു വിചാരണക്കോടതി വിധിച്ച ഒരു ലക്ഷം രൂപ പിഴ കുടുംബം നല്കണമെന്ന് ഹൈക്കോടതി നിർദേശിച്ചു. സിപിഎം പാനൂർ ഏരിയാ കമ്മിറ്റി അംഗമായിരുന്ന കുഞ്ഞനന്തൻ ജയിലിലായിരിക്കെ 2020-ൽ മരിച്ചിരുന്നു.

ചന്ദ്രശേഖരന്റെ ഭാര്യ കെ.കെ. രമയ്ക്ക് വിചാരണക്കോടതി നിർദേശിച്ച മൂന്ന് ലക്ഷം രൂപ നഷ്ടപരിഹാരം ഏഴര ലക്ഷമായും മകൻ അഭിനന്ദിന് 5 ലക്ഷമായും ഹൈക്കോടതി വർദ്ധിപ്പിച്ചു.

മുഴുവൻ പ്രതികളും ശിക്ഷിക്കപ്പെട്ടെന്നു കരുതുന്നില്ലെന്നും അതിനാൽ മേൽക്കോടതിയിലേക്കു പോകുമെന്നും ഗൂഢാലോചന ഇനിയും പുറത്തു വരാനുണ്ടെന്നും കെ.കെ. രമ പ്രതികരിച്ചു.






# ചിക്കാഗോ സേക്രഡ് ഹാർട്ട് ഫൊറോനാ ദൈവാലയത്തിന്റെ പുനർകൂദാശ മാർച്ച് 16–ന്

**ലിൻസ് താന്നിച്ചുവട്ടിൽ**

ചിക്കാഗോ: ക്നാനായ കത്തോലിക്കരുടെ നോർത്ത് അമേരിക്കയിലെ ആദ്യ ദൈവാലയമായ മെയ്വുഡ് സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ഫൊറോനാ ദൈവാലയം ചിക്കാഗോയിലെ ബെൻസൻ വില്ലിലേയ്ക്ക്



ഈ വരുന്ന മാർച്ച് 16–ന് ശനിയാഴ്ച മാറ്റി സ്ഥാപിക്കുകയാണ്. ഇന്ത്യയ്ക്ക് വെളിയിൽ ക്നാനായക്കാർക്കായി വാങ്ങിയ ആദ്യ ദൈവാലയമാണ് മെയ്വുഡ് സേക്രഡ് ഹാർട്ട് ദൈവാലയം. കൂടുതൽ സൗകര്യപ്രദമായ ബെൻസൻ വില്ലിലേയ്ക്കുള്ള മാറ്റം അജപാലനശുശ്രൂഷയിൽ ഗുണകരമായ ഏറെ മാറ്റങ്ങൾക്കുപകരിക്കുമെന്നാണ് ഇടവക സമൂഹം പ്രത്യാശിക്കുന്നത്. ജൂലിയറ്റ് രൂപതയുടെ അജപാലനപരിധിയിൽ ഉണ്ടായിരുന്ന ബെൻസൻവിൽ സെ. ചാൾസ് ബൊറോമിയോ ദൈവാലയമാണ് ചിക്കാഗോയിലെ ക്നാനായകത്തോലിക്കാ സമൂഹം തങ്ങളുടെ പുതിയ ദൈവാലയമായി വാങ്ങിയത്. ഒട്ടേറെപ്പേരുടെ ത്യാഗപൂർണ്ണമായ സംഭാവനകളിലൂടെയാണ് ഈ ദൈവാലയം വാങ്ങാൻ ഇടയാക്കിയത്. പുതിയ ദൈവാലയത്തിന്റെ പുനർ കൂദാശാകർമങ്ങൾ ഈ വരുന്ന മാർച്ച് 16–ന് ശനിയാഴ്ച നടക്കുകയാണ്. ക്നാനായ സമുദായത്തിന്റെ വലിയ ഇടയൻ ആർച്ച് ബിഷപ്പ് മാർ മാത്യു മൂലക്കാട്ട്, ചിക്കാഗോ സെ. തോമസ് രൂപതാദ്ധ്യക്ഷൻ മാർ ജോയ് ആലപ്പാട്ട്, ബിഷപ്പ് എമിരിറ്റസ് മാർ ജേക്കബ് അങ്ങാടിയത്ത്, ജൂലിയറ്റ് രൂപതാദ്ധ്യക്ഷൻ ബിഷപ്പ് റൊണാൾഡ് ഹിക്സ് എന്നിവർ പുനർകൂദാശാകർമങ്ങൾക്ക് കാർമ്മികത്വം വഹിക്കും. ക്നാനായ റീജിയണിലെ വൈദികരും അല്മായ പ്രതിനിധികളും സമീപത്തുള്ള ഇതര ക്രൈസ്തവ സഭാംഗങ്ങളും സന്യസ്തരും ആത്മീയനേതൃത്വവും ഈ സുമുഹൂർത്തത്തിൽ സന്നിഹിതരാകും.

വികാരി റവ. ഫാ. തോമസ് മുളവനാൽ, അസി. വികാരി റവ. ഫാ. ബിൻസ് ചേത്തലിൽ, ട്രസ്റ്റിമാരായ തോമസ് നെടുവാമ്പുഴ, സാബു മുത്തോലം, മത്തിയാസ് പുല്ലാപ്പള്ളി, കിഷോർ കണ്ണാല, ജെൻസൺ ഐക്കരപ്പറമ്പിൽ എന്നിവരുടെ നേതൃത്വത്തിൽ പുനഃകൂദാശാകർമങ്ങളുടെ ഒരുക്കങ്ങൾ പൂർത്തിയായി വരുന്നു.

# ഡാളസിൽ ഏകദിന കോൺസുലർ ക്യാമ്പ് മാർച്ച് 9–ന്

**പി.പി. ചെറിയാൻ**

ഇർവിങ്: കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യ, ഹൂസ്റ്റൺ, ബി.എ.പി.എസ് ശ്രീസ്വാമിനാരായണ മന്ദിർ, ഡാളസ്, മേഖലയിലെ മറ്റ് സംഘടനകൾ എന്നിവയുമായി സഹകരിച്ച് മാർച്ച് 9–ന് ശനിയാഴ്ച രാവിലെ പത്ത് മണി മുതൽ വൈകുന്നേരം അഞ്ചുമണി വരെ ശ്രീസ്വാമിനാരായണ മന്ദിർ 4601 N 4601–ൽ ഒരു ഏകദിന കോൺസുലർ ക്യാമ്പ് സംഘടിപ്പിക്കുന്നു, (സ്റ്റേറ്റ് ഹൈവേ 161, ഇർവിങ്, ടെക്സസ് 75038).

ഒസിഐ കാർഡ്, എമർജൻസി വിസ, ഇന്ത്യൻ പൗരത്വം ഉപേക്ഷിക്കൽ എന്നിവയ്ക്ക് അപേക്ഷിക്കുന്ന പ്രക്രിയയിലിരിക്കുന്ന ഇന്ത്യൻ വംശജരായ യുഎസ് പാസ്പോർട്ട് ഉടമകൾക്ക്, സ്ഥിരീകരണത്തിനായി കോൺസുലർ ക്യാമ്പിലേക്ക് അവരുടെ അപേക്ഷകൾ അനുബന്ധ രേഖകൾ സഹിതം കൊണ്ടുവരാവുന്നതാണ്. തങ്ങളുടെ ഇന്ത്യൻ പാസ്പോർട്ട്, ജിഇപി, പിസിസി എന്നിവയുടെ പുതുക്കലിനായി അപേക്ഷിക്കുന്ന പ്രക്രിയയിലിരിക്കുന്ന ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് സ്ഥിരീകരണത്തിനായി കോൺസുലർ ക്യാമ്പിലേക്ക് അനുബന്ധ രേഖകൾ സഹിതം അപേക്ഷകൾ കൊണ്ടുവരാവുന്നതാണ്.

ഹൂസ്റ്റണിലെ കോൺസുലേറ്റ് ജനറൽ ഓഫ് ഇന്ത്യയുടെ ഉദ്യോഗസ്ഥർ അപേക്ഷകളും അനുബന്ധ രേഖകളും പരിശോധിക്കും. അപേക്ഷകർക്ക് അതിനുശേഷം ഹൂസ്റ്റണിലെ VFS ലേക്ക് അപേക്ഷകൾ അയയ്ക്കാം. NORI, PCC എന്നിവ ഒഴികെയുള്ള ഇന്ത്യൻ പാസ്പോർട്ട് ഉടമകൾക്ക് വിവിധ സേവനങ്ങളും കോൺസുലേറ്റ് ക്യാമ്പിൽ നല്കും.

പാസ്പോർട്ട് പുതുക്കൽ, വിസ, ഒസിഐ എന്നിവയൊന്നും തത്സമയം നല്കുന്നതല്ലെന്നു ഉദ്യോഗസ്ഥർ പറഞ്ഞു. ഇതൊരു സ്പെഷൽ ഡ്രൈവ് ആയതിനാൽ ഇന്ത്യൻ പൗരന്മാർക്കും ഇന്ത്യൻ വംശജർക്കും ഈയവസരം പ്രയോജനപ്പെടുത്തുകയും ഹൂസ്റ്റണിലെ കോൺസുലേറ്റ് ജനറലിലെ ഉദ്യോഗസ്ഥരെ കാണുകയും ചെയ്യാം.

കോൺസുലർ ക്യാമ്പിൽ പങ്കെടുക്കാൻ അപേക്ഷകർ രജിസ്റ്റർ ചെയ്യണം. വിശദവിവരങ്ങൾക്ക്: http://www.baps.org/Dallas എന്ന വെബ്സൈറ്റ് സന്ദർശിക്കുക.

# കാരുണ്യത്തിന്റെ കരുതലായി ചിക്കാഗോ റ്റീൻ മിനിസ്ട്രി

ചിക്കാഗോ: ചിക്കാഗോ തിരുഹൃദയ ക്നാനായ കത്തോലിക്ക ഫൊറോന ദൈവാലയത്തിലെയും സെന്റ് മേരീസ് ക്നാനായ കത്തോലിക്ക ദൈവാലയത്തിലെയും റ്റീൻ മിനിസ്ട്രിയുടെ നേതൃത്വത്തിൽ 'ഫീഡ് മൈ സ്റ്റാർ വിങ്ങ് ചിൽഡ്രൻ' പ്രോഗ്രാമിന്റെ ഭാഗമായി ഷാമ്ബർഗിലെ ഫുഡ് പായ്ക്കിംഗിൽ പങ്കെടുത്തു. രണ്ട് ഇടവകയിൽനിന്നുമായി നൂറു കണക്കിന് കുട്ടികൾ മാതാപിതാക്കളുടെ നേതൃത്വത്തിൽ പങ്കെടുത്തു. നോമ്പിന്റെ ചൈതന്യത്തിൽ കാരുണ്യത്തിന്റെ കരുതലായിമാറാൻ റ്റീൻ മിനിസ്ട്രി വഴി സാധിച്ചു. രണ്ട് ഇടവകയിലെയും റ്റീൻ മിനിസ്ട്രി കോ-ഓർഡിനേറ്റേഴ്സ് സിറിയക് കീഴങ്ങാട്ട്, നമീസ ഇടയത്തറയിൽ, മജോ കുന്നശ്ശേരിൽ, ജിനു നെടിയകാലായിൽ എന്നിവരും ഗ്രൂപ്പ് ലീഡേഴ്സ് മാലക് കിഴക്കേക്കുറ്റ്, റോമിന ചാലുങ്കൽ, ജോസിയ വാളത്താറ്റ്, മരീസ കക്കാട്ടിൽ, ജെഫിൻ ആനാലിൽ, അലീസ വാക്കേൽ, ജയിഡൻ പട്ടാർ കുഴിയിൽ, അഞ്ചലീന മണക്കാട്ട്, ജോഷ്ളിൻ തോട്ടുങ്കൽ, നഥാൻ മുരിങ്ങോത്ത്, ജയിക്ക് ഇടക്കരപുത്തൻപുരയ്ക്കൽ, ജോസ്ലിൻ പണയപറമ്പിൽ എന്നിവരും വിശ്വാസപരിശീലകരും പങ്കെടുത്തു. ഫൊറോന വികാരി ഫാ. തോമസ് മുളവനാൽ, സെന്റ് മേരീസ് വികാരി ഫാ. സിജു മുടക്കോടിൽ എന്നിവരും ടീം അംഗങ്ങളോടൊപ്പം പങ്കെടുത്തു.





# ജോൺ ഐസക്കിനെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90–ാം ഡിസ്ട്രിക്ടിലെ സ്ഥാനാർത്ഥിയായി റിപ്പബ്ലിക്കൻ പാർട്ടി പ്രഖ്യാപിച്ചു

**ശ്രീകുമാർ ഉണ്ണിത്താൻ**

ന്യൂയോർക്ക്: വെസ്റ്റ്ചെസ്റ്റർ കൗണ്ടി റിപ്പബ്ലിക്കൻ കൗണ്ടി കമ്മിറ്റി ഹേസ്റ്റിംങ് ഓൺ ഹഡ്സണിൽ ഉള്ള വെസ്റ്റ്ചെസ്റ്റർ മാനറിൽ ഫെബ്രുവരി 28 -ന് ഡഗ്ഗ് കോളറ്റിയുടെ (Doug Colety, Westchester Gop-Chairman) അദ്ധ്യക്ഷതയിൽ കൂടിയ Gop മീറ്റിങ്ങിൽ പാർട്ടിയുടെ യോങ്കേഴ്സ് ചെയർമാൻ റോബർട്ട് മോഫിറ്റു ജോൺ ഐസക്കിനെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90–ാം ഡിസ്ട്രിക്ടിലെ സ്ഥാനാർത്ഥിയായി പേര് നിർദേശിക്കുകയും അത് പാർട്ടി ഒന്നടങ്കം സപ്പോർട്ട് ചെയ്യുകയും ഉണ്ടായി. അങ്ങനെ പ്രൈമറി ഇല്ലാതെ തന്നെ റിപ്പബ്ലിക്കൻ പാർട്ടിയുടെ സ്ഥാനാർത്ഥിയായി പ്രഖ്യാപിക്കുകയും ചെയ്ത ചരിത്ര നിമിഷമാണ് ഉണ്ടായത്. ആ സ്ഥാനാർത്ഥിത്വത്തെ ജോൺ ഐസക് സ്വീകരിച്ചതോടെ റിപ്പബ്ലിക്കൻ പാർട്ടി അദ്ദേഹത്തെ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90–ാം ഡിസ്ട്രിക്ടിലെ പാർട്ടിയുടെ സ്ഥാനാർത്ഥിയായി പ്രഖ്യാപിച്ചു.

തന്റെ സ്ഥാനാർത്ഥിത്വത്തെ സ്വീകരിച്ചുകൊണ്ട് സംസാരിച്ച ജോൺ ഐസക്ക് ന്യൂയോർക്ക് സ്റ്റേറ്റിന്റെ പുരോഗതിക്കുവേണ്ടി പ്രവർത്തിക്കുമെന്ന് ഉറപ്പുനൽകി. അമേരിക്കയിലെ മലയാളി സമൂഹത്തിലും ന്യൂയോർക്കിലെ അമേരിക്കക്കാർക്കിടയിലും സുപരിചിതയായ ജോൺ ഐസക്കിന്റെ സ്ഥാനാർത്ഥിത്വത്തെ ഹർഷാരവത്തോടെയാണ് സദസ്സ് സ്വീകരിച്ചത്.

ഫൊക്കാന മുൻ ജനറൽ സെക്രട്ടറി കൂടിയായ അദ്ദേഹത്തെ പിന്തുണച്ചുകൊണ്ട് ഇന്ത്യൻ സമൂഹത്തിൽനിന്നും പ്രസീള പരമേശ്വരൻ (ഫൗണ്ടിങ് ചെയർമാൻ, ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), ഹാരി സിങ്ങ് (ചെയർമാൻ, ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), തോമസ് കോശി (ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), വെൻ പരമേശ്വരൻ (ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), സണ്ണി ചാക്കോ (ഏഷ്യൻ അമേരിക്കൻ റിപ്പബ്ലിക്കൻ കമ്മിറ്റി), വർഗീസ് എം. കുര്യൻ (ബോബൻ) (WMA പ്രസിഡണ്ട്), ജോസ് കാടാപ്പുറം (കൈരളീ ടി.വി), ചാക്കോ പി. ജോർജ്, ബാബു പൂപ്പള്ളിൽ, ഷോബി ഐസക് (YMA), റോയി എണ്ണശേരിൽ, ജോഷി മാത്യു (ഇന്ത്യൻ ഓർത്തഡോക്സ് ചർച്ച്, യോങ്കേഴ്സ്), ബാബു തുമ്പയിൽ, ഷാജി വർഗീസ്, സാമുവൽ കോശി, ശ്രീകുമാർ ഉണ്ണിത്താൻ തുടങ്ങി നിരവധി പേർ Gop മീറ്റിങ്ങിൽ പങ്കെടുത്തു. യോങ്കേഴ്സിലെ ഇന്ത്യൻ സമൂഹം രാഷ്ട്രീയമില്ലാതെ ജോൺ ഐസക്കിനെ പിന്തുണക്കുന്ന കാഴ്ചയാണ് കണ്ടത്.

നവംബർ അഞ്ചിനാണ് ഇലക്ഷൻ. മലയാളിക്ക് ലഭിക്കുന്ന വലിയൊരു അംഗീകാരമാണിത്. ഇന്ത്യക്കാർ ധാരാളമായി താമസിക്കുന്ന യോങ്കേഴ്സിൽ നാം ഒരുമിച്ചു വർക്ക് ചെയ്താൽ ജോൺ ഐസക്കിന്റെ വിജയം ഉറപ്പാണ് എന്ന് ഏവരും വിശ്വസിക്കുന്നു. അമേരിക്കയുടെ ആരോഗ്യ, ഐ.ടി. മേഖലകളിലും സാമൂഹിക സാമ്പത്തിക രംഗങ്ങളിലും ഇന്ത്യക്കാർ വളരെ ശോഭിക്കുമ്പോൾ അമേരിക്കയുടെ രാഷ്ട്രീയ രംഗത്ത് അവർ പിന്നോട്ടു പോകുന്ന കാഴ്ചയാണ് കാണുന്നത്. നമ്മളിൽ പലരും വോട്ട് ചെയ്യുവാൻ രജിസ്റ്റർ ചെയ്യുകയോ അല്ലെങ്കിൽ ചെയ്തവർ വോട്ട് ചെയ്യാനോ പോകുന്നത് വിരളമാണ്. ആ മനോഭാവം മാറിയെങ്കിൽ മാത്രമേ നമുക്ക് രാഷ്ട്രീയമായി മുന്നോട്ട് പോകുവാൻ കഴിയൂ.




18 വയസ്സ് കഴിഞ്ഞ എല്ലാവരും വോട്ടിനു രജിസ്റ്റർ ചെയ്യുകയും ഏർലി വോട്ടിങ്ങിനു നാം തയാർ ആവണമെന്നും ജോൺ ഐസക് അഭിപ്രായപ്പെട്ടു. 73000 വോട്ടേഴ്സ് ഉള്ള ഈ ഡിസ്ട്രിക്ടിൽ നല്ലയൊരുഭാഗം ഇന്ത്യക്കാർ താമസിക്കുന്ന സ്ഥലമാണ്. ആദ്യമായയാണ് ഇവിടെ മത്സരിക്കാൻ നമ്മുടെ ഒരാളിന് അവസരം ലഭിക്കുന്നത്. ഈ അവസരം നമ്മൾ നല്ലവണ്ണം വിനിയോഗിച്ചാൽ കൂടുതൽ യൂത്തിന് ഈ രംഗത്തേക്ക് കടന്നു വരുവാൻ പ്രചോദനം ആകും. ഇലക്ഷന് സാമ്പത്തികവും ഒരു പ്രധാന ഘടകം ആണ്. നമ്മളാൽ കഴിയുന്നത് സാമ്പത്തികമായും സഹായിച്ചാൽ അദ്ദേഹത്തിന് നല്ല ഒരു മാർജിനിൽ ജയിച്ചു വരാം എന്നാണ് ഏവരും കണക്കാക്കുന്നത്.



അമേരിക്കയുടെ രാഷ്ട്രീയ രംഗത്ത് മലയാളികൾ ചരിത്രംതിരുത്തി മുന്നേറുമ്പോൾ, നമുക്ക് ജോൺ ഐസക്കിന്റെ പിന്നിൽ അണിനിരന്ന് അദ്ദേഹത്തിന് വേണ്ടി പ്രവർത്തിക്കാം. നമ്മുടെ ഏവരുടെയും സപ്പോർട്ട് ഉണ്ട് എങ്കിൽ ന്യൂയോർക്ക് സ്റ്റേറ്റ് അസംബ്ലി 90–ാം ഡിസ്ട്രിക്ടിൽ അദ്ദേഹം അനായാസം വിജയിക്കും. അതിന് വേണ്ടി നമുക്ക് ഒരുമിക്കാം.

FAMILY DENTAL Practice
9709 N. Milwaukee Ave, Glenview, Il-60025, (Northwest Corner of Milwaukee & Greenwood
Office: (847) 581-1418,
Fax: (847) 581-1445



GENERAL DENTIST, IMPLANT, ORTHODONTIC TREATMENT, GUM SURGERY, WISDOM TOOTH EXTRACTIONS

- WHITENING, VENEERS, BONDING, ROOT CANALS, GUM DISEASE, CLEANING, WHITE FILLINGS, DENTURES/PARTIALS, RELINE, CROWNS, BRIDGES, INTRA-ORAL CAMERA DIGITAL IMAGE, STATE OF THE ART STERILIZATION SYSTEM
- ORTHODONTICS (BRACES & INVISALIGN) for Children and Adult
- DISCOUNTS AVAILABLE



Dr. Susan Edukutharayil
B.D.S, D.D.S
(University of Illinois Graduate)
Practicing Dentistry in Chicago land area for the past 25 years!!

www.MyDentistToday.com

ACHIEVE REAL ESTATE GROUP, INC.

Achieve Real Estate

For All Your Real Estate Needs
Please Call ...

THOMAS KURUVILLA KARIKULAM
Real Estate Broker
1-847-219-6050
834 Rand Rd Mount Prospect IL 60056



FULL TIME REALTOR

# പമ്പ നേതൃത്വം നല്കിയ ഫൊക്കാന കൺവൻഷൻ കിക്കോഫ് വൻവിജയമായി

ജോർജ് ഓലിക്കൽ

ഫിലാഡൽഫിയ: ഫൊക്കാനയുടെ 2024-ലെ കൺവൻഷന്റെ ഭാഗമായി പമ്പ മലയാളി അസോസിയേഷൻ സംഘടിപ്പിച്ച ഫൊക്കാന കൺവൻഷൻ കിക്കോഫിൽ അറുപതിൽപ്പരം പേർ രജിസ്റ്റർ ചെയ്തു.

ഫെബ്രുവരി 17-ന് ബെൻസേലം എലൈറ്റ് ഇന്ത്യൻ റസ്റ്റോറന്റിലാണ് കിക്കോഫ് പരിപാടികൾ നടന്നത്. ഫിലാഡൽഫിയായിലും പരിസരപ്രദേശങ്ങളിലും പ്രവർത്തിക്കുന്ന ഫൊക്കാനയുടെ അംഗസംഘടനയായ പമ്പയോടൊപ്പം മേളയും ഫിൽമയും കിക്കോഫിൽ പങ്കുചേർന്നു.






ഫൊക്കാന കൺവൻഷൻ രജിസ്ട്രേഷൻ കിക്കോഫിന് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ മുഖ്യാതിഥിയായിരുന്നു. പമ്പ പ്രസിഡണ്ട് റവ. ഫിലിപ്പ് മോഡയിലിന്റെ അദ്ധ്യക്ഷതയിൽ ചേർന്ന സമ്മേളനത്തിൽ പമ്പ ജനറൽ സെക്രട്ടറി ജോൺ പണിക്കർ ഏവരെയും സാഗതം ചെയ്തു. വൈസ് പ്രസിഡണ്ട് ജോർജ് ഓലിക്കൽ പരിപാടികൾ ഏകോപിപ്പിച്ചു.

ഫൊക്കാന ജനറൽ സെക്രട്ടറി ഡോ. കലാ ഷഹി ഫൊക്കാന പ്രവർത്തനങ്ങൾ വിശദീകരിച്ചു. കേരളത്തിലും അമേരിക്കയിലും നടത്തപ്പെടുന്ന ബഹുമുഖ പ്രവർത്തനങ്ങളിലൂടെ ഫൊക്കാന എന്നും മലയാളി സമൂഹത്തിനൊപ്പമാണെന്ന് പറഞ്ഞു.

പെൻസിൽവേനിയ സ്റ്റേറ്റ് റെപ്രസെന്റേറ്റീവ് താരീഫ് ഖാൻ, പൗരപ്രമുഖരായ ആനന്ദ് പട്ടേൽ, ഷോൺ ഡോക്കർട്ടി, ഫൊക്കാന പ്രതിനിധി ജോർജ് പണിക്കർ, പമ്പ പ്രതിനിധി രാജൻ സാമുവൽ എന്നിവരും ആശംസകൾ നല്കി.

ഫൊക്കാനയുടെ എക്കാലത്തെയും ശക്തി ശ്രോതസ്സുകളിലൊന്നായ നഗരവും അസോസിയേഷനുമാണ് ഫിലാഡൽഫിയായും പമ്പയുമെന്നും പമ്പയുടെ സ്ഥാപക നേതാക്കളിലൊരാളും കിക്കോഫ് കോ-ഓർഡിനേറ്ററുമായ അലക്സ് തോമസ് പറഞ്ഞു. ഫിലാഡൽഫിയായിലെ പൗരമുഖ്യരെയും അഭ്യുദയകാംക്ഷികളെയും കൺവൻഷനിൽ പങ്കെടുപ്പിക്കുവാനുള്ള ശ്രമങ്ങൾ നടക്കുന്നുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.



ഫൊക്കാന നേതൃത്വത്തിന് പമ്പ മലയാളി അസോസിയേഷൻ നല്കിയ സ്വീകരണത്തിന് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ നന്ദി പറയുകയും ഫിലാഡൽഫിയായിൽ വിജയകരമായി സംഘടിപ്പിച്ച രജിസ്ട്രേഷൻ കിക്കോഫിന് നേതൃത്വം കൊടുത്ത പമ്പയെ അഭിനന്ദിക്കുകയും ചെയ്തു.

പമ്പയുടെയും മറ്റ് അംഗസംഘടനകളുടെ കലവറയില്ലാത്ത സഹകരണവും പിന്തുണയും ഉറപ്പാക്കുമെന്നും പമ്പ ബോർഡ് ഓഫ് ട്രസ്റ്റി ചെയർമാൻ സുധ കർത്ത പറഞ്ഞു.

ഫൊക്കാന കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ കൺവൻഷൻ പരിപാടികളെപ്പറ്റി വിശദീകരിച്ചു. റൂമുകൾ അതിവേഗം ബുക്ക് ചെയ്യപ്പെടുന്നെന്നും ഫൊക്കാന ഇതുവരെ കാണാത്ത രീതിയിലുള്ള പരിപാടികളാണ് അണിഞ്ഞൊരുങ്ങുന്നതെന്നും ഈ ആഘോഷരാവുകളിലേക്ക് ഏവരെയും ക്ഷണിക്കുകയാണെന്നും പറഞ്ഞു.

കൺവൻഷൻ കിക്കോഫിന് കോ-ഓർഡിനേറ്റർ അലക്സ് തോമസ് നേതൃത്വം നല്കി. പമ്പ പ്രസിഡണ്ട് റവ. ഫിലിപ്പ് മോഡയിലിനോടൊപ്പം വൈസ് പ്രസിഡണ്ട് ജോർജ് ഓലിക്കൽ, ജനറൽ സെക്രട്ടറി ജോൺ പണിക്കർ, ട്രഷറർ സുമോദ് നെല്ലിക്കാല, സുധ കർത്ത, രാജൻ സാമുവൽ, തോമസ് പോൾ, മോഡി ജേക്കബ്, ഫിലിപ്പോസ് ചെറിയാൻ, റോണി വറുഗീസ്, ജോർജ് നടവയൽ, ജോർജുകുട്ടി ലൂക്കോസ്, സുരേഷ് നായർ, റോയി സാമുവൽ, ട്രൈസ്റ്റേറ്റ് കേരളാ ഫോറം ചെയർമാൻ അഭിലാഷ് ജോൺ, മേള പ്രതിനിധികളായ ലോറൻസ് തോമസ്, സിറാജ് സിറാജുദ്ദീൻ എന്നിവരും പമ്പയുടെ അംഗങ്ങളും അഭ്യുദയകാംക്ഷികളുമായ അറുപതിൽപ്പരം പേരും കിക്കോഫിൽ പങ്കെടുത്ത് രജിസ്റ്റർ ചെയ്തു. പമ്പ ട്രഷറർ സുമോദ് നെല്ലിക്കാല നന്ദി പ്രകാശിപ്പിച്ചു.

2024 ജൂലൈ 18 മുതൽ 20 വരെ മെരിലാന്റിലുള്ള മാരിയറ്റ് ഹോട്ടൽ ആൻഡ് കൺവൻഷൻ സെന്ററിലാണ് ഫൊക്കാന കൺവൻഷൻ നടക്കുക.

ഫിലാഡൽഫിയയിൽ നിന്ന് ഫൊക്കാന കൺവൻഷന് രജിസ്റ്റർ ചെയ്യാൻ ആഗ്രഹിക്കുന്നവർ ബന്ധപ്പെടുക: റവ. ഫിലിപ്പ് മോഡയിൽ (പമ്പ പ്രസിഡണ്ട്) 267 565 0335, അലക്സ് തോമസ് (കോ-ഓർഡിനേറ്റർ), സുധ കർത്ത 267 575 7333, ജോർജ് ഓലിക്കൽ 215 873 4365, ജോൺ പണിക്കർ 215 605 5109, സുമോദ് നെല്ലിക്കാല 267 322 8527, രാജൻ സാമുവൽ 215 435 1015, റോണി വറുഗീസ് 267 213 5544, മോഡി ജേക്കബ് 215 667 0881.





# ചിക്കാഗോ എക്യുമെനിക്കൽ കൗൺസിൽ പ്രവർത്തനോദ്ഘാടനവും ലോക പ്രാർത്ഥനാദിനവും ആചരിച്ചു



ചിക്കാഗോ: ചിക്കാഗോ എക്യുമെനിക്കൽ കൗൺസിലിന്റെ 2024-ലെ പ്രവർത്തനോദ്ഘാടനവും ലോക പ്രാർത്ഥനാദിനവും ലമ്പാർഡിലുള്ള സെന്റ് തോമസ് മാർത്തോമ്മാ ദേവാലയത്തിൽ വെച്ച് ഫെബ്രുവരി 24-ാം തീയതി ശനിയാഴ്ച രാവിലെ നടത്തപ്പെട്ടു. റവ. എബി എം. തോമസ് തരകന്റെ പ്രാരംഭ പ്രാർത്ഥനയ്ക്കു ശേഷം വന്ദ്യ വൈദികരും കൗൺസിൽ അംഗങ്ങളും പ്രദക്ഷിണമായി ദേവാലയത്തിൽ പ്ര

**കാർമ്മൽ തോമസ്**

വേശിച്ചു. തദവസരത്തിൽ ലമ്പാർഡ് സെ. തോമസ് മാർത്തോമ്മാ ചർച്ച് ഗായകസംഘം പ്രാർത്ഥനാഗാനം ആലപിച്ചു.

വേൾഡ് ഡേ ഓഫ് പ്രെയറിന്റെ ചെയർമാൻ റവ. അജിത് കെ. തോമസ് ഏവർക്കും സ്വാഗതമാശംസിച്ചു. തുടർന്നു നടന്ന അദ്ധ്യക്ഷപ്രസംഗത്തിൽ എക്യു. കൗൺസിൽ പ്രസിഡണ്ട് വെ



രി റവ. സ്കറിയ തേലാപ്പിള്ളിൽ കോർഎപ്പിസ്കോപ്പ "നമ്മുടെ ഓരോ പ്രവൃത്തിയിലും ദൈവപ്രീതി നേടുക എന്നതാണ് മനുഷ്യപ്രീതി നേടുക എന്നതിലും ഏറെ അഭികാമ്യം" എന്ന മഹത് സന്ദേശം നല്കി.

അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തിന്റെ ഉദ്ഘാടന പ്രഭാഷണത്തിൽ ക്രൈസ്തവ സഭകൾ പരസ്പര സൗഹൃദം പങ്കുവെച്ചുകൊണ്ട് നമ്മുടെ വിശ്വാസപാരമ്പര്യം സംരക്ഷിക്കേണ്ടതിന്റെ ആവശ്യകത സമൂഹത്തെ ഓർമ്മപ്പെടുത്തി. അഭി. അങ്ങാടിയത്ത് പിതാവും കൗൺസിൽ ഭാരവാഹികളും ചേർന്ന് നിലവിളക്ക് തെളിച്ച് 2024-ലെ പ്രവർത്തനങ്ങൾ ഉദ്ഘാടനം ചെയ്തു. എക്യു. കൗൺസിൽ വിമൻസ് ഫോറം കൺവീനർ, വേൾഡ് ഡേ ഓഫ് പ്രെയർ കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്ന സാറാ വർഗീസ് പ്രോഗ്രാം എംസി ആയിരുന്നു.

പ്രാർത്ഥനയ്ക്കായി തെരഞ്ഞെടുക്കപ്പെട്ട പലസ്തീൻ രാജ്യത്തിന്റെ സംസ്കാരം, ചരിത്രം, ഭൂപ്രകൃതി, ജീവിതരീതി എന്നിവ സാറാ വർഗീസ് പവർ പോയിന്റിൽ അവതരിപ്പിച്ചു. എഫേ. 4:1-7 വാക്യങ്ങളെ ആസ്പദമാക്കി തെരഞ്ഞെടുത്ത 'ഞാൻ നിങ്ങളെ പ്രബോധിപ്പിക്കുന്നു... സ്നേഹത്തിൽ അന്യോന്യം പൊറുക്കുക' എന്നതാണ് ഈ വർഷത്തെ ചിന്താവിഷയം. ഈ വേദഭാഗം ലിൻസി ജോൺ വായിച്ചു. ഈ വിഷയത്തെ ആസ്പദമാക്കി നടന്ന അനുതാപ, സമാധാന, മദ്ധ്യസ്ഥ, സ്തോത്രപ്രാർത്ഥനകൾക്ക് ഷിനു നൈനാൻ, ഡെൽസി മാത്യു, വർഷ സഖറിയ, കാർമൽ തോമസ് എന്നിവർ നേതൃത്വം നല്കി. പലസ്തീനിലെ സ്ത്രീകളുടെ അനുഭവകഥകൾ സൂസൻ ചാക്കോ, സൂസൻ സാമുവൽ, സൂസൻ ഇടമല എന്നിവർ പങ്കുവെച്ചു. സമാധാനഗാനം അറബിയിലും മലയാളത്തിലും ഇംഗ്ലീഷിലും ഗായകസംഘത്തോടൊപ്പം സമൂഹം ആലപിച്ചു. ഗാനശുശ്രൂഷകൾക്ക് ജേക്കബ് ജോർജ് നേതൃത്വം നല്കി.

വേൾഡ് ഡേ ഓഫ് പ്രെയറിന്റെ സന്ദേശം നല്കിയ ബിനു അജിത്ത് കൊച്ചമ്മ "സഹജീവികളെ കൈകൊടുത്ത് ഉയർത്തി എടുക്കുന്നതാണ് ഏറ്റം ഉദാത്തമായ മാനുഷിക ഭാവം" എന്ന് ഉദ്ബോധിപ്പിച്ചു. ദുരിതം അനുഭവിക്കുന്ന പാലസ്തീനിന് സംഭാവന നല്കുന്നതിന് സ്തോത്രകാഴ്ചകൾ എടുക്കുകയും റവ. ജോ വർഗീസ് മലയിൽ അതിന്മേൽ പ്രാർത്ഥിക്കുകയും ചെയ്തു. സാറാ വർഗീസ് ഏവർക്കും നന്ദി രേഖപ്പെടുത്തി.

ക്രിസ്തുവിന്റെ സമാധാനം എന്നർത്ഥമുള്ള 'സലാം അൽമസി' ഏവരും അന്യോന്യം ആശംസിച്ചു. റവ. അജിത് കെ. തോമസിന്റെ സമാപന പ്രാർത്ഥനയ്ക്ക് ശേഷം അഭി. അങ്ങാടിയത്ത് പിതാവ് ആശീർവാദ പ്രാർത്ഥന നടത്തി. ലമ്പാർഡ് മാർത്തോമ്മാ ചർച്ച് സേവികാസംഘം ഒരുക്കിയ വിരുന്നോടെ സമ്മേളനം സമാപിച്ചു.

# പൊങ്കാല പൊടിപൂരമാക്കി ഹൂസ്റ്റൺ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രം

ഹൂസ്റ്റൺ: ഈ വർഷത്തെ പൊങ്കാല മഹോത്സവം ഫെബ്രുവരി 24-ന് ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിൽ



വെച്ച് അതിഗംഭീരമായി ആഘോഷിച്ചു. ഹൈന്ദവരുടെ വിശ്വാസങ്ങളിൽ ദേവി പ്രീതിക്കുവേണ്ടിയുള്ള ആചാരങ്ങളിൽ ഏറ്റവും പ്രശസ്തമായിട്ടുള്ള ഒന്നാണ് ആറ്റുകാൽ പൊങ്കാല. കേരളത്തിൽ മാത്രമല്ല ലോകത്തെമ്പാടുമുള്ള ഹൈന്ദവ സ്ത്രീകൾ വ്രതമെടുത്ത് അതീവ ഭക്തിയോടെ കൊണ്ടാടുന്ന ഈ പവിത്രമായ ആചാരം കുടുംബത്തിന്റെ സർവ്വ ഐശ്വര്യത്തിനും വേണ്ടി ഉള്ളതാണ്. ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രത്തിന്റെ ആഭിമുഖ്യത്തിൽ വിപുലമായ സജ്ജീകരണങ്ങൾ ആണ് ഈ വർഷത്തെ പൊങ്കാല മഹോത്സവത്തോടനുബന്ധിച്ച് ഭക്തജനങ്ങൾക്കായി ഒരുക്കിയിരുന്നത്. അമേരിക്കയിലെ പല ഭാഗങ്ങളിൽ നിന്നായി വന്നുചേർന്ന നിരവധി സ്ത്രീജനങ്ങൾ അമ്പലമുറ്റത്തു പ്രത്യേകമായി തയ്യാറാക്കിയ പൊങ്കാല അടുപ്പുകളിൽ ദേവി പ്രീതിക്കായി പൊങ്കാല അർപ്പിച്ചു. അന്നേ ദിവസം അതിരാവിലെ തന്നെ മേൽശാന്തി സൂരജ് തിരുമേനിയുടെ കാർമ്മികത്വത്തിൽ ആരംഭിച്ച വിശേഷാൽ പൂജകൾക്കുശേഷം രാവിലെ 11 മണിയോടെ ദേവി സന്നിധിയിൽ നിന്നും പകർന്നെടുത്ത തിരിനാളം ചെണ്ടമേളത്തിന്റെ അകമ്പടിയോടെ എഴുന്നള്ളിച്ച് പൊങ്കാല മണ്ഡപത്തിൽ പ്രത്യേകമായി തയാറാക്കിയ പണ്ടാരഅടുപ്പിൽ തെളിയിച്ചതോടെ ചടങ്ങുകൾക്ക് തുടക്കമായി. "അമ്മേ നാരായണ ദേവി നാരായണ" വിളികളാൽ മുഖരിതമായ ക്ഷേത്രാങ്കണത്തിൽ നൂറുകണക്കിന് ദേവി ഭക്തർ തങ്ങളുടെ പൊങ്കാല നിവേദ്യം അർപ്പിച്ചു. നിരവധി പേർക്ക് പണ്ടാരഅടുപ്പിൽ പൊങ്കാല അർപ്പിച്ചു തൃപ്തിപ്പെടേണ്ടി വന്നു എന്നുള്ളത് ഈ ചടങ്ങിന്റെ കൂടിക്കൂടി വരുന്ന ജനപങ്കാളിത്തം വിളിച്ചോതുന്നു. പണ്ടാര അടുപ്പിൽ തയ്യാറാക്കിയ നിവേദ്യം പകർന്നു, ദേവി സന്നിധിയിലേക്ക് ആനയിച്ചു ദേവിക്ക് നിവേദിച്ച ശേഷം തിരിച്ച് പൊങ്കാലമണ്ഡപത്തിലെത്തിച്ച് ഓരോ പൊങ്കാല കലങ്ങളിലും തളിച്ച് ദേവി കടാക്ഷം ഏവർക്കും പകർന്നു നൽകിയതോടെ ചടങ്ങുകൾക്ക് സമാപനമായി. തുടർന്ന് നടന്ന രുചികരമായ ഗുരുവായൂർ സദ്യ ഏവരുടെയും പ്രശംസക്ക് കാരണമായി.

ചടങ്ങുകൾക്ക് നേതൃത്വം കൊടു

**ശങ്കരൻകുട്ടി**

ത്തുകൊണ്ട് പ്രസിഡണ്ട് സുനിൽ നായർ, പൂജ കമ്മിറ്റി ചെയർ രാജി പിള്ള, ഉത്സവകമ്മിറ്റി ചെയർ മഞ്ജു തമ്പി, ട്രസ്റ്റി ചെയർ രമാ പിള്ള, മറ്റെല്ലാ ബോർഡ് മെമ്പേഴ്സും ട്രസ്റ്റീ മെമ്പേഴ്സും ആദ്യം മുതൽ അവസാനം വരെ സന്നിഹിതരായിരുന്നു.

തുടർ വർഷങ്ങളിൽ കൂടുതൽ തയ്യാറെടുപ്പുകളോടെ അതിഗംഭീരമായി പൊങ്കാല ആഘോഷിക്കുവാനും കൂടുതൽ ആളുകളിലേക്ക് പൊങ്കാലയുടെ മഹിമ എത്തിക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ കാലേക്കൂട്ടി ആരംഭിക്കുമെന്നും ക്ഷേത്ര കമ്മിറ്റി അറിയിച്ചു.

# ചിക്കാഗോ കെ.സി.എസ് കപ്പിൾസ് നൈറ്റ് അവിസ്മരണീയമായി

**സിബു കുളങ്ങര**

ചിക്കാഗോ: കെ.സി.എസ് കുടുംബബന്ധം ഊഷ്മളമാക്കുവാനായി ദമ്പതികൾക്കായി നടത്തിയ കപ്പിൾസ് നൈറ്റ് പങ്കെടുത്തവർക്കെല്ലാം ഒരു അവിസ്മരണീയ രാവായി മാറി.

ഞായറാഴ്ച വൈകിട്ട് അഞ്ച് മുപ്പതിന് ഒലിവു പാലസ് ബാങ്കറ്റിൽ ആരംഭിച്ച ചടങ്ങിൽ ബ്രസീലിയൻ സാംബ ടീം ഒരുക്കിയ സാംബ നൃത്തത്തിനൊപ്പം വനിതകളും പുരുഷന്മാരും ഒന്നിച്ചു നൃത്തച്ചുവടുകൾ വെച്ചത് ഒരു നവ്യാനുഭവമായി.

കപ്പിൾസ് പ്രൊസഷനിൽ മികച്ച നൃത്തച്ചുവടുകൾ വെച്ച ജോയ്സ്മോൻ–സോനു പുത്തൻപുരയിൽ ദമ്പതികൾ ഒന്നാം സ്ഥാനവും ഭർത്താക്കന്മാർക്കിടയിൽ ഏറ്റവും മനോഹരമായ വസ്ത്രധാരണത്തിനു ഷാജി പിണർക്കയിലും ഭാര്യ പ്രിയയും അർഹരായി.

പ്രമുഖ ഫോട്ടോഗ്രാഫർ ഡൊമിനിക് ചൊള്ളമ്പേൽ ദമ്പതികളുടെ കുടുംബ ചിത്രങ്ങളും ചടങ്ങിലെ മറ്റ് അതുല്യ നിമിഷങ്ങളും ക്യാമറയിൽ പകർത്തി.

കെ.സി.എസ് സെക്രട്ടറി സിബു കുളങ്ങര ഏവർക്കും സ്വാഗതം പറഞ്ഞു. തോമസുകുട്ടി തേക്കുംകാട്ടിൽ & റോജ, ജിജു വെട്ടിക്കാട്ട് & ഷാനിൽ, ഡിബിൻ വിലങ്ങുകല്ലേൽ & ആൻ വർഷ, മോഹിൻ മാമ്മൂട്ടിൽ & ആൽബി എന്നിവർ വിവിധ ഘട്ടങ്ങളിൽ എംസിമാരായി പ്രവർത്തിച്ചു.

കെ.സി.എസ് പ്രസിഡണ്ട് ജെയിൻ മാക്കീൽ പ്രണയദിനത്തെക്കുറിച്ച് സംസാരിച്ചു. സാജു കണ്ണമ്പള്ളിയും ജിൽസ് മാത്യുവും ചേർന്ന് അംഗങ്ങളെ പങ്കെടുപ്പിച്ചു നടത്തിയ സംഗീതമത്സരം ഏറെ ശ്രദ്ധ നേടി. റൊണാൾഡ് പൂക്കുമ്പേൽ നടത്തിയ കുസൃതിചോദ്യ മത്സരം ഏവർക്കും ആസ്വാദ്യകരമായി. വല്ലാടൻ ലൈവ് നെവിൻ കുര്യന്റെ ഡി.ജെ ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ജെ.ബി. സൗണ്ട്സ് & ഡെക്കറേഷൻസ് വളരെ മനോഹരമായി വേദികൾ അലങ്കരിക്കുകയും ശബ്ദോപകരണങ്ങൾ കൈകാര്യം ചെയ്യുകയും ചെയ്തു.

പരിപാടികൾക്ക് കെ.സി.എസ് എക്സിക്യൂട്ടീവ് അംഗങ്ങളായ ജെയിൻ മാക്കീൽ, ജിനോ കക്കാട്ടിൽ, സിബു കുളങ്ങര, ബിനോയ് കിഴക്കനടിയിൽ, തോമസുകുട്ടി തേക്കുംകാട്ടിൽ എന്നിവർക്കു പുറമെ മഞ്ജു കൊല്ലപ്പള്ളിൽ, ടോസ്മി കൈതക്കത്തൊട്ടിയിൽ, സോനു പുത്തൻപുരയിൽ, അഭിലാഷ് നെല്ലാമറ്റം, മോഹിൻ മാമ്മൂട്ടിൽ, ആൻ വർഷ, ഷാനിൽ വെട്ടിക്കാട്ട്, മഞ്ജിരി തെക്കുനിൽക്കുന്നതിൽ തുടങ്ങിയവർ നേതൃത്വം നല്കി.

ഒലിവു പാലസ് ബാങ്കറ്റ് നടത്തിയ വിഭവസമൃദ്ധമായ അത്താഴം ഏറെ ആസ്വാദ്യകരമായി. പരിപാടികൾ കെവി ടിവിയിൽ ലൈവ് ആയി സംപ്രേഷണം ചെയ്യപ്പെട്ടു.

**ഫോട്ടോ: ഡൊമിനിക് ചൊള്ളമ്പേൽ**






























# ഡോ. കലാ ഷഹി– ഫൊക്കാനയ്ക്ക് സാംസ്കാരിക മുഖം നല്കിയ സംഘാടക

**ജോർജ് പണിക്കർ, ചിക്കാഗോ**

**ഫൊ**ക്കാന ജനറൽ സെക്രട്ടറിയും 2024-2026 കാലയളവിൽ ഫൊക്കാന പ്രസിഡണ്ട് സ്ഥാനാർത്ഥിയുമായ ഡോ. കലാ ഷഹി ഫൊക്കാനയുടെ സാംസ്കാരിക മുഖമായി മാറിക്കഴിഞ്ഞ സംഘാടകയാണ്. ഏവർക്കും മാതൃകയായ സാമൂഹിക പ്രവർത്തക. തുടക്കം മുതൽ ഫൊക്കാനയ്ക്കൊപ്പം നിലകൊണ്ട നേതാവ്. സംഘടനയുടെ നിരവധി പദവികൾ വഹിച്ച് 2020-2022 കാലയളവിൽ വിമൻസ് ഫോറം ചെയർ പേഴ്സണായി പ്രവർത്തിക്കാൻ ലഭിച്ച കാലയളവ് ഫൊക്കാനയുടെ വഴിത്തിരിവുകൾക്ക് തുടക്കമായി. ഫൊക്കാനയെ ജീവകാരുണ്യ പ്രവർത്തനങ്ങളുടെ പുതിയ പ്രവർത്തന മുഖത്തേക്ക് പിടിച്ചു കയറ്റിയ 'കരിസ്മ' പ്രോജക്ടിന് നേതൃത്വം നല്കിയ ഡോ. കലാ ഷഹി, ഡോ. ഗോപിനാഥ് മുതുകാടിന്റെ നൂറ് ഭിന്നശേഷിക്കാരായ കുട്ടികളുടെ ജീവിതത്തിന് കൈത്താങ്ങ് ആകുകയായിരുന്നു.

പാർശ്വവത്കരിക്കപ്പെട്ട കുഞ്ഞുങ്ങൾക്കും അവരുടെ അമ്മമാർക്കും കരുത്തായ കരിസ്മയിൽ നിന്നുള്ള കരുത്തായിരുന്നു ആ കുട്ടികളുടെ പിന്നീടുള്ള വളർച്ചയുടെ തുടക്കം. പദ്ധതി വിജയമായി എന്ന് മാത്രമല്ല, സാമ്പത്തികമായി ഏറെ പിന്നോക്കം നിൽക്കുന്ന നിരവധി അമ്മമാരും കുട്ടികളും സ്വയം തൊഴിൽ നേടാൻ പ്രാപ്തരാകുകയും ചെയ്തു. ഒരു ഭിന്നശേഷിയുള്ള കുട്ടിയുണ്ടായാൽ ഏറ്റവുമധികം ബുദ്ധിമുട്ടേണ്ടി വരുന്നത് അമ്മയാണെന്നും അതുകൊണ്ട് അമ്മമാരെ സ്വയം പര്യാപ്തരാക്കണമെന്നും അവർക്ക് പുതിയ പ്രതീക്ഷകൾ നല്കണമെന്നും മനസ്സിലുറച്ചാണ് കലാ ഷഹി ഈ പ്രവർത്തനം ഏറ്റെടുത്തത്. കോവിഡ് കാലത്താണെങ്കിലും ഓൺലൈനിൽ നിരവധി പരിപാടികളിലൂടെ അമേരിക്കൻ മലയാളി കുടുംബങ്ങളെ ലൈവാക്കി നിർത്തുകയും ഫൊക്കാനയുടെ പ്രവർത്തനങ്ങൾ ജനകീയമാക്കുകയും ചെയ്തു.

ഫൊക്കാനയുടെ അക്കാലത്തെ പ്രവർത്തനങ്ങൾക്ക് കരുത്താകുവാൻ വിമൻസ് ഫോറത്തിന്റെ പ്രവർത്തനങ്ങൾക്ക് കഴിഞ്ഞു എന്നതിൽ അതിശയോക്തിയില്ല. ഡോ. കലാ ഷഹിയുടെ നേതൃത്വപാടവത്തിന്റെ ഏറ്റവും വലിയ ഉദാഹരണമായിരുന്നു അക്കാലത്ത് ഫൊക്കാന വിമൻസ് ഫോറം നടപ്പിലാക്കിയ പ്രവർത്തനങ്ങൾ. കോവിഡ് മഹാമാരിക്കാലത്ത് ഡിജിറ്റൽ സാദ്ധ്യതകളെ പരീക്ഷിക്കുകയും വലിയ മാറ്റങ്ങൾക്ക് തുടക്കമിടുവാനും ഡോ. കലാ ഷഹിക്ക് കഴിഞ്ഞു. കോവിഡ് കാലത്താണെങ്കിലും ഓൺലൈനായി നിരവധി പരിപാടികളിലൂടെ അമേരിക്കൻ മലയാളി കുടുംബങ്ങളെ ഡിജിറ്റൽ പ്ലാറ്റ്ഫോമിൽ അണിനിരത്തുവാനും മെഗാ വിമൻസ് ഫോറത്തിനു തുടക്കം കുറിക്കുവാനും സാധിച്ചു. നൂറ്റിഅൻപതിൽ അധികം അംഗങ്ങളെ ഉൾപ്പെടുത്തി ഫൊക്കാന വിമൻസ് ഫോറം ഒരു മെഗാ കമ്മിറ്റിയായി വിപുലീകരിച്ചു. ഫൊക്കാനയുടെ 2020-2022 ഫ്ളോറിഡ നാഷണൽ കൺവൻഷന്റെ തുടക്കം മുതൽ അവസാനം വരെ കലാപരിപാടികൾ കോ-ഓർഡിനേറ്റ് ചെയ്യുവാൻ ഡോ. കലാ ഷഹിക്ക് കഴിഞ്ഞത് തന്റെ പ്രതിഭയുടെയും സംഘാടന പ്രാവീണ്യത്തിന്റെയും മേന്മ കൊണ്ട് മാത്രമാണ്.

2022-2024 വർഷത്തിൽ ഡോ. ബാബു സ്റ്റീഫന്റെ നേതൃത്വത്തിൽ ഫൊക്കാനയ്ക്ക് പുതിയ നേതൃത്വം ഉണ്ടായപ്പോൾ ജനറൽ സെക്രട്ടറിയായി മാറിയ ഡോ. കലാ ഷഹി തന്റെ പ്രവർത്തനംകൊണ്ട് ഫൊക്കാനയ്ക്ക് ഒരു അടുക്കും ചിട്ടയും കൊണ്ടുവന്നു എന്നു മാത്രമല്ല, നിരവധി പരിപാടികൾ സമർത്ഥമായി കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്തു. അതിൽ ഏറ്റവും പ്രധാനം ഫൊക്കാനയുടെ 2023-ലെ ഓണാഘോഷ പരിപാടികളുടെ സംഘാടനമാണ്. വാഷിങ്ടണിൽ സംഘടിപ്പിച്ച ഓണാഘോഷത്തിന്റെ മാസ്റ്റർ ബ്രെയിൻ കലാ ഷഹി ആയിരുന്നു. ഫൊക്കാനയുടെ ചരിത്രത്തിൽ എഴുതപ്പെടേണ്ട ഓണാഘോഷ പരിപാടികളായിരുന്നു വാഷിങ്ടൺ ഡിസിയിൽ അരങ്ങേറിയത്.

അമേരിക്കൻ മലയാളി യുവസമൂഹത്തെ രാഷ്ട്രീയ രംഗത്തേക്ക് അവതരിപ്പിക്കുന്ന വൈറ്റ് ഹൗസ് സ്കോളർഷിപ് പദ്ധതി, സ്കൂൾ കുട്ടികൾക്കായുള്ള സ്കോളർഷിപ് പദ്ധതിയുടെ പിന്നിലെ പ്രവർത്തനങ്ങൾ ക്രോഡീകരിക്കുന്നതും ഡോ. കലാ ഷഹി തന്നെ.

ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫന്റെ പിന്തുണയും ഫൊക്കാനയുടെ തുടക്കം മുതലുള്ള മുതിർന്ന നേതാക്കളുടെ പിന്തുണ, ഫൊക്കാന യുവസമൂഹത്തിന്റെ പിന്തുണയുമായി തന്റെ പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുമ്പോൾ ഫൊക്കാന എന്ന അന്തർദ്ദേശീയ സംഘടന കൂടുതൽ കരുത്താവുകയാണ് എന്നും ഫൊക്കാനയ്ക്ക് ഒപ്പം നിൽക്കുന്നവർക്ക് വേദികളും അവസരങ്ങളും നല്കുന്നതിൽ എന്നും മുൻപന്തിയിലാണ് ഡോ. കലാ ഷഹി.




1993-ൽ അമേരിക്കയിലെത്തിയ ഡോ. കലാ ഷഹി ആരോഗ്യരംഗം ജീവിതോപാധിയായി തെരഞ്ഞെടുക്കുകയും അതോടൊപ്പം ജീവകാരുണ്യ പ്രവർത്തനരംഗത്തും മികച്ച സേവനം കാഴ്ചവെക്കുകയും ചെയ്തു. ഇന്റർനാഷണൽ യൂണിവേഴ്സിറ്റി ഓഫ് ഹെൽത്ത് സയൻസിൽ നിന്ന് ബിരുദമെടുത്ത ഡോ. കലാ ഷഹി വാഷിങ്ടൺ ഡിസി, മെരിലാൻഡ് മേഖലകളിൽ ഫാമിലി പ്രാക്ടീസിൽ പ്രൈവറ്റ് പ്രാക്ടീസ് നടത്തുന്നുണ്ട്. ജോലിക്കൊപ്പം തന്നെ പബ്ലിക് ഹെൽത്തിലും ഹെൽത്ത് കെയർ അഡ്മിനിസ്ട്രേഷനിലും ഡോക്ടറേറ്റ് നേടാനും അതോടൊപ്പം തന്റെ നൃത്തത്തെ നിലനിർത്തിക്കൊണ്ട് പോകാനും ഡോ. കലാ ഷഹിക്ക് കഴിയുന്നു.

വാഷിങ്ടൺ ഡിസി മേഖലകളിലെ നിരവധി നർത്തകരെ കലാഞ്ജലി സ്കൂൾ ഓഫ് ഡാൻസ് വഴി ഡോ. കലാ ഷഹി നൃത്തം അഭ്യസിപ്പിച്ചിട്ടുണ്ട്. ഈ സ്കൂളിന്റെ ഡയറക്ടറും ഡോ. കലാ ഷഹി തന്നെ. വാഷിങ്ടൺ ഡിസിയിലെ ഫസ്റ്റ് ക്ലിനിക് അർജന്റ് കെയർ സിസ്റ്റം മെഡിക്കൽ ഡയറക്ടർ, സെക്കൻഡ് ചാൻസ് അഡിക്ഷൻ സെന്ററിന്റെ (Second chance addiction) മെഡിക്കൽ ഡയറക്ടർ, മെരിലാൻഡ്-വാഷിങ്ടൺ ഡിസി മേഖലയിലുള്ള സെന്റർ ഫോർ ബിഹേവിയറൽ ഹെൽത്തിന്റെ (Center for Behavior Health) റിസർച്ച് കോ-ഓർഡിനേറ്റർ തുടങ്ങിയ പദവികളും കല അലങ്കരിക്കുന്നു. ഡ്രഗ് അഡിക്ഷൻ മാനേജ്മെന്റിൽ പ്രത്യേക പരിശീലനം നേടിയിട്ടുള്ള ഡോ. കലാ ഷഹി ഈ മേഖലയിൽ ഒട്ടേറെ പ്രവർത്തനങ്ങൾ നിർവഹിച്ചിട്ടുണ്ട്. കോസ്മറ്റോളജി ശാഖയിലും പ്രത്യേക പരിശീലനം ലഭിച്ചിട്ടുണ്ട്.

മറ്റുള്ളവരെ സഹായിക്കുക എന്നുള്ളത് ഒരു ജീവകാരുണ്യ പ്രവർത്തനമായിട്ടാണ് ഡോ. കലാ ഷഹി കരുതുന്നത്. താങ്ങും തണലും എന്ന പദ്ധതി സൊലസ് (SOLACE) സംഘടനകൾക്കു വേണ്ടി നടത്തുന്ന നിരവധി ധനസമാഹരണ പ്രവർത്തനങ്ങൾ എന്നിവയെല്ലാം അതിന്റെ ഉദാഹരണമാണ്. അനാഥാലയങ്ങൾക്ക് സഹായം, വീടില്ലാത്തവർക്ക് വീടുകൾ നിർമ്മിച്ചു നല്കുവാൻ സഹായം തുടങ്ങി നിരവധി പ്രവർത്തനങ്ങളിൽ സജീവമാണ്. സാമൂഹിക പ്രവർത്തനങ്ങൾ കൊണ്ട് സമൂഹത്തിന്റെ അംഗീകാരവും ഡോ. കലാ ഷഹിക്ക് ലഭിച്ചിട്ടുണ്ട്. ഭാരത് യുഎസ്എയുടെ ആഭിമുഖ്യത്തിൽ ഏർപ്പെടുത്തിയ വുമൺ ഐക്കൺ പുരസ്കാരം ഈയിടെ ഡോ. കലാ ഷഹിയെ തേടിയെത്തിയിരുന്നു. കലാ-സാംസ്കാരിക ആതുരസേവന രംഗങ്ങളിൽ നല്കിയ സമഗ്ര സംഭാവനകൾ മാനിച്ചായിരുന്നു ഈ അവാർഡ്. കൂടാതെ മറ്റു നിരവധി പുരസ്കാരങ്ങളും നേടിയിട്ടുള്ള കല നൃത്തത്തിനു പുറമെ സംഗീതം, നാടകം, പെൻസിൽ സ്കെച്ച്, പെയിന്റിംഗ്, ക്ലേ മോഡലിംഗ്, ആങ്കറിംഗ്, വീഡിയോഗ്രാഫി, ഫോട്ടോഗ്രാഫി, കഥാരചന, കവിതാരചന തുടങ്ങിയ വിവിധ മേഖലകളിലും മികവ് തെളിയിച്ചിട്ടുണ്ട്.

കുട്ടിക്കാലം മുതൽക്കേ നൃത്തത്തിൽ താല്പര്യം കാണിച്ച കലാ ഷഹി മൂന്നാം വയസ്സിൽ പ്രമുഖ കലാകാരനായ സ്വന്തം പിതാവ് കേരളാ സംഗീത നാടക അക്കാദമി പുരസ്കാര ജേതാവ് ഗുരു ഇടപ്പള്ളി അശോക് രാജിൽ നിന്നും നൃത്തമഭ്യസിച്ചു. നർത്തകൻ, എഴുത്തുകാരൻ, കവി, സംവിധായകൻ, നാടകനടൻ എന്നീ നിലകളിലെല്ലാം ശോഭിച്ചിരുന്ന പിതാവ് ഇടപ്പള്ളി അശോക് രാജ് 2019- ൽ അന്തരിച്ചു. തഹസീൽദാർ ആയിരുന്ന അമ്മ ശുഭ അശോക് രാജ് ഈയിടെ അന്തരിച്ചു. പ്രശസ്ത ഗുരുക്കന്മാരായ കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ, സേലം രാജരത്നം പിള്ള എന്നിവരിൽ നിന്നും മോഹിനിയാട്ടം, കഥക്, ഭരതനാട്യം, കുച്ചുപ്പുടി തുടങ്ങിയവ അഭ്യസിച്ചു. കൂടാതെ നാടോടി നൃത്തത്തെ അങ്ങേയറ്റം പ്രണയിച്ച കല വിവിധ വേദികളിൽ വ്യത്യസ്തമായ നാടോടി നൃത്തങ്ങൾ കൊറിയോഗ്രാഫി ചെയ്ത് അവതരിപ്പിക്കുകയും ചെയ്തു. അഖിലേന്ത്യാ തലത്തിൽ നൃത്തപര്യടനവും നടത്തി. അമേരിക്കയിലെത്തി ജീവിതം പിന്നീട് മെഡിക്കൽ രംഗത്തേക്ക് മൊഴിമാറ്റിയെങ്കിലും കലയോടും കലാരംഗത്തോടും ഒപ്പംതന്നെ നിൽക്കുകയാണ് ഡോ. കലാ ഷഹി.

ഫൊക്കാന നാഷണൽ കൺവൻഷൻ 2024 ജൂലൈ ആദ്യവാരത്തിൽ വാഷിങ്ടണിൽ വെച്ച് നടക്കുമ്പോൾ അതിന്റെ മുന്നൊരുക്കളുമായി പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, കൺവൻഷൻ ചെയർമാൻ ജോൺസൺ തങ്കച്ചൻ എന്നിവർക്കൊപ്പം സജീവമാവുകയാണ് ഡോ. കലാ ഷഹി. 2024-26 കാലയളവിൽ പ്രസിഡണ്ട് സ്ഥാനാർത്ഥിയായി മത്സരരംഗത്ത് ഉണ്ടെങ്കിലും ഫൊക്കാനയുടെ നിലവിലുള്ള പ്രവർത്തനങ്ങൾ ശക്തമാക്കുകയാണ് ജനറൽ സെക്രട്ടറി. ഏല്പിച്ച ദൗത്യങ്ങൾ ഏറ്റവും ഭംഗിയായി നിർവഹിക്കുമ്പോഴാണ് ഒരു സംഘടനാനേതൃത്വം എന്ന നിലയിൽ അഭിമാനം ഉണ്ടാകുന്നതെന്ന് ഡോ. കലാ ഷഹി പറയുന്നു. തന്റെ പ്രവർത്തനമാണ് തന്റെമുതൽക്കൂട്ട് എന്ന് വിശ്വസിക്കുന്ന അവർ കല, സംഘാടനം, ആരോഗ്യരംഗം തുടങ്ങി താൻ കൈവെക്കുന്ന മേഖലകളിലെല്ലാം നൂറുമേനി വിളവുമായി ഫൊക്കാനയുടെ ജനറൽ സെക്രട്ടറിയായി തന്റെ പ്രവർത്തനങ്ങൾ തുടരുമ്പോൾ ഡോ. കലാ ഷഹി ഒരു പ്രതീക്ഷയാണ്. ഫൊക്കാനയുടെ വരുംകാലങ്ങൾ എല്ലാ തരത്തിലും ഭദ്രമാകാൻ ഡോ. കലാ ഷഹിയുടെ നേതൃത്വത്തിന് കഴിയും എന്ന ഉറപ്പാണ് അവരുടെ നേതൃത്വമികവ് നമുക്ക് കാണിച്ചുതരുന്നത്.

# ഫൊക്കാനയുടെ ഡ്രീം ടീം, ഡ്രീം പ്രൊജക്ട്സ് അമേരിക്കൻ മലയാളികളുടെ മനസറിഞ്ഞു മുന്നേറുന്നു

ശ്രീകുമാർ ഉണ്ണിത്താൻ






ന്യൂജേഴ്സി: ഡ്രീം ടീം, ഡ്രീം പ്രൊജക്ട്സ് മുദ്രാവാക്യവുമായി സജിമോൻ ആന്റണിയുടെ നേതൃത്വത്തിലുള്ള ടീം അടുത്ത ഫൊക്കാന ഭാരവാഹിത്വത്തിലേക്കുള്ള സ്ഥാനാർത്ഥിത്വം പ്രഖ്യാപിച്ച് ഒരു വർഷം തികയുമ്പോൾ അമേരിക്കയിലെയും കാനഡയിലെയും അസോസിയേഷനുകളുടെ അംഗീകാരം നേടി മുന്നേറുകയാണ്. ഡ്രീം ടീം അവരുടെ പ്രവർത്തനവുമായി ബഹുദൂരം മുന്നേറുമ്പോൾ അമേരിക്കൻ മലയാളി സമൂഹത്തിൽ വമ്പിച്ച സ്വീകാര്യതയാണ് ലഭിക്കുന്നത്.

അമേരിക്കയിലെയും കാനഡയിലെയും മിക്ക അസോസിയേഷനുകളെ ഉൾപ്പെടുത്തി വളരെയധികം പ്രൊജക്ടുകളുമായയാണ് ഡ്രീം ടീം മുന്നോട്ടു പോകുന്നത്. അതുകൊണ്ടു തന്നെയാണ് ഡ്രീം ടീം, ഡ്രീം പ്രൊജക്ട്സ് എന്ന പേരുതന്നെ ഈ ടീമിന് നല്കാനുണ്ടായ കാരണം. തനതായ ഉദ്ദേശ്യത്തോടും പ്ലാനോടും കൂടിയാണ് ഈ ടീം മുന്നോട്ടു പോകുന്നത്.

സ്ഥാനാർത്ഥികളായി മത്സരിക്കുന്ന പ്രസിഡണ്ട് സജിമോൻ ആന്റണി, ജനറൽ സെക്രട്ടറി ശ്രീകുമാർ ഉണ്ണിത്താൻ, ട്രഷറർ ജോയി ചാക്കപ്പൻ, എക്സിക്യൂട്ടീവ് വൈസ് പ്രസിഡണ്ട് പ്രവീൺ തോമസ്, വൈസ് പ്രസിഡണ്ട് വിപിൻ രാജ്, വിമൻസ് ഫോറം ചെയർ രേവതി പിള്ള, അസോസിയേറ്റ് സെക്രട്ടറി മനോജ് ഇടമന, അസോസിയേറ്റ് ട്രഷറർ ജോൺ കല്ലോലിക്കൽ, അഡീഷണൽ അസോസിയേറ്റ് സെക്രട്ടറി അപ്പുക്കുട്ടൻ പിള്ള, അഡീഷണൽ അസോസിയേറ്റ് ട്രഷറർ മില്ലി ഫിലിപ്പ് തുടങ്ങി അമേരിക്കയിലും കാനഡയിലും അറിയപ്പെടുന്ന വ്യക്തിത്വങ്ങളാണ് ഈ ടീമിന്റെ ഭാഗമായി മുന്നോട്ടു വരുന്നത്.

ഇവരെല്ലാം വ്യക്തികൾ മാത്രമല്ല ഒരു സമൂഹമായിത്തന്നെ അറിയപ്പെടുന്ന ആളുകളാണ്. കാരണം ഇവരെല്ലാം വളരെക്കാലമായി ഫൊക്കാനയിലും മറ്റ് മലയാളി അസോസിയേഷനുകളിലും പ്രവർത്തിച്ച് കഴിവ് തെളിയിച്ച ആളുകളാണ്. ഈ ടീമിന്റെ ഭാഗമായി എത്തിയിട്ടുള്ളവരെല്ലാം തന്നെ നിരവധി വർഷത്തെ അനുഭവ പരിചയവും കഴിവും പ്രാപ്തിയും ഉള്ള വ്യക്തികൾ. ഇവർ ഒരുമിച്ച് ഒരു ടീമായി എത്തുമ്പോൾ അത് ഫൊക്കാനയുടെ ചരിത്രം തിരുത്തിക്കുറിക്കും എന്ന് ഉറപ്പാണ്.

ഡ്രീം ടീം മുന്നേറിക്കൊണ്ടിരിക്കുന്നത് നിങ്ങളുടെ സഹായവും സഹകരണവും കൊണ്ട് മാത്രമാണ്, മേലിലും നിങ്ങളുടെ സഹായസഹകരണം പ്രതീക്ഷിക്കുന്നു. ജൂലൈ 18, 19, 20 തീയതികളിൽ വാഷിങ്ടണിൽ നടക്കുന്ന ഫൊക്കാന കൺവൻഷനിൽ രജിസ്റ്റർ ചെയ്തു പങ്കെടുക്കണമെന്നും അപേക്ഷിക്കുന്നു.

# ഇന്ത്യാ പ്രസ്‌ക്ലബ് ഓഫ് നോർത്ത് അമേരിക്ക പ്രതിനിധികൾ കോൺസൽ ജനറൽ ബിനയ പ്രധാനുമായി ചർച്ച നടത്തി

**ഷോളി കുമ്പിളുവേലി**

ന്യൂയോർക്ക്: ഇന്ത്യാ പ്രസ്‌ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ പ്രവർത്തനോദ്ഘാടനത്തിലേക്ക് ക്ഷണിക്കാൻ വന്ന പ്രതിനിധികളുമായി ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ പ്രവാസി സമൂഹം അഭിമുഖീകരിക്കുന്ന വിവിധ വിഷയങ്ങളെപ്പറ്റി ചർച്ച നടത്തി.

നാഷണൽ പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ, ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി, ന്യൂയോർക്ക് ചാപ്റ്റർ പ്രതിനിധികളായ സജി ഏബ്രഹാം, ജിനേഷ് തമ്പി, കൂടാതെ പ്രസ്‌ക്ലബ് പ്രതിനിധിയും ഫൊക്കാന നാഷണൽ ട്രഷററുമായ ബിജു കൊട്ടാരക്കര തുടങ്ങിയവരാണ് പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നത്.

21 വർഷത്തെ ഇന്ത്യാ പ്രസ്‌ക്ലബിന്റെ ചരിത്രവും പ്രവർത്തനങ്ങളും പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ കോൺസൽ ജനറലിനെ അറിയിക്കുകയും പ്രവർത്തനോദ്ഘാടനത്തിലേക്ക് ക്ഷണിക്കുകയും ചെയ്തു. മറുപടിയായി എല്ലാ ആശംസകളും അറിയിക്കുകയും അദ്ദേഹം ചടങ്ങിൽ പങ്കെടുക്കാൻ സമ്മതിക്കുകയും ചെയ്തു. പിന്നീട് ഏകദേശം ഒരു മണിക്കൂറോളം പ്രസ്‌ക്ലബ് പ്രതിനിധികളുമായി സംവദിച്ച അദ്ദേഹം പ്രവാസികളായ എല്ലാ ഇന്ത്യാക്കാരുടെയും നന്മയ്ക്കായി 24 മണിക്കൂറും ഉണർന്നു പ്രവർത്തിക്കുന്ന ഒരു ഇന്ത്യൻ കോൺസുലേറ്റാണ് ഇവിടെ ഉള്ളതെന്ന് ചൂണ്ടിക്കാട്ടി. പ്രസ്‌ക്ലബ് പ്രതിനിധികൾ മാധ്യമങ്ങളുടെ എല്ലാ സഹായങ്ങളും വാഗ്ദാനം ചെയ്തു.

ഈയിടെ അമേരിക്കയിലെ വിവിധ സ്ഥലങ്ങളിലായി മരിച്ച ആറ് വിദ്യാർത്ഥികളെക്കുറിച്ചും ഇന്ത്യൻ വിദ്യാർത്ഥികളുടെ സുരക്ഷയെക്കുറിച്ചുമുള്ള പ്രസ്‌ക്ലബ് പ്രതിനിധി ജിനേഷ് തമ്പിയുടെ ചോദ്യങ്ങൾകൊണ്ട് ചർച്ചകൾക്ക് തുടക്കം കുറിച്ചു. ഇന്ത്യൻ വിദ്യാർത്ഥികൾ എല്ലാവരുംതന്നെ സുരക്ഷിതരാണെന്നും ഒറ്റപ്പെട്ട സംഭവങ്ങൾ മാത്രമാണ് ഈ അടുത്ത സമയത്ത് നടന്നതെന്നും അതിൽ രണ്ട് പേരുടെ മൃതദേഹം ഇന്ത്യൻ കോൺസുലേറ്റിന്റെ പണം ഉപയോഗിച്ച് നാട്ടിലേക്ക് അയച്ചുവെന്നും കോൺസൽ ജനറൽ പറഞ്ഞു.

ചൈനീസ് വിദ്യാർത്ഥികൾ യുഎസിൽ വരുമ്പോൾതന്നെ അവരുടെ കോൺസുലേറ്റുകളിൽ സ്വയം രജിസ്റ്റർ ചെയ്യുന്നു. എന്നാൽ, ഇന്ത്യൻ വിദ്യാർത്ഥികൾ ഈ രാജ്യത്ത് വരുമ്പോൾ രജിസ്റ്റർ ചെയ്യാൻ വിമുഖരാണ്. ടാൻസാനിയയിലും അതേ അവസ്ഥ കണ്ടിട്ടുണ്ട്. പല ഇന്ത്യക്കാരും കോൺസുലേറ്റിൽ രജിസ്റ്റർ ചെയ്യാനും അവിടെ വന്നവരായി തിരിച്ചറിയപ്പെടാനും ആഗ്രഹിക്കുന്നില്ല. കാരണം അവർക്ക് മറ്റ് ലക്ഷ്യങ്ങളുണ്ട്.



അതോടൊപ്പം ഇന്ത്യൻ സമൂഹത്തിന്റെ അറിവിലേക്കായി അദ്ദേഹം നിരവധി കാര്യങ്ങൾ പറഞ്ഞു. മൃതദേഹങ്ങൾ നാട്ടിലേക്ക് അയയ്ക്കുന്നതിന് സമൂഹം പണം ചെലവഴിക്കേണ്ടതില്ല. പണമുള്ളവർ സ്വയം കൊണ്ടുപോകും. അല്ലാത്തവരെ കോൺസുലേറ്റ് സഹായിക്കും. അതിനുള്ള തുക കോൺസുലേറ്റുകൾക്കുണ്ടെന്നും അദ്ദേഹം പ്രത്യേകം എടുത്തുപറഞ്ഞു. ഇതിനു ചെറിയ നിബന്ധനകൾ ഉണ്ട്. കഴിഞ്ഞയാഴ്ച 44 വ്യത്യസ്ത കമ്യൂണിറ്റി നേതാക്കളുമായി സംസാരിച്ചു. മൃതദേഹം കൊണ്ടുപോകുന്നതിന് പകരം സംഘടനകൾ മറ്റ് ക്രിയാത്മക പ്രവർത്തനങ്ങൾക്ക് പണം ചെലവഴിക്കണമെന്ന് നിർദ്ദേശിച്ചു.

ഇന്ത്യൻ വിദ്യാർത്ഥികളുടെ അറിവിലേക്കായി മൊബൈൽ ഫോണിൽ ജോലി അന്വേഷിക്കുന്നതിൽ നിന്ന് വിട്ടു നില്ക്കണമെന്നും അദ്ദേഹം സൂചിപ്പിച്ചു. അധികാരികൾ വിദ്യാർത്ഥികളുടെ ഫോൺ അല്ലെങ്കിൽ ബ്രൗസർ ഹിസ്റ്ററി പരിശോധിക്കുന്നത് ശരിയല്ലെങ്കിലും അത് സംഭവിക്കുന്നുണ്ടെന്നും അദ്ദേഹം പറഞ്ഞു. ഒരു വിദ്യാർത്ഥി മൊബൈലിൽ ജോലി അന്വേഷിക്കുകയാണെന്ന് അവർ കണ്ടെത്തി. അതുകൊണ്ട് മാത്രം ഒരവസരത്തിൽ ആ വിദ്യാർത്ഥിയെ നാട് കടത്തിയതായി അറിഞ്ഞു. വിദ്യാർത്ഥികൾ എന്തിനാണ് കോൺസുലേറ്റിൽ രജിസ്റ്റർ ചെയ്യാൻ മടിക്കുന്നത് എന്ന് എനിക്കു മനസ്സിലാകുന്നില്ല. അഞ്ച് മിനിറ്റ് സമയം മതി, കോൺസുലേറ്റിൽ രജിസ്റ്റർ ചെയ്താൽ ഒരാവശ്യം വരുമ്പോൾ അവരെ കണ്ടെത്തുക എളുപ്പമാകും. ഇപ്പോൾ വാർത്തകൾ കണ്ട് അവരെ തേടിപ്പോകേണ്ടിവരുന്നു. എന്തായാലും എല്ലാ യൂണിവേഴ്സിറ്റികളിലെയും ഇന്ത്യൻ സംഘടനകളുടെയും വിവരങ്ങൾ ശേഖരിക്കുന്നുണ്ട്. കുറഞ്ഞപക്ഷം ആരെയാണ് ബന്ധപ്പെടേണ്ടതെന്നു എളുപ്പത്തിൽ മനസ്സിലാകുമല്ലോ. എല്ലാ ദിവസവും എന്തെങ്കിലും സംഭവങ്ങൾ ഉണ്ടാകുന്നു. കാരണം അത്രയധികം ആളുകൾ ഇവിടെയുണ്ട്.

വിദ്യാർത്ഥികളുടെ മരണവുമായി ബന്ധപ്പെട്ട് അദ്ദേഹത്തിന്റെ ആശങ്ക ഇന്ത്യ പ്രസ്‌ക്ലബ് പ്രതിനിധികളുമായി വിശദമായി സംസാരിച്ചു. വിദ്യാർത്ഥികൾ അറിയാതെ മയക്കുമരുന്നിന് അടിമയാകാനുള്ള സാദ്ധ്യതകൾ അദ്ദേഹം ഊന്നിപ്പറഞ്ഞു. 'ഫെന്റനിൽ' എന്ന മയക്കുമരുന്ന് ഒരുതവണ കഴിച്ചാൽ തന്നെ അഡിക്റ്റ് ആകും. മയക്കുമരുന്ന് കഴിച്ച് മരിച്ച വിദ്യാർത്ഥി വന്നിട്ട് ഒരു മാസമേ ആയുള്ളൂ. അതിനാൽ ഇക്കാര്യങ്ങൾ സംബന്ധിച്ചു ബോധവത്കരണം അത്യാവശ്യമാണ്. അമേരിക്കയിൽ കാൽ കുത്തിയാലുടൻ എല്ലാവരും ജേതാക്കളായി എന്ന തെറ്റായ ധാരണ ഇന്ത്യയിലുണ്ട്. വലിയ വായ്പ എടുത്തും മറ്റുമാണ് പലരും ഇവിടെ എത്തുന്നത്. എം.ഐ.ടി പോലുള്ള സ്ഥാപനങ്ങളിൽ പഠിക്കാൻ അത് എടുക്കുന്നത് മനസ്സിലാക്കാം. എന്നാൽ, ആർട്സ് വിഷയങ്ങളും മറ്റും പഠിക്കാൻ വലിയ ലോൺ നല്ലതാണോ എന്ന് ചിന്തിക്കണം. ഒരു വർഷം ഒരു വിദ്യാർത്ഥി ഇവിടെ 50,000 ഡോളർ ചെലവിടുന്നു എന്ന് വെക്കുക. മൂന്നര ലക്ഷം പേർ ആകുമ്പോൾ അത് 20 ബില്യൺ ആയി. ഗൾഫിൽ പണിയെടുത്ത് നമ്മുടെ ആളുകൾ ഇന്ത്യയിലേക്ക് അയയ്ക്കുന്നത്ര തുക നാം പഠനത്തിനായി പുറത്തേക്ക് കൊണ്ടുപോകുന്നു.

ഇവിടെ വരുന്ന വിദ്യാർത്ഥികൾ പല കാര്യങ്ങളിൽനിന്നും ഒഴിഞ്ഞുനില്ക്കണം. മദ്യം, അശ്ലീല വീഡിയോ കാണൽ, മയക്കുമരുന്ന് തുടങ്ങിയവ. കൂടാതെ ചാറ്റ് ചെയ്യുന്നതും മറ്റും ചിലപ്പോൾ കുഴപ്പത്തിൽ ചാടിക്കും. എതിർവശത്ത് ചിലപ്പോൾ പോലീസ് ആയിരിക്കും. അതുപോലെ നിയമവിരുദ്ധമായി ജോലിക്കു ശ്രമിക്കുന്നതുമൊക്കെ അധികൃതർ മോണിറ്റർ ചെയ്തെന്നുമിരിക്കും.

ഇവിടെ വരുന്ന വിദ്യാർത്ഥികളുമായി പ്രവാസി സംഘടനകളും മറ്റും ബന്ധപ്പെടേണ്ടത് ആവശ്യമാണ്. സമ്മേളനങ്ങൾക്കും മറ്റും അവരെ വിളിക്കുകയും ബന്ധം സ്ഥാപിക്കുകയും ചെയ്യുക. താൻ പഠിക്കാൻ വന്നപ്പോൾ തന്റെ സീനിയേഴ്സ് നല്കിയ പിന്തുണ ഇപ്പോഴും ഓർമ്മയുണ്ട്.

അമേരിക്കയിലെ എയർപോർട്ടുകളിലെ ഇമ്മിഗ്രേഷൻ പ്രശ്നങ്ങളെക്കുറിച്ചുള്ള അദ്ദേഹത്തിന്റെ ആശങ്കയും അറിയിച്ചു. എന്തെങ്കിലും പ്രശ്നം നേരിടുന്നവർക്ക് പുറത്തേക്ക് ഒരു ഫോൺകോൾ മാത്രമേ പാടുള്ളൂ എന്ന ഇപ്പോഴത്തെ അവസ്ഥ മാറണമെന്നും അദ്ദേഹം പറഞ്ഞു. മൂന്നു കോൾ എങ്കിലും വിളിക്കാൻ അനുവദിക്കണമെന്ന് അമേരിക്കൻ അധികൃതരോട് ആവശ്യപ്പെട്ടതായി പ്രധാൻ പറഞ്ഞു. അമേരിക്കയിൽ എത്തി വിമാനത്താവളത്തിലോ അല്ലെങ്കിൽ പുറത്തോ എന്തെങ്കിലും പ്രശ്നങ്ങൾ നേരിട്ടാൽ നിങ്ങൾക്ക് വിളിക്കാനായി 24 മണിക്കൂറും പ്രവർത്തിക്കുന്ന ടെലിഫോൺ ലൈൻ ഇപ്പോൾ ലഭ്യമാണെന്ന് അദ്ദേഹം ഊന്നിപ്പറഞ്ഞു. അത് ഉപയോഗിക്കാൻ വിദ്യാർത്ഥികളും പൊതുജനങ്ങളും മടിക്കുന്നു എന്നും അദ്ദേഹം ഓർമ്മിപ്പിച്ചു. വാട്സ് ആപ്പിലും വിളിക്കാം.

ജിനേഷ് തമ്പിയുടെ മറ്റൊരു ചോദ്യം പാൻ കാർഡിന് അപേക്ഷിക്കുമ്പോൾ ഉണ്ടാകുന്ന വിഷമങ്ങളാണ്. പ്രത്യേകിച്ച് ഫോട്ടോ സൈസ് 3.5 X 2.5 എന്നത് പലർക്കും പ്രശ്നമാണെന്നും ആ സൈസിൽ ഫോട്ടോ ഇവിടെ സ്റ്റുഡിയോയിൽ എടുക്കാൻ പറ്റില്ല. അത് പലപ്പോഴും ആളുകൾക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു എന്നും ജിനേഷ് തമ്പി അദ്ദേഹത്തെ ധരിപ്പിച്ചു. അതിനായി എന്തെങ്കിലും ചെയ്യാൻ ഒക്കുമെങ്കിൽ ഉടൻതന്നെ ശ്രമിക്കാമെന്നും അദ്ദേഹം ഉറപ്പു തന്നു.

ഇ-വിസയിൽ പോകുന്നവർ ഇന്ത്യയിലെ ഇമ്മിഗ്രേഷനിൽ നേരിടുന്ന പ്രശ്നങ്ങളെക്കുറിച്ചുള്ള ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിയുടെ ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി, ഐഡിയും മറ്റും ഇന്ത്യയിൽ പരിശോധിക്കണമെങ്കിൽ മതിയായ കാരണം കാണും. സാധാരണ സംഭവിക്കുന്ന കാര്യമല്ല അത്. എല്ലാ വിവരവും ഇവിടെ നല്കിയാണ് ഇ-വിസ കൊടുക്കുന്നത്. കൂടുതൽ ആളുകൾക്ക് ഇത് സംഭവിക്കുന്നെങ്കിൽ ദയവായി ഞങ്ങളെ അറിയിക്കുക. ഇ-വിസ എടുക്കാൻ ആളുകളെ പ്രോത്സാഹിപ്പിക്കുകയാണ്. കഴിഞ്ഞവർഷം 70% ഇ-വിസയും 30% പേപ്പർ വിസയുമാണ് നല്കിയത്.

ആരെങ്കിലും കോൺസുലേറ്റിൽ വിളിക്കുമ്പോൾ ഫോൺ എടുക്കുന്ന ഉദ്യോഗസ്ഥൻ തന്റെ പേര് പറയണമെന്ന് പുതുതായി നിർദേശം നല്കിയിട്ടുണ്ട്. അത് കൂടുതൽ സുതാര്യത ഉറപ്പുവരുത്തും. ഈ കോൺസുലേറ്റിന്റെ പരിധിയിൽ മാത്രം 25 ലക്ഷം ഇന്ത്യക്കാരുണ്ട്. എന്നാൽ, അവരുമായി ബന്ധപ്പെടാൻ ചുരുക്കം ഉദ്യോഗസ്ഥരേയുള്ളൂ. കോൺസുലേറ്റിന്റെ പ്രവർത്തനങ്ങൾക്ക് സമൂഹവും പിന്തുണ നല്കുന്നു. അത് ഏറെ നന്ദി അർഹിക്കുന്നു. അതിനാൽ കോൺസുലേറ്റ് ഏറെ സമ്മർദ്ദത്തിലാണ് പ്രവർത്തിക്കുന്നതെന്ന് പറയുന്നത് ശരിയല്ല.

പ്രസ്‌ക്ലബ് ന്യൂയോർക്ക് പ്രതിനിധി സജി ഏബ്രഹാമിന്റെ ഇരട്ട പൗരത്വം സംബന്ധിച്ച ചോദ്യത്തിന് അദ്ദേഹത്തിന്റെ മറുപടി "ഇന്ത്യൻ രാഷ്ട്രീയ നേതാക്കളാണ് അതേപ്പറ്റി സംസാരിക്കേണ്ടത്. അപ്പോൾ ഒസിഐ കാർഡ് രണ്ടോ മൂന്നോ കാര്യം ഒഴിച്ച് ബാക്കി എല്ലാറ്റിനും പൗരനൊപ്പമുള്ള അവകാശം നല്കുന്നു. ഇരട്ട പൗരത്വമുള്ള രാജ്യങ്ങളിൽ ഒരിടത്തു കുറ്റകൃത്യങ്ങൾ ചെയ്തവർ അടുത്ത രാജ്യത്തേക്ക് പോയി രക്ഷപ്പെടുന്നതും കാണുന്നുണ്ട്."

പ്രസ്‌ക്ലബ് ന്യൂയോർക്ക് പ്രതിനിധിയും ഫൊക്കാനയുടെ നാഷണൽ ട്രഷററുമായ ബിജു കൊട്ടാരക്കരയുടെ ചോദ്യം പ്രായമായവർക്ക് 'പവർ ഓഫ് അറ്റോർണി' കിട്ടാൻ ഇന്ത്യൻ കോൺസുലേറ്റിൽ വരുന്നത് ഒഴിവാക്കാൻ പറ്റുമോ എന്നതായിരുന്നു. അതിനു മറുപടിയായി അദ്ദേഹം വിശദമായി പഠിച്ചിട്ട് അറിയിക്കാം എന്ന് പറഞ്ഞു.

ഇന്ത്യൻ ഫോറിൻ സർവീസിലെ 2002 ബാച്ചിലെ അംഗമാണ് ന്യൂയോർക്കിൽ പുതുതായി ചാർജെടുത്ത കോൺസൽ ജനറൽ ബിനയ ശ്രീകാന്ത് പ്രധാൻ. ഇംഗ്ലീഷ്, റഷ്യൻ, ഹിന്ദി, ഒഡിയ ഭാഷകൾ സംസാരിക്കുന്നു. മോസ്കോയിൽ ഇന്ത്യൻ എംബസിയിൽ ഡെപ്യൂട്ടി ചീഫ് ഓഫ് മിഷൻ, ടാൻസാനിയയിലെ ഇന്ത്യൻ ഹൈക്കമ്മീഷണർ, ഈസ്റ്റ് ആഫ്രിക്കൻ കമ്യൂണിറ്റിയുടെ (ഇഎസി) സ്ഥിരം പ്രതിനിധി തുടങ്ങിയ നിലകളിൽ പ്രവർത്തിച്ചു. ഈ കാലയളവിൽ ഇന്ത്യ-ടാൻസാനിയ ബന്ധം 'സ്ട്രാറ്റജിക് പാർട്ണർഷിപ്' ആയി ഉയർത്തപ്പെടുകയും ടാൻസാനിയയിലെ സാൻസിബാറിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി (ഐഐടി) മദ്രാസിന്റെ ആദ്യത്തെ വിദേശ കാമ്പസ് സ്ഥാപിക്കുകയും ചെയ്തു. കോൺസൽ ജനറൽ എന്ന നിലയിൽ അദ്ദേഹത്തിന്റെ പ്രവർത്തനത്തെ സമൂഹം ഉറ്റുനോക്കുന്നു.

## ഏലിയാമ്മ ഏബ്രഹാം അന്തരിച്ചു



ഫ്ളോറിഡ: വാകത്താനം കുന്നത്തുചിറ വാക്കയിൽ പരേതനായ പാസ്റ്റർ സി.കെ. ഏബ്രഹാമിന്റെ ഭാര്യയും ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭ സൗത്ത് ഈസ്റ്റ് റീജിയൻ സെക്രട്ടറിയും ശാലോം ബൈബിൾ കോളജ് ചെയർമാനും മാധ്യമപ്രവർത്തകനുമായ പാസ്റ്റർ റോയി വാകത്താനത്തിന്റെ മാതാവുമായ ഏലിയാമ്മ ഏബ്രഹാം (93) അന്തരിച്ചു. പാസ്റ്റർ സി.കെ. ഏബ്രഹാമിനോടൊപ്പം ഇന്ത്യ പെന്തെക്കോസ്ത് ദൈവസഭയുടെ കോട്ടയം സെന്ററിലെ വിവിധ ലോക്കൽ സഭകളിലെ ശുശ്രൂഷകളിൽ പങ്കാളിയായിരുന്നു പരേത. മറ്റു മക്കൾ: ജോയി, ജോസ്, രമ. മരുമക്കൾ: സാലി, സാലിക്കുട്ടി, നാൻസി, ബാജി ആര്യപ്പള്ളിൽ (ജോൺ മാത്യു, ഐപിസി എലീം ചർച്ച്, കുമ്പനാട്). നോർത്ത് അമേരിക്കൻ മലയാളി പെന്തെക്കോസ്ത് കോൺഫറൻസ്, കേരളാ പെന്തെക്കോസ്ത് റൈറ്റേഴ്സ് ഫോറം, ഐപിസി ജനറൽ കൗൺസിൽ, ഐപിസി ഫാമിലി കോൺഫറൻസ് തുടങ്ങിയ പ്രവർത്തനങ്ങളുടെ ദേശീയ ഭാരവാഹിയായിരുന്ന പാസ്റ്റർ റോയി വാകത്താനത്തിന്റെ മാതാവിന്റെ ദേഹവിയോഗത്തിൽ വിവിധ പെന്തെക്കോസ്ത് സംഘടനകളുടെ ഭാരവാഹികൾ അനുശോചനം അറിയിച്ചു.

# മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് സോക്കർ ടൂർണമെന്റ്: ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് ചാമ്പ്യൻമാർ

ജോസഫ് ഇടിക്കുള

മയാമി: അമേരിക്കൻ മണ്ണിൽ ആരംഭിച്ച സോക്കർ ടൂർണമെന്റിന് പത്തരമാറ്റ് പകിട്ടേകി മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ സെവൻസ് സോക്കർ ടൂർണമെന്റിന് ആവേശോജ്ജ്വലമായ കൊടിയിറക്കം.

കൂപ്പർ സിറ്റി ഫ്ളമിംഗോ വെസ്റ്റ് പാർക്കിൽ നടന്ന സെവൻസ് സോക്കർ ടൂർണമെന്റ് സീസൺ 5 മത്സരത്തിൽ ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് കപ്പിൽ മുത്തമിട്ടു.

ആഴ്സണൽ ഫിലാഡൽഫിയായെ 4-1 ക്രമത്തിൽ പരാജയപ്പെടുത്തിയാണ് ഓസ്റ്റിൻ സ്ട്രൈക്കേഴ്സ് ചാമ്പ്യൻമാരായത്. സെവൻ എ സൈഡ് അസോസിയേഷൻ ഫുട്ബോൾ ടൂർണമെന്റിനോട് കിടപിടിക്കുന്ന തരത്തിലാണ് മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ഈ ടൂർണമെന്റിന് തുടക്കമിട്ടത്. ഇത്തവണത്തെ മത്സരത്തിന്റെ ഏറ്റവും വലിയ പ്രത്യേകത ഇരുന്നൂറ്റി അൻപതിൽപരം കളിക്കാരെ ഉദ്ഘാടന സമയത്ത് ഫുട്ബോൾ ഗ്രൗണ്ടിൽ അണിനിരത്തിയത് സോക്കർ ടൂർണമെന്റുകളുടെ ചരിത്രത്തിലെതന്നെ ഏറ്റവും വലിയ പ്രത്യേകതയായി.

കളിക്കാർക്കൊപ്പം എത്തിയ കായികപ്രേമികളെ കൂടി കണക്കിലെടുത്താൽ സോക്കർ പ്രേമികളുടെ വലിയ സമാഗമം കൂടിയായി മാറി ഈ ടൂർണമെന്റ്.

അമേരിക്കയിലെയും കാനഡയിലെയും ഏറ്റവും പ്രമുഖരായ 16 സോക്കർ ടീമുകൾ മാറ്റുരച്ച മത്സരം മുൻ ബ്രോ വാർഡ് കൗണ്ടി മേയർ സെയിൽ ഹോൾ നെസ്സ് ഉദ്ഘാടനം ചെയ്തു. ഓസ്റ്റിൻ സ്ട്രൈക്കേഴ്സ്, കാനഡ എഫ്.സി., ആഴ്സണൽ ഫിലാഡൽഫിയ, ഓഹായോ ടസ്ക്കേഴ്സ്, അറ്റ്ലാൻഡാ മാനിയാക്സ്, ബാൾട്ടിമോർ കിലാഡീസ്, മിന്നൽ ഷാർലറ്റ്, ഹൂസ്റ്റൺ യുണൈറ്റഡ്, എം.എഫ്.സി. ജാക്സൺ വിൽ, മാഡ് ഡേയ്ടോണ, ഹൂസ്റ്റൺ സ്ട്രൈക്കേഴ്സ്, മാസ്ക് മയാമി എന്നീ ടീമുകളാണ് കായിക ചരിത്രമായി മാറിയ മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് സെവൻസ് സോക്കർ ടൂർണമെന്റ് സീസൺ 5-ന്റെ ഭാഗമായത്.

ഈ ടൂർണമെന്റ് പരിപൂർണ വിജയമാകുവാൻ സ്പോൺസർമാർ നൽകിയ സഹായം ചെറുതല്ലെന്നു മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ് ഭാരവാഹികൾ അറിയിച്ചു. മെഗാ സ്പോൺസർ ആയ ജോർജ് നെടിയകാലായിൽ, ഡയമണ്ട് സ്പോൺസർമാരായ ജോൺ ടൈറ്റസ് & കുസുമം ടൈറ്റസ്, ലിന്റോ ജോളി, പ്രസിഡണ്ട് മാഡ് ഡേടോണ, പ്ലാറ്റിനം സ്പോൺസർമാരായ ലോൺസ് ബൈ അക്കി, ജോസ് സി.പി.എ., സെയ്ജ് പബ്ലിക് അഡ്ജസ്റ്റിംഗ് സർവീസസ്, ഗോൾഡ് സ്പോൺസർമാരായ ടാസ് ഫയർ പ്രൊട്ടക്ഷൻ, ഒണ്ടി വേരോലോ ആൻഡ് ടൈറ്റിൽ റിയൽ എസ്റ്റേറ്റ്, ഇൻഷുറൻസ് മെഡിക്സ്, മായ ഫിസിക്കൽ തെറാപ്പി-സഞ്ജയ് നടുപ്പറമ്പിൽ, ബിനൂപ് (ഫോമ ട്രഷറർ കാൻഡിഡേറ്റ്), നന്മ ഗ്രോസറി, ദയാസ് കളക്ഷൻസ്, നോയൽ മാത്യു റിയാൽറ്റർ, ജെന്റിൽ ടീത് ബൈ ഡോക്ടർ ചാണ്ടി സാമുവൽ, പാലസ് ഇന്ത്യ റസ്റ്റോറന്റ്, മാൻഷൻ റെന്റൽ-വർഗീസ് തമ്പാൻ, ബിജു ജോൺ റിയാൽറ്റർ, എ.സി.ഇ. കോർപ്, സിൽവർ സ്പോൺസർമാരായ ഫാമിലി മെഡിക്കൽ സെന്റർ, സിറ്റി വൈഡ് മോർഗേജ്, ഗോൾഡ് കോസ്റ്റ് ഡെന്റൽ ബൈ ജെറി കാരേടൻ, താജ് റെസ്റ്റോറന്റ്, ബിഗ് ബസാർ, സണ്ണി കാറ്ററിംഗ്, ലിജു പണിക്കർ റിയൽട്ടർ, യു.എസ്.ടാക്സ് സർവീസ്, മാത്യു പൂവൻ, മോർഗേജ് ബൈ സിറിൽ നടുപ്പറമ്പിൽ, ഡോ. തോമസ് ഏബ്രഹാം പനവേലിൽ, എ വൺ കൺസ്ട്രക്ഷൻ, റോസ് ഒപ്റ്റിക്കൽസ് എന്നിവരോടുള്ള ഹൃദയം നിറഞ്ഞ നന്ദിയും അറിയിക്കുന്നതായി മാസ്ക് മയാമിയുടെ പ്രസിഡണ്ട് വിബിൻ വിൻസെന്റ്, ടൂർണമെന്റ് ഇൻചാർജ് ഷെൻസി മാണി, സെക്രട്ടറി ജോഷി ജോൺ, ട്രഷറർ അജിത് വിജയൻ ടൂർണമെന്റ് കൺട്രോളർ നിധീഷ് ജോസഫ്, മാസ്ക്ക് ടീം ക്യാപ്റ്റൻ അജി വർഗീസ്, മറ്റു ക്ലബ് അംഗങ്ങൾ എന്നിവർ അറിയിച്ചു.

കായിക താരങ്ങളുടെയും കായികപ്രേമികളുടെയും ആവേശത്താൽ മയാമിയെ പ്രകമ്പനം കൊള്ളിച്ച സെവൻസ് സോക്കർ ടൂർണമെന്റ് സീസൺ 5 മയാമിക്ക് ഒരു തൃശൂർ പൂരത്തിന്റെ കാഴ്ചയാണ് സമ്മാനിച്ചതെന്ന് ടൂർണമെന്റ് കോ-ഓർഡിനേറ്റർ നോയൽ മാത്യു പറഞ്ഞു. മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബിന്റെ സംഘാടക മികവുകൊണ്ട് ഈ കായിക മാമാങ്കത്തെ വെല്ലാൻ അമേരിക്കയിലെ മറ്റൊരു ടൂർണമെന്റിനും സാധിക്കില്ല എന്ന് മത്സരത്തിൽ പങ്കെടുത്ത പതിനാറു ടീമുകളുടെയും ക്യാപ്റ്റന്മാർ അഭിപ്രായപ്പെട്ടു. ജേതാക്കൾക്കുള്ള ട്രോഫി ചെക് മേറ്റ് സിനിമയുടെ നിർമാതാവ് ലിൻഡോ ജോളി, ഓസ്റ്റിൻ സ്ട്രൈക്കേഴ്സിന്റെ ക്യാപ്റ്റൻ ഹരി രമേശിന് കൈമാറി. ചാമ്പ്യന്മാർക്കുള്ള 2001 ഡോളറിന്റെ കാഷ് അവാർഡ് സെക്രട്ടറി ജോഷി ജോണും റണ്ണറപ്പായ ടീമിനുള്ള 1001 ഡോളറിന്റെ കാഷ് അവാർഡ് മാസ്ക് മെമ്പർ വിനു അമ്മാളും ചേർന്ന് വിതരണം ചെയ്തു.



ഓസ്റ്റിൻ സ്ട്രൈക്കേഴ്സിന്റെ ബാഹിർ അബ്ദുൾ ഖാനി ബെസ്റ്റ് പ്ലെയറും ആഴ്സണൽ ഫിലാഡൽഫിയയുടെ ജിം കല്ലറയ്ക്കൽ ടോപ് സ്കോററും ഓസ്റ്റിൻ സ്ട്രൈക്കേഴ്സിന്റെ ജിബി ഏബ്രഹാം ബെസ്റ്റ് ഡിഫൻഡർക്കും കലേഷ് തെക്കേതിൽ ബെസ്റ്റ് ഗോൾ കീപ്പർക്കുമുള്ള ട്രോഫികൾ ഏറ്റുവാങ്ങി. അമേരിക്കയുടെ നാനാഭാഗത്തുനിന്നുമുള്ള കായികപ്രേമികൾ എത്തിച്ചേർന്ന മത്സരത്തിൽ മെഡിക്കൽ സപ്പോർട്ടുമായി ഡോ. മഞ്ജു സാമുവേൽ, ഡോ. ബോബി വർഗീസ് എന്നിവരുടെ നേതൃത്വത്തിൽ ഇന്ത്യൻ നേഴ്സസ് അസോസിയേഷനും മീഡിയാ പാർട്ണർമാരായി മലയാളത്തിന്റെ പ്രിയപ്പെട്ട ഫ്ളവേഴ്സ് ടി.വി. യു.എസും മല്ലു കഫെയും (റേഡിയോ) ഒപ്പമുണ്ടായിരുന്നു. ഡ്രം ലവേഴ്സ് സൗത്ത് ഫ്ളോറിഡ, ശ്രുതി മേളം ടീമുകളുടെ ചെണ്ടമേളം ആയിരുന്നു മത്സരത്തിന്റെ മറ്റൊരു ഹൈലൈറ്റ്. മയാമി ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന്റെ അഭിമാന പരിപാടിയായ സെവൻസ് സോക്കർ ടൂർണമെന്റ് സീസൺ 5 മത്സരത്തെ അമേരിക്കൻ മലയാളികൾ രണ്ടു കയ്യും നീട്ടി സ്വീകരിച്ചതിൽ അങ്ങേയറ്റം സന്തോഷവും അഭിമാനവും ഉണ്ടെന്ന് മാസ്ക് ഭാരവാഹികൾ അറിയിച്ചു.



വരും വർഷങ്ങളിൽ കൂടുതൽ ടീമുകളെ ഉൾപ്പെടുത്തി സെവൻസ് സോക്കർ ടൂർണമെന്റ് മത്സരം നടത്തുമെന്ന് പി.ആർ.ഒ. രഞ്ജിത്ത് രാമചന്ദ്രൻ അറിയിച്ചു.

അമേരിക്കൻ മലയാളികൾക്ക് കാൽപ്പന്ത് കളിയുടെ മിന്നൽപിണരുകൾ സമ്മാനിച്ച ഗംഭീരമത്സരത്തിന് തിരശീല വീഴുമ്പോൾ അടുത്ത വർഷത്തെ സോക്കർ ടൂർണമെന്റിനായി കാത്തിരിക്കുകയാണ് ഫുട്ബോൾ പ്രേമികളായ അമേരിക്കൻ മലയാളികൾ.

**വിവരങ്ങൾക്ക് കടപ്പാട്:**

**പി.ആർ.ഒ. രഞ്ജിത്ത് രാമചന്ദ്രൻ, നോയൽ മാത്യു**

## ആലപ്പുഴ ശ്രീരുദ്ര ആയുർവേദ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനു നാഷണൽ ലെവൽ അംഗീകാരം

ആലപ്പുഴ: ഇന്ത്യാസ് മോസ്റ്റ് ട്രസ്റ്റ്ഡ് ഹെൽത്ത് കെയർ ബ്രാൻഡ് ഓഫ് ദ ഇയർ അവാർഡ് 2024 അവാർഡ് ശ്രീരുദ്ര ആയുർവേദ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റലിനു ലഭിച്ചു. മൈ ബ്രാൻഡ് ബെറ്റർ, ജി ഫോർ യു എന്റർടൈൻമെന്റ് ചാനലിന്റെയും നേതൃത്വത്തിൽ ഡൽഹി ഐ.ടി.സി. വെൽക്കം ഹോട്ടലിൽ ഒട്ടനവധി പ്രമുഖരുടെ സാന്നിധ്യത്തിൽ നടന്ന ചടങ്ങിൽ പ്രശസ്ത ബോളിവുഡ് സിനിമ താരം ആദ ശർമ അവാർഡുകൾ വിതരണം ചെയ്തു.

ശ്രീരുദ്ര ആയുർവേദ മൾട്ടി സ്പെഷ്യാലിറ്റി ഹോസ്പിറ്റൽ ഫൗണ്ടറും ചെയർമാനും മെഡിക്കൽ ഡയറക്ടറും ആയ ഡോക്ടർ കെ.എസ്. വിഷ്ണു നമ്പൂതിരിയും മാനേജിംഗ് ഡയറക്ടർ മായാലക്ഷ്മിയും ചേർന്ന് അവാർഡുകൾ ഏറ്റുവാങ്ങി.



# യോർക്ക് ടൗൺ സെന്റ് ഗ്രിഗോറിയോസ് ഇടവകയിൽ ഫാമിലി & യൂത്ത് കോൺഫറൻസ് രജിസ്ട്രേഷന് ഉജ്ജ്വല തുടക്കം

മത്തായി ചാക്കോ

ന്യൂയോർക്ക്: യോർക്ക് ടൗൺ സെന്റ് ഗ്രിഗോറിയോസ് മലങ്കര ഓർത്തഡോക്സ് ഇടവകയിൽ ഫെബ്രുവരി 25-ന് ഞായറാഴ്ച വിശുദ്ധ കുർബാനയ്ക്കുശേഷം നോർത്തീസ്റ്റ് അമേരിക്കൻ ഭദ്രാസന ഫാമിലി ആൻഡ് യൂത്ത് കോൺഫറൻസിന്റെ പ്രത്യേക കിക്കോഫ് മീറ്റിംഗ് നടന്നു.



ഇടവക വികാരി ഫാ. നൈനാൻ ഈശോ കോൺഫറൻസ് ടീമിനെ ഹാർദ്ദമായി സ്വാഗതം ചെയ്തു. കോൺഫറൻസ് സെക്രട്ടറി ചെറിയാൻ പെരുമാൾ, ജോയിന്റ് ട്രഷറർ ഷോൺ ഏബ്രഹാം, സുവനീർ കമ്മിറ്റി മെമ്പേഴ്സ് റോണ വർഗീസ്, മത്തായി ചാക്കോ, ഫൈനാൻസ് കമ്മിറ്റി മെമ്പർ നോബിൾ വർഗീസ് തുടങ്ങിയവർ പ്രതിനിധി സംഘത്തിൽ ഉണ്ടായിരുന്നു. ഇടവകയെ പ്രതിനിധീകരിച്ച് വികാരിയോടൊപ്പം ട്രസ്റ്റി ബാബു ജോർജ്, സെക്രട്ടറി വർഗീസ് മാമ്പള്ളിൽ, മലങ്കര അസോസിയേഷൻ മെമ്പർ സാജൻ മാത്യു, ഭദ്രാസന അസംബ്ലി അംഗങ്ങൾ ജോർജുകുട്ടി പൊട്ടൻചിറ, കുര്യൻ പള്ളിയാങ്കൽ എന്നിവരും വേദിയിൽ സന്നിഹിതരായിരുന്നു. ഇടവക സെക്രട്ടറി കോൺഫറൻസ് ടീം അംഗങ്ങളെ പരിചയപ്പെടുത്തി.

ഈ വർഷത്തെ ഫാമിലി/യൂത്ത് കോൺഫറൻസിന്റെ തീയതി, ലൊക്കേഷൻ, പ്രസംഗകർ, ചിന്താവിഷയം തുടങ്ങിയ വിശദാംശങ്ങളെ കുറിച്ച് കോൺഫറൻസ് സെക്രട്ടറി ചെറിയാൻ പെരുമാൾ സംസാരിച്ചു.

സമ്മേളനത്തിന്റെ അനുസ്മരണാർത്ഥം പ്രസിദ്ധീകരിക്കുന്ന സുവനീറിനെക്കുറിച്ച് മത്തായി ചാക്കോ സംസാരിച്ചു. 2024 മാർച്ച് അവസാനത്തോടെ സുവനീറിലേക്കുള്ള സർഗാത്മക സൃഷ്ടികൾ, പരസ്യങ്ങൾ എന്നിവ അയച്ചുതരണമെന്ന് അഭ്യർത്ഥിച്ചു.

ധനസമാഹരണത്തിന്റെ ഭാഗമായി സംഘടിപ്പിക്കുന്ന റാഫിൾ ടിക്കറ്റിന്റെ വിലയെക്കുറിച്ചും അതിന്റെ ആകർഷകമായ സമ്മാനങ്ങളെപ്പറ്റിയും റോണ വർഗീസ് സംസാരിച്ചു.

സ്പോൺസർഷിപ്പ്, രജിസ്ട്രേഷൻ, പരസ്യങ്ങൾ, ആശംസകൾ എന്നിവയിലൂടെ കോൺഫറൻസിന് പിന്തുണ നൽകാനുള്ള അവസരങ്ങളെപ്പറ്റി നോബിൾ വർഗീസ് വിശദീകരിച്ചു.

ഷോൺ ഏബ്രഹാം ഫാമിലി കോൺഫറൻസിലെ തന്റെ അനുഭവങ്ങളും കോൺഫറൻസിൽ കണ്ടെത്താനും പഠിക്കാനും ആഗ്രഹിക്കുന്ന ആവേശകരമായ കാര്യങ്ങളും പങ്കുവെച്ചു.

ഫാ. നൈനാൻ ഈശോ സുവനീറിനുള്ള ഇടവകയുടെ സംഭാവന കൈമാറി. തുടർന്ന് ബാബു ജോർജ്, വർഗീസ് മാമ്പിള്ളി, സാജൻ മാത്യു, ജിജു മാത്യു, ജോർജുകുട്ടി പൊട്ടൻചിറ, ഷാജൻ ജോർജ്, തോമസ് ജോസഫ്, കുര്യൻ പള്ളിയാങ്കൽ, റോയ് എണ്ണച്ചേരിൽ, ബേസിൽ വർഗീസ്, മാത്യു പുത്തൻവീട്ടിൽ തുടങ്ങിയവർ തങ്ങളുടെ സ്പോൺസർഷിപ്പ് കൈമാറി.

ഇടവകയിൽ നിന്നുള്ള ധാരാളം അംഗങ്ങൾ കോൺഫറൻസിനായി രജിസ്റ്റർ ചെയ്തും റാഫിൾ ടിക്കറ്റുകൾ വാങ്ങിയും സുവനീറിൽ പരസ്യങ്ങളും ആശംസകളും നൽകിയും ഉദാരമായി സഹകരിച്ചു. ഇടവക ട്രസ്റ്റി ബാബു ജോർജ് കിക്കോഫിന് ചുക്കാൻ പിടിച്ചു. ഇടവക സന്ദർശനം വൻ വിജയമാക്കാൻ നേതൃത്വം നൽകിയ ഭാരവാഹികൾക്ക് അദ്ദേഹം നന്ദി അറിയിച്ചു.

സ്പോൺസർഷിപ്പ്, രജിസ്ട്രേഷൻ, പരസ്യങ്ങൾ, ആശംസകൾ എന്നിവയിലൂടെ ഉദാരമായ പിന്തുണ വാഗ്ദാനം ചെയ്ത വികാരിക്കും ഇടവകാംഗങ്ങൾക്കും കോൺഫറൻസ് ടീമിന്റെ പേരിൽ സെക്രട്ടറി ചെറിയാൻ പെരുമാൾ നിസ്സീമമായ നന്ദിയും കടപ്പാടും അറിയിച്ചു.

ഈ വർഷത്തെ കോൺഫറൻസ് 2024 ജൂലൈ 10 മുതൽ 13 വരെ പെൻസിൽവേനിയ ലങ്കാസ്റ്ററിലെ വിൻധം റിസോർട്ടിലാണ് നടക്കുന്നത്. സൺഡേസ്കൂൾ ഡയറക്ടർ ജനറലും പുതുപ്പള്ളി സെന്റ് ജോർജ് ഓർത്തഡോക്സ് പള്ളി വികാരിയുമായ ഫാ. ഡോ. വർഗീസ് വർഗീസ് (മീനടം) മുഖ്യപ്രഭാഷണം നടത്തും. ഗ്രീക്ക് ഓർത്തഡോക്സ് സഭയുടെ ഫാ. സെറാഫിം മജ്മുദാറും സൗത്ത് വെസ്റ്റ് ഭദ്രാസന വൈദികൻ ഫാ. ജോയൽ മാത്യുവും യുവജന സെഷനുകൾക്ക് നേതൃത്വം നൽകും.

'ദൈവിക ആരോഹണത്തിന്റെ ഗോവണി' എന്ന വിഷയത്തെപ്പറ്റി "ഭൂമിയിലുള്ള കാര്യങ്ങളിലല്ല, മുകളിലുള്ള കാര്യങ്ങളിൽ നിങ്ങളുടെ മനസ്സ് സ്ഥാപിക്കുക" (കൊലൊസ്യർ 3:2) എന്ന വചനത്തെ ആസ്പദമാക്കിയാണ് കോൺഫറൻസിന്റെ ചിന്താവിഷയം. ബൈബിൾ, വിശ്വാസം, സമകാലിക വിഷയങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കുട്ടികൾക്കും യുവജനങ്ങൾക്കും മുതിർന്നവർക്കും പ്രത്യേകം സെഷനുകൾ ഉണ്ടായിരിക്കും. കോൺഫറൻസിനോട് അനുബന്ധിച്ച് നടക്കുന്ന എന്റർടൈൻമെന്റ് പ്രോഗ്രാമിൽ ഇടവകകൾക്ക് പങ്കെടുക്കുന്നതിനുള്ള അവസരങ്ങൾ ഉണ്ടായിരിക്കും.

**Registraction link:**
**http:/tinyurl.com/FYC2024**

കൂടുതൽ വിവരങ്ങൾക്ക്: ഫാ. അബു പീറ്റർ (കോൺഫറൻസ് കോ-ഓർഡിനേറ്റർ) (ഫോൺ: 914 806 4595)/ ചെറിയാൻ പെരുമാൾ (കോൺഫറൻസ് സെക്രട്ടറി) (ഫോൺ: 516 439 9087) എന്നിവരുമായി ബന്ധപ്പെടുക.

# സെ. മേരീസ് ക്നാനായ ഇടവകയിലെ മിഷൻലീഗിന് പുതിയ നേതൃത്വം



ജെയിസ് കണ്ണച്ചാൻപറമ്പിൽ

ഡിട്രോയിറ്റ്: സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ മിഷൻലീഗിന് പുതിയ നേതൃത്വം. സെറീന കണ്ണച്ചാൻപറമ്പിൽ (പ്രസിഡണ്ട്), സോഫിയ മങ്ങാട്ടുപുളിക്കിയിൽ (വൈസ് പ്രസിഡണ്ട്), ഹെലൻ മംഗലത്തേട്ട് (സെക്രട്ടറി), റ്റെനീസാ മുകളേൽ (ജോ. സെക്രട്ടറി), ജോസഫ് അച്ചിറത്തലയ്ക്കൽ (ട്രഷറർ), ജെസ്സെ പുത്തൻപറമ്പിൽ (കമ്മിറ്റി മെംബർ), മെഗൻ മംഗലത്തേട്ടു (യൂണിറ്റ് ഓർഗനൈസർ) സുബിൻ തേക്കിലക്കാട്ടിൽ (ജോയിന്റ് ഡയറക്ടർ), റവ.ഫാ. ജോസഫ് തറയ്ക്കൽ (ഡയറക്ടർ) എന്നിവരാണ് പുതിയ ഭാരവാഹികൾ.

# ഡിട്രോയിറ്റ് സെ. മേരീസ് ക്നാനായ ഇടവകയിലെ മിഷൻലീഗ് മാതൃകയായി



ഡിട്രോയിറ്റ്: സെ. മേരീസ് ക്നാനായ കത്തോലിക്കാ ഇടവകയിലെ മുൻ മിഷൻലീഗ് നേതൃത്വം കോട്ടയം അതിരൂപത മെത്രാപ്പോലീത്ത മാർ മാത്യു മൂലക്കാട്ട് പിതാവിന്റെ എപ്പിസ്കോപ്പൽ സിൽവർ ജൂബിലിയോടനുബന്ധിച്ച് നടത്തുന്ന ഭവന നിർമ്മാണ പദ്ധതിയിലേക്ക് 1000 ഡോളർ സംഭാവന നല്കി. മുൻ ഭാരവാഹികൾ മെഗൻ മംഗലത്തേട്ട് (പ്രസിഡണ്ട്),

ജെയിസ് കണ്ണച്ചാൻപറമ്പിൽ

നെസ്സിയ മുകളേൽ (വൈ. പ്രസിഡണ്ട്), സെറീന കണ്ണച്ചാൻപറമ്പിൽ (സെക്രട്ടറി), സാന്റോൺ മരങ്ങാട്ടിൽ (ജോ. സെക്രട്ടറി), ഹാന ഞെരളക്കാട്ടുതുരുത്തിയിൽ (ട്രഷറർ), ക്രിസ്റ്റ കവണാൻ, രോഹൻ എരുമത്ര, ജോഷിൻ കാലായിൽ (കമ്മിറ്റി മെംബേഴ്സ്), സുബി തേക്കിലക്കാട്ടിൽ (ജോയിന്റ് ഡയറക്ടർ), റവ.ഫാ. ജോസഫ് തറയ്ക്കൽ (ഡയറക്ടർ) എന്നിവരാണ്.

# ഇന്ത്യാ പ്രസ്ക്ലബ് പുതിയ ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം ഹൃദ്യമായി

ന്യൂയോർക്ക്: ഇന്ത്യാ പ്രസ്സ്ക്ലബ് ഓഫ് നോർത്ത് അമേരിക്കയുടെ (ഐപിസിഎൻഎ) 2024-2025 വർഷത്തെ പുതിയ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു. റോയൽ ആൽബർട്സ് പാലസിൽ നടന്ന പ്രൗഢഗംഭീരമായ ചടങ്ങ് കേരളത്തിൽ നിന്നും നോർത്ത് അമേരിക്കയിൽ നിന്നുമുള്ള നിരവധി പ്രമുഖരുടെ സാന്നിദ്ധ്യം കൊണ്ട് ശ്രദ്ധേയമായി.

ഒറ്റക്കെട്ടായ പ്രവർത്തനമായിരിക്കും ഇന്ത്യാ പ്രസക്ലബ് എന്നും പിന്തുടരുക എന്നും എല്ലാവരുടെയും പിന്തുണ അതിന് അനിവാര്യമാണെന്നും സ്വാഗതം പറഞ്ഞ ഐപിസിഎൻഎ സെക്രട്ടറി ഷിജോ പൗലോസ് ചൂണ്ടിക്കാട്ടി. നല്ല രീതിയിലുള്ള പ്രവർത്തനങ്ങളിലൂടെ മുന്നോട്ടുപോകും. എല്ലാവരെയും ഒന്നിപ്പിച്ചു സംഘടനയെ ശക്തിപ്പെടുത്തുക എന്നതായിരിക്കും പ്രഥമ ദൗത്യമെന്നും ഷിജോ പൗലോസ് പറഞ്ഞു.

അങ്കമാലി എംഎൽഎ റോജി എം. ജോൺ നിലവിളക്ക് കൊളുത്തി പ്രവർത്തനോദ്ഘാടനം നിർവഹിച്ചു. മുഖ്യാതിഥിയായി ന്യൂയോർക്കിലെ ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത് പ്രധാൻ പങ്കെടുത്തു. ജഡ്ജി ജൂലി മാത്യു ആയിരുന്നു മറ്റൊരു പ്രധാന അതിഥി. പ്രസ്ക്ലബ് നാഷണൽ സെക്രട്ടറി ഷിജോ പൗലോസ്, ട്രഷറർ വിശാഖ് ചെറിയാൻ, പ്രസ്ക്ലബ് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം, ജോ. സെക്രട്ടറി ആശ മാത്യു, ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ, ഫോമാ നാഷണൽ ട്രഷറർ ബിജു തോണിക്കടവിൽ, വേൾഡ് മലയാളി കൗൺസിൽ ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ, അഡ്വൈസറി ബോർഡ് അംഗങ്ങൾ, ആതിഥ്യമരുളുന്ന ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി, മറ്റ് ഭാരവാഹികളും സ്റ്റേജിൽ ഉപവിഷ്ടരായിരുന്നു. ഇതോടൊപ്പം തന്നെ പ്രസിഡണ്ട് ഷോളി കുമ്പിളുവേലിയുടെ നേതൃത്വത്തിലുള്ള ന്യൂയോർക്ക് ചാപ്റ്ററിന്റെ ഉദ്ഘാടനവും റോജി ജോണിന്റെ സാന്നിദ്ധ്യത്തിൽ ഔദ്യോഗികമായി നിർവഹിക്കപ്പെട്ടു.

റോജി എം. ജോൺ എംഎൽഎ ഉദ്ഘാടന പ്രസംഗത്തിൽ തന്റെ രണ്ട് മുൻ സന്ദർശനങ്ങളും പ്രസ് ക്ലബ്ബുമായി ബന്ധപ്പെട്ടായിരുന്നു എന്നദ്ദേഹം അനുസ്മരിച്ചു. ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവൻ മാധ്യമപ്രവർത്തനം വലിയ പ്രതിസന്ധി നേരിടുകയാണ്. ഭരണകൂടങ്ങളുടെ സമ്മർദ്ദം, മാധ്യമ മുതലാളിമാരുടെ സാമ്പത്തിക താത്പര്യം, സോഷ്യൽ മീഡിയയുടെ അതിപ്രസരം എല്ലാം മാധ്യമപ്രവർത്തനത്തിന് ഭീഷണിയാണ്.

**അനിൽകുമാർ ആറന്മുള**

വേൾഡ് പ്രസ് ഫ്രീഡത്തിന്റെ പുതിയ കണക്കുകൾ പുറത്തുവന്നപ്പോൾ ഇന്ത്യ ഏറെ പിന്നിലാണ് എന്ന വസ്തുത ഏറെ ആശങ്കപ്പെടുത്തുന്ന ഒന്നാണ്.

മാധ്യമപ്രവർത്തകരെ നിശബ്ദരാക്കാനുള്ള ശ്രമങ്ങൾ ധാരാളം നടക്കുന്നു. ജനാധിപത്യത്തിന്റെ നാലാം തൂണാണ് മാധ്യമങ്ങൾ. ശബ്ദമില്ലാത്തവരുടെ ശബ്ദം. അതുകൊണ്ട് മാധ്യമങ്ങളുടെ സ്വാതന്ത്ര്യം സംരക്ഷിക്കപ്പെടേണ്ടത് അത്യാവശ്യമാണ്. അമേരിക്കയിലെ ഓരോ ചലനങ്ങളും ഒപ്പിയെടുത്ത് മലയാളികൾക്കു മുന്നിൽ അവതരിപ്പിക്കുന്ന അമേരിക്കയിലെ മലയാളി മാധ്യമപ്രവർത്തകരെ അദ്ദേഹം അഭിനന്ദിച്ചു.



ഗസ്റ്റ് ഓഫ് ഹോണറായി പങ്കെടുത്ത ന്യൂയോർക്ക് ഇന്ത്യൻ കോൺസൽ ജനറൽ ബിനയ ശ്രീകാന്ത പ്രധാൻ കേരളവുമായി അടുത്ത ബന്ധമാണ് തനിക്കുള്ളതെന്നു ചൂണ്ടിക്കാട്ടി. കൊച്ചിയിൽ പ്രവർത്തിച്ച പരിചയമുണ്ട്. പ്രസ്ക്ലബ് പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാറും മറ്റു പ്രതിനിധികളുമായി കോൺസുലേറ്റിൽ നടന്ന യോഗത്തെക്കുറിച്ച് അദ്ദേഹം പരാമർശിച്ചു. വിവിധ വിഷയങ്ങളിൽ മാധ്യമപ്രവർത്തകരുമായി നടന്ന ചർച്ചകൾ വളരെ പ്രാധാന്യമുള്ളതായിരുന്നുവെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

ഫൊക്കാന, ഫോമ തുടങ്ങി വിവിധ സംഘടനാ നേതാക്കളുമായി വിവിധ വിഷയങ്ങൾ ചർച്ച ചെയ്തിരുന്നു. ഒസിഐ കാർഡുകൾ ലഭിക്കാൻ തടസ്സമുണ്ടെങ്കിൽ അതു പരിഹരിക്കും. അതിനായി പ്രത്യേക കോൺസുലാർ ക്യാമ്പ് ആരംഭിക്കും. ഇന്ത്യയും അമേരിക്കയും തമ്മിൽ അടുത്ത സൗഹൃദമാണ് ഇപ്പോഴുള്ളത്. ആണവ പരീക്ഷണകാലത്ത് ഇന്ത്യക്ക് അമേരിക്ക ഉപരോധം ഏർപ്പെടുത്തിയിരുന്നു. ആ കാലമൊക്കെ മാറി. ഇപ്പോൾ നല്ല സൗഹൃദത്തിന്റെ കാലമാണെന്നും ദുബായിലെ പോലെ ന്യൂജേഴ്സിയിൽ ഇന്ത്യ മാർട്ട് തുടങ്ങാനുള്ള ആലോചനകൾ നടക്കുകയാണെന്നും അദ്ദേഹം അറിയിച്ചു.

അമേരിക്കയിൽ പഠിക്കുന്ന ഇന്ത്യൻ വിദ്യാർത്ഥികൾ നിരവധി പ്രശ്നങ്ങളിലൂടെ കടന്നുപോകുന്നു എന്ന മാധ്യമ റിപ്പോർട്ടുകൾ വരുന്നുണ്ട്. അവരെ ഏറ്റവും സഹായിക്കാൻ സാധിക്കുക ഇന്ത്യൻ സമൂഹത്തിനു തന്നെയാണ്. അക്കാര്യങ്ങളും ഇവിടുത്തെ ഇന്ത്യൻ സമൂഹവുമായി ചർച്ച ചെയ്യുകയും വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്യുമെന്നും അദ്ദേഹം അറിയിച്ചു.

അമേരിക്കയിലെ മലയാളി സമൂഹത്തെ ഒന്നിപ്പിക്കുകയും പ്രചോദിപ്പിക്കുകയും ചിന്തിപ്പിക്കുകയും ചെയ്യുന്നതിൽ മാധ്യമ രംഗം വലിയ പങ്കാണ് വഹിക്കുന്നതെന്ന് ചടങ്ങിൽ മുഖ്യാതിഥിയായി പങ്കെടുത്ത ഹൂസ്റ്റണിലെ മലയാളി ജഡ്ജ് ജൂലി മാത്യു അഭിപ്രായപ്പെട്ടു. ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക പുതിയ ഭരണസമിതിയുടെ പ്രവർത്തനങ്ങൾക്ക് എല്ലാആശംസകളും നേരുന്നുവെന്നും ജൂലി മാത്യു അറിയിച്ചു.

നവമാധ്യമ കാലത്തിലൂടെയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് യുഗത്തിലൂടെയും കടന്നുപോകുന്ന ഈയവസരത്തിൽ ഇതൊക്കെ എങ്ങനെ മാധ്യമരംഗത്ത് ഉപകാരപ്രദമാക്കാം എന്നതിനെക്കുറിച്ച് ആലോചിക്കുകയും അപഗ്രഥനം ചെയ്യുകയും ഈ സാദ്ധ്യതകൾ ഉൾക്കൊള്ളാനും എങ്ങനെ ഇതിനെ പ്രയോജനകരമാക്കാം എന്നുള്ളതിനെക്കുറിച്ചു മനസ്സിലാക്കാനും ഇന്ത്യാ പ്രസ്ക്ലബിന്റെ വരുംവർഷങ്ങളിലെ പ്രവർത്തനത്തിന്റെ ഭാഗമാക്കുമെന്നും അദ്ധ്യക്ഷത വഹിച്ച പ്രസിഡണ്ട് സുനിൽ ട്രൈസ്റ്റാർ ചൂണ്ടിക്കാട്ടി.

വാഗ്ദാനങ്ങളല്ല, പ്രവർത്തനം എന്ന ഉറപ്പാണ് നല്കാനുള്ളത്. കൂട്ടായ്മയുടെയും സൗഹൃദത്തിന്റെയും കൂടി വേദിയാണ് ഇന്ത്യാ പ്രസ്ക്ലബ് ഓഫ് നോർത്ത് അമേരിക്ക എന്നും അതിന് ഉദാഹരണമാണ് എല്ലാ സംഘടനകളുടെയും ഈ പരിപാടിയിലെ പ്രാതിനിധ്യമെന്നും സുനിൽ ട്രൈസ്റ്റാർ പറഞ്ഞു. ഇന്ത്യാ പ്രസ്ക്ലബിന്റെ മുൻ പ്രസിഡണ്ടുമാരും സെക്രട്ടറിമാരും എല്ലാ കാലത്തും സംഘടനയുടെ താങ്ങും തണലുമാണെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

വന്ദേഭാരതിന്റെ വേഗതയിൽ ഓടാൻ പുതിയ ഭരണ സമിതിക്ക് കഴിയട്ടെയെന്ന് അഡ്വൈസറി ബോർഡ് ചെയർമാൻ സുനിൽ തൈമറ്റം ആശംസിച്ചു. സമൂഹത്തിലെ കളകൾ പറിച്ചുമാറ്റുക എന്നതാണ് മാധ്യമ പ്രവർത്തകരുടെ ധർമ്മം. എന്നാൽ, അതിനു കൈവിലങ്ങിടുന്ന സാഹചര്യമാണ് ഇന്ത്യയിലും ലോകമെമ്പാടും ഉള്ളത്. അതൊക്കെ അതിജീവിച്ച് മുന്നോട്ടുപോകുന്ന കുറച്ചു മാധ്യമ പ്രവർത്തകരെങ്കിലും ഈ സംഘടനയിലും ലോകത്തും അവശേഷിക്കുന്നുണ്ടെന്ന് തൈമറ്റം പറഞ്ഞു.

ഇന്ത്യയിൽ അടിയന്തരാവസ്ഥ നിലനിൽക്കുന്നില്ലെങ്കിലും ന്യൂനപക്ഷങ്ങൾക്ക് ഭരണഘടന അനുശാസിക്കുന്ന അവകാശങ്ങൾ ലഭിക്കുന്നുണ്ടോ എന്നു പരിശോധിക്കപ്പെടണമെന്ന് ഫൊക്കാന പ്രസിഡണ്ട് ഡോ. ബാബു സ്റ്റീഫൻ പറഞ്ഞു. പുതിയ ഭരണസമിതിക്ക് ഫോമയുടെ എല്ലാ പിന്തുണയും അറിയിക്കുന്നുവെന്ന് ഫോമാ നാഷണൽ ട്രഷറർ ബിജു തോണിക്കടവിൽ പറഞ്ഞു. മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിൽ വലിയ പങ്കാണ് അമേരിക്കയിലെ മലയാളി മാധ്യമങ്ങൾ നിർവഹിക്കുന്നതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ഡബ്ല്യുഎംസി ഗ്ലോബൽ പ്രസിഡണ്ട് തോമസ് മൊട്ടയ്ക്കൽ താൻ പ്രതിനിധാനം ചെയ്യുന്നത് ലോകമെമ്പാടുമുള്ള മലയാളികളെയാണെന്നും എല്ലാവിധമായ പിന്തുണയും പ്രസ്ക്ലബിന് വാഗ്ദാനം ചെയ്തു.

ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എങ്ങനെ മാധ്യമരംഗത്ത് ഉപയോഗിക്കാമെന്നതിൽ സെമിനാറുകളും പരിശീലന പരിപാടികളും ഈ വർഷം സംഘടിപ്പിക്കുമെന്നും നോർത്തമേരിക്കയിലെ സംഘടനകളുമായും നേതാക്കളുമായും ചർച്ചകൾക്കുള്ള വേദി ഒരുക്കാനും കൂടുതലായി സംഘടനയുടെ കാര്യങ്ങൾ മാധ്യമത്തിലൂടെ അറിയിക്കാനും സഹകരണത്തിനും പുതിയ എക്സിക്യൂട്ടീവ് തീരുമാനമെടുത്തതായും ഐപിസിഎൻഎ ജോ. സെക്രട്ടറി ആശാ മാത്യു അറിയിച്ചു.


കേരള മീഡിയ അക്കാഡമിയുമായി സഹകരിച്ച് ജേർണലിസം വിദ്യാർത്ഥികൾക്ക് സഹായം നല്കുന്നതിനുള്ള പുതിയ പദ്ധതിയുടെ രൂപരേഖ തയ്യാറാക്കുന്നതായും കേരളത്തിലെയും ഗൾഫ് മേഖലയിലെയും പ്രസ് ക്ലബുകളുമായി സഹകരിക്കാനായി 'പ്രസ്ക്ലബ് കണക്ട്' തുടങ്ങും എന്നും ആശ പറഞ്ഞു. എല്ലാത്തിനും നോർത്തമേരിക്കൻ മലയാളികളുടെ സഹകരണം അഭ്യർത്ഥിച്ചു.

ഐപിസിഎൻഎ ന്യൂയോർക്ക് ചാപ്റ്റർ പ്രസിഡണ്ട് ഷോളി കുമ്പിളുവേലി തന്റെ പ്രസംഗത്തിൽ ന്യൂയോർക്ക് ചാപ്റ്റർ പ്രസ്ക്ലബിന്റെ പ്രവർത്തനങ്ങളിൽ സജീവമാണെന്നും 2025 ഒക്ടോബറിൽ നടക്കാൻ പോകുന്ന അന്താരാഷ്ട്ര മാധ്യമ കോൺഫറൻസിന്റെ വിജയത്തിനായി പ്രവർത്തനങ്ങൾ ഉടൻ ആരംഭിക്കുമെന്നും അറിയിച്ചു. ട്രഷറർ വിശാഖ് ചെറിയാൻ വേദിയിലും സദസ്സിലുമുള്ള എല്ലാവർക്കും നന്ദി അറിയിക്കുകയും പ്രസ് ക്ലബുമായി സഹകരിക്കാനും അഭ്യർത്ഥിച്ചു.

ഇന്ത്യാ പ്രസ്ക്ലബിന്റെ വക ഫലകം നല്കി റോജി എം. ജോൺ കോൺസൽ ജനറൽ ബിനയ പ്രധാനെ ആദരിക്കുകയും ചെയ്തു.

# പി.ജെ. ജോൺ പതിപ്ലാക്കിൽ അന്തരിച്ചു

ചേർപ്പുങ്കൽ: കിടങ്ങൂർ സെന്റ് മേരീസ് ഹയർ സെക്കൻഡറി സ്കൂൾ മുൻ ഹെഡ്മാസ്റ്റർ പി.ജെ. ജോൺ പതിപ്ലാക്കിൽ അന്തരിച്ചു. സംസ്കാരം നടത്തി. രാജപുരം, കരിങ്കുന്നം, ഉഴവൂർ, കൈപ്പുഴ, ചിങ്ങവനം എന്നീ സ്കൂളുകളിൽ സേവനം ചെയ്തിട്ടുണ്ട്. 31 വർഷക്കാലം കിടങ്ങൂർ സഹകരണബാങ്ക് ഡയറക്ടർ ബോർഡ് അംഗവും ബാങ്ക് വൈസ് പ്രസിഡണ്ടുമായിരുന്നു.



കോട്ടയം അതിരൂപതാ എപ്പാർക്കിയൽ അസംബ്ലി അംഗം, കേരള കോൺഗ്രസ് ജില്ലാ സെക്രട്ടറി എന്നീ നിലകളിലും പ്രവർത്തിച്ചിട്ടുണ്ട്.

ഭാര്യ വെളിയനാട് മഠത്തിൽകളത്തിൽ ജാൻസി തോമസ് (റിട്ട. ഹെഡ്മിസ്ട്രസ് ഗവ. എൽ.പി.എസ് അരുണാപുരം). മക്കൾ: ഡോൺ ജോൺസ് (ന്യൂസിലൻഡ് ക്നാനായ കാത്തലിക് അസോസിയേഷൻ പ്രസിഡണ്ട്), ആൻ ജോൺസ് (അസി. പ്രഫസർ ബി.സി.എം കോളജ് കോട്ടയം), ടോം ജോൺസ് (ജർമ്മനി), മാത്യൂസ് ജോൺസ് (ന്യൂസിലൻഡ്). മരുമക്കൾ: ജൂബി ജോസ് കിഴക്കേടത്ത് കട്ടച്ചിറ (ന്യൂസിലൻഡ്), ടെന്നി തോമസ് പതിപ്പറമ്പിൽ ഓണംതുരുത്ത് (അസി. പ്രഫസർ അമൽജ്യോതി എൻജിനീയറിങ് കോളജ് കാഞ്ഞിരപ്പള്ളി), അഞ്ജു തങ്കച്ചൻ തടത്തിൽ പെരിക്കല്ലൂർ (ജർമ്മനി), ശാലു ലൂക്കോസ് വൈപ്പുമ്മേൽ പെരിക്കല്ലൂർ (ന്യൂസിലൻഡ്). സഹോദരങ്ങൾ: സിസ്റ്റർ അൽഫോൻസ എസ്‌വിഎം (റിട്ട. പ്രിൻസിപ്പൽ ബി.സി.എം കോളജ് കോട്ടയം), ലീലാമ്മ ജോൺ കുട്ടുങ്കൽ കരിങ്കുന്നം, ക്ലാരമ്മ സ്റ്റീഫൻ ആകശാലയിൽ ഉഴവൂർ, വത്സ ജോസ് തെക്കേനീലേട്ട് കോട്ടയം, സെലിൻ തോമസ് വെള്ളമറ്റം കരിങ്കുന്നം, പരേതരായ മേരി അലക്സാണ്ടർ വാരികാട്ട് ചേർപ്പുങ്കൽ, സിസ്റ്റർ ഔറേലിയ എസ്‌വിഎം, മാത്തുക്കുട്ടി ജോൺ പതിപ്ലാക്കിൽ ഊന്നുകൽ.

# അരിസോണയെ യാഗശാലയാക്കി കെ.എച്ച്.എയുടെ ആറ്റുകാൽ പൊങ്കാല

മനു നായർ

ഫീനിക്സ്: അരിസോണയെ യാഗശാലയാക്കി കേരള ഹിന്ദൂസ് ഓഫ് അരിസോണയുടെ (കെ.എച്ച്.എ.) ആറ്റുകാൽ പൊങ്കാല ആഘോഷം. ആചാരവിധിപ്രകാരം വിപുലമായ ചടങ്ങുക



ളോടെ കൊണ്ടാടിയ ഈ പൊങ്കാല മഹോത്സവത്തിൽ ജനസഹസ്രങ്ങൾ സാധനകൾ അനുഷ്ഠിച്ച് അഖിലാണ്ഡേശ്വരിക്കു മുന്നിൽ നിവേദ്യം അർപ്പിച്ച് ആത്മസമർപ്പണം നടത്തി. പ്രവാസികൾക്കു പുറമെ അമേരിക്കൻ സമൂഹവും പൊങ്കാല ചടങ്ങുകളിൽ പങ്കുചേർന്നത് കൗതുകമുളവാക്കുന്ന കാഴ്ചയായി.

ഫെബ്രുവരി 24-ന് ശനിയാഴ്ച മഹാഗണപതി ക്ഷേത്രാങ്കണമാണ് ഈ പൊങ്കാല ആഘോഷങ്ങൾക്ക് വേദിയായത്. അരിസോണയിൽനിന്നും അടുത്തുള്ള സംസ്ഥാനത്തു നിന്നുമായി നിരവധി ഭക്തർ രാവിലെ മുതൽ തന്നെ ക്ഷേത്ര നഗരിയിലേക്ക് ഒഴുകിയെത്തി. രാവിലെ എട്ട് മണിക്ക് ശുദ്ധപുണ്യാഹത്തിനു ശേഷം നടന്ന മഹാഗണപതി ഹോമത്തോടെ ഈ വർഷത്തെ പൊങ്കാല ചടങ്ങുകൾക്ക് ഔപചാരികമായി തുടക്കമായി. പൊങ്കാല ഉത്സവത്തോടനുബന്ധമായി വൃക്ഷപൂജ, നാഗപൂജ, ദേവിപൂജ, ഭക്തർക്ക് പറയിടാനുള്ള സൗകര്യം എന്നിവ ക്ഷേത്രത്തിൽ സംഘാടർ ഒരുക്കിയിരുന്നു.

രാവിലെ 9.30-ഓടുകൂടി ക്ഷേത്ര ശ്രീകോവിലിൽനിന്നു പകർന്നു നൽകിയ ദീപത്തിൽനിന്നും താലപ്പൊലിയുടെയും ചെണ്ടമേളത്തിന്റെയും അകമ്പടിയോടെ മേൽശാന്തി ശ്രീ ജായന്തേശ്വരൻ ഭട്ടർ ക്ഷേത്രത്തിനു മുന്നിലെ പണ്ടാര അടുപ്പിൽ അഗ്നി പകർന്നതോടെ പൊങ്കാലയ്ക്കുള്ള വിളംബരമായി. ലളിതാസഹസ്രനാമത്തിന്റെയും വായ്കുരവയുടെയും മന്ത്രോച്ചാരണങ്ങളാലും മുഖരിതമായ അന്തരീക്ഷത്തിൽ പണ്ടാര അടുപ്പിൽ അഗ്നിപകർത്തുന്ന കാഴ്ച ഭക്തമനസ്സുകളെ ആവേശത്തിലാഴ്ത്തി.

പണ്ടാര അടുപ്പിൽനിന്നും കമ്മിറ്റി ഭാരവാഹികൾ വലിയ പന്തത്തിൽ ക്ഷേത്ര പരിസരത്തെ അടുപ്പുകളിലേക്കു അഗ്നി പടർത്തിയതോടുകൂടി ഭക്തമനസ്സിനൊപ്പം ക്ഷേത്ര പരിസരവും അഗ്നിയെ ഏറ്റുവാങ്ങി. പൊങ്കാലയിൽ വെള്ള ചോറ്, വെള്ളപായസം, ശർക്കര പായസം, പാൽ പായസം, അവല് പായസം എന്നിവയാണ് ഭക്തർ നിവേദ്യമായി തയ്യാറാക്കിയത്.

ഉച്ചയ്ക്ക് 12.30-ന് ഉച്ചപൂജയ്ക്കുശേഷം പൊങ്കാല നൈവേദ്യ ചടങ്ങുകൾ നടന്നു. ഭക്തർക്കായി വിപുലമായ പൊങ്കാല സദ്യ തൂശനിലയിലാണ് വിളമ്പിയത്. പ്രവാസജീവിതം കാരണം ആറ്റുകാലമ്മയ്ക്ക് മുന്നിലെത്തി പൊങ്കാലയിടാൻ സാധിക്കാതെ വിഷമം തീർത്ത സായൂജ്യത്തോടെ ഭക്തർ അവരവരുടെ വീടുകളിലേക്ക് മടങ്ങിയതോടുകൂടി ഈ വർഷത്തെ പൊങ്കാല ചടങ്ങുകൾക്ക് പരിസമാപ്തിയായി. ഈ വർഷത്തെ പൊങ്കാല ചടങ്ങുകൾക്ക് നീതു കിരൺ, കിരൺ മോഹൻ, ഡോ. ഗിരിജ മേനോൻ എന്നിവർ നേതൃത്വം നൽകി.




## വിനിമയ നിരക്ക്

| | |
|---|---|
| യു.എസ്. ഡോളർ | 82.90 |
| യൂറോ | 89.68 |
| സ്റ്റെർലിംഗ്പൗണ്ട് | 104.97 |
| സ്വിസ് ഫ്രാങ്ക് | 93.85 |
| സിംഗപ്പൂർ ഡോളർ | 61.71 |
| കനേഡിയൻ ഡോളർ | 61.00 |
| ഒമാൻ റിയാൽ | 215.34 |
| ബഹ്റൈൻ ദിനാർ | 219.99 |
| സൗദി റിയാൽ | 22.10 |
| യു.എ.ഇ. ദിർഹം | 22.57 |
| കുവൈത്ത് ദിനാർ | 269.45 |

# ചിക്കാഗോ സീറോമലബാർ കാത്തലിക് കോൺഗ്രസ് പ്രതിഷേധിച്ചു

സെബാസ്റ്റ്യൻ ഇമ്മാനുവൽ

ചിക്കാഗോ: പാലാ രൂപതയിലെ പൂഞ്ഞാർ സെ. മേരീസ് പള്ളി അസി. വികാരി ഫാ. ജോസഫ് ആറ്റുചാലിനെ വാഹനമിടിപ്പിച്ച് അപായപ്പെടുത്താൻ നടത്തിയ ശ്രമത്തെ സീറോമലബാർ കാത്തലിക് കോൺഗ്രസ് (എസ്എംസിസി) ചിക്കാഗോ ചാപ്റ്റർ ശക്തമായി അപലപിച്ചു. മതസൗഹാർദ്ദത്തിനു പേരുകേട്ട സാംസ്കാരിക കേരളത്തിൽ കഴിഞ്ഞ ഏതാനും വർഷങ്ങളായി വർദ്ധിച്ചുവരുന്ന ക്രൈസ്തവ പീഡനത്തിന്റെയും അസഹിഷ്ണുതയുടെയും ഏറ്റവും അവസാനത്തെ ഉദാഹരണമാണ് പൂഞ്ഞാർ സംഭവം.

അധികാരഭ്രമം മൂത്ത ഇടതു-വലതു ഭരണകർത്താക്കളുടെ, വോട്ടിനു വേണ്ടിയുള്ള മതപ്രീണനത്തിന്റെ പ്രത്യക്ഷ ഉദാഹരണങ്ങളാണ് പട്ടാപ്പകൽ പോലും ദേവാലയാങ്കണത്തിൽ അനധികൃതമായി പ്രവേശിച്ച് ആരാധനതടസ്സപ്പെടുത്തുന്നത് തടഞ്ഞ വൈദികനെ വാഹനമിടിപ്പിച്ച് അപായപ്പെടുത്താൻ ശ്രമിച്ചത്. മണിപ്പൂരിലെ ഗോത്രവർഗ്ഗ ആക്രമണങ്ങളുടെയും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ ക്രൈസ്തവർക്കു നേരെ നടക്കുന്ന ആക്രമണങ്ങളുടെയും പേരിൽ കേരളത്തിലെ ക്രൈസ്തവരുടെ ബലഹീനതകളെ ചൂഷണംചെയ്യുന്ന രാഷ്ട്രീയ നേതാക്കന്മാരും സാംസ്കാരിക നായകരും പൂഞ്ഞാർ സംഭവത്തിൽ പുലർത്തുന്ന നിശബ്ദതയും നിസ്സംഗതയെയും എസ്എംസിസി ശക്തമായി അപലപിച്ചു.

രാഷ്ട്രീയ മതഞെരുക്കങ്ങളിലൂടെ കടന്നുപോകുന്ന കേരളത്തിലെ ക്രൈസ്തവ സമൂഹത്തോട് പ്രത്യേകിച്ച്, പാലാ രൂപതയോടും എസ്എംസിസി ഐക്യദാർഢ്യം പ്രഖ്യാപിച്ചു. അക്രമത്തിനിരയായ വൈദികൻ അതിവേഗം സുഖംപ്രാപിക്കട്ടെ എന്ന് ആശംസിക്കുന്നതിനോടൊപ്പം ഈ ആക്രമണത്തിൽ ഉൾപ്പെട്ടവരെ രാഷ്ട്രീയ, സാമുദായിക സമ്മർദ്ദങ്ങൾക്കു വഴങ്ങാതെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനും മാതൃകാപരമായി ശിക്ഷിക്കാനും എസ്എംസിസി ശക്തമായി ആവശ്യപ്പെടുന്നു.

ഇതോടൊപ്പം, കേരളത്തിലെ മലയോര മേഖലകളിൽ വന്യമൃഗങ്ങളുടെ ആക്രമണത്തിൽ മലയോരകർഷകർ തുടർച്ചയായി കൊല്ലപ്പെടുന്നതിൽ ചിക്കാഗോ എസ്എംസിസി ഉത്കണ്ഠ രേഖപ്പെടുത്തുകയും സംഭവത്തിൽ മരണപ്പെട്ടവരുടെ കുടുംബാംഗങ്ങളോട് അനുശോചനം അറിയിക്കുകയും ചെയ്യുന്നു.

അദ്ധ്വാനിച്ചു ജീവിക്കുന്ന കർഷകർ മൃഗങ്ങളാൽ കൊല്ലപ്പെടുന്നത് ഭരണകർത്താക്കളുടെ കെടുകാര്യസ്ഥതയും നിഷ്ക്രിയത്വവും മൂലമാണെന്നുവേണം കരുതാൻ. ഉത്തരവാദിത്വപ്പെട്ടവർ വിവേചനാപൂർവം പ്രവർത്തിച്ച് ജനങ്ങളെ വന്യമൃഗശല്യത്തിൽ നിന്നും രക്ഷിക്കാൻ സത്വര നടപടി സ്വീകരിക്കേണ്ടതാണ്. കേരളത്തിന് അന്യമായിക്കൊണ്ടിരിക്കുന്ന മത-സാമുദായിക ഐക്യവും സഹിഷ്ണുതയും തിരികെക്കൊണ്ടുവരാൻ ഭരണാധികാരികൾ വിവേകപൂർവം പ്രവർത്തിക്കാനും എസ്എംസിസി ആവശ്യപ്പെട്ടു.



# എങ്ങനെ നാം മറക്കും ഈ പുണ്യജന്മങ്ങളെ

വടക്കൻ പറവൂർ ടൗണിന്റെ ഹൃദയഭാഗത്തു കാറു നിർത്തിയിട്ട് അന്നാട്ടിലെ ഏതെങ്കിലും ഒരു ചെറുപ്പക്കാരനോടു "മാടവനപ്പറമ്പ് എവിടെയാണ്?" എന്നു ചോദിച്ചാൽ പെട്ടെന്നൊരുത്തരം കിട്ടിയെന്നു വരില്ല. അതേസമയം, അവിടെനിന്നും പത്തോ പതിനഞ്ചോ കിലോമീറ്ററിനുള്ളിലെ 'ബാർ ഹോട്ടലുകൾ' ഏതൊക്കെയെന്നു ചോദിച്ചാൽ നിമിഷങ്ങൾക്കുള്ളിൽ ഏതൊരു കൊച്ചുകുട്ടിയും അതിനു കൃത്യമായ മറുപടി നല്കും. നമ്മുടെ നാട് എങ്ങോട്ടുപോകുന്നു, എവിടെയെത്തി നില്ക്കുന്നു എന്നതിലേക്കുള്ള ഒരു ചൂണ്ടുപലകയാണിത്.

മലയാളസാഹിത്യരംഗത്തെ ബൗദ്ധികാചാര്യനും ഇതിഹാസപുരുഷനുമായ കേസരി ബാലകൃഷ്ണപിള്ളയുടെ സ്മാരകം (മ്യൂസിയം) സ്ഥിതിചെയ്യുന്ന 'മാടവനപ്പറമ്പ്' പറവൂർ ടൗണിൽനിന്നും രണ്ടുനാഴികപോലും അകലെയല്ല എന്നതാണു വാസ്തവം. പക്ഷെ, പറഞ്ഞിട്ടു കാര്യമില്ല. കാലം വരുത്തിവെച്ച കച്ചവട (കമ്പോള) സംസ്കാരത്തിന്റെ പരിണിതഫലമാണിത്. അറിവിന്റെ വാതായനങ്ങൾ കൊട്ടിയടയ്ക്കപ്പെട്ടു. ജീവിതശൈലിയും വീക്ഷണബോധവും മാറിമറിഞ്ഞു. എങ്ങനെയെങ്കിലും പത്തു കാശുണ്ടാക്കുക, ഏതുവിധേനയെങ്കിലും ഒരു ഡിഗ്രി സമ്പാദിക്കുക എന്നതു മാത്രമായി പുതിയ തലമുറയുടെ ട്രെന്റ്. അടങ്ങാത്ത ആർത്തിയും ഒടുങ്ങാത്ത ആക്രാന്തവുമായി മുൻപിൻ നോക്കാതെയുള്ള ഈ പരക്കംപാച്ചിലിനിടയിൽ വിലയേറിയ പലതും ചവിട്ടി അരയ്ക്കപ്പെട്ടു. അറിയേണ്ടതൊന്നുമറിയാതെ, ആദരിക്കേണ്ടവരെ തിരിച്ചറിയാതെ, ഏതു വിഡ്ഢിയെയും നെഞ്ചിലേറ്റി ആരാധിക്കുന്ന മോഡേൺ അടിമകളായി നമ്മുടെ യുവത്വം പരിണമിച്ചു. പ്രാഞ്ചിയേട്ടന്മാരെയും കീലേരി അച്ചുമാരേയുമൊക്കെ ഹീറോകളാക്കി അരിയിട്ടു വാഴിച്ചു. അതേസ്ഥാനത്ത്, ആദർശധീരത കൊണ്ടും ജീവിതലാളിത്യംകൊണ്ടും നമുക്കെല്ലാം മാതൃകയായിത്തീർന്ന മഹാപ്രതിഭകളെ പുച്ഛിച്ചുതള്ളി വിസ്മൃതിയുടെ കുപ്പയിലെറിഞ്ഞു. പ്രസംഗിക്കുന്നതിലല്ല, പ്രാവർത്തികമാക്കുന്നതിലാണ് മഹത്വം എന്ന് സ്വജീവിതംകൊണ്ടു തെളിയിച്ച അത്തരം ചില അമാനുഷവ്യക്തിത്വങ്ങളെ ഓർമ്മയിൽനിന്നും പൊടിതട്ടിയെടുക്കുകയാണ് ഈ എളിയ ലേഖകൻ.

1982-ൽ വയലാർ രവി കേരളത്തിൽ ആഭ്യന്തരമന്ത്രിയായിരുന്ന കാലം. നക്സൽ തടവുകാർക്ക് മാനസികവ്യതിയാനം വന്നിട്ടുണ്ടോ എന്നു പഠിക്കുവാനായി ഒരു കമ്മീഷൻ നിയോഗിക്കപ്പെട്ടു. തികഞ്ഞ ഗാന്ധിയനും സർവ്വോദയ നേതാവുമായിരുന്ന പ്രൊഫ. എം.പി. മന്മഥൻ സാറിനായിരുന്നു അതിന്റെ ചുമതല. ഇടതടവില്ലാതെ നാലുംകൂട്ടി മുറുക്കുന്ന ഒരു ശീലമുണ്ടായിരുന്നു അദ്ദേഹത്തിന്. അന്ന് പ്രമാദമായ ഒരു കൊലക്കേസിൽ ശിക്ഷിക്കപ്പെട്ട് തടവിലായിരുന്ന പ്രമുഖ നക്സൽ നേതാവ് വെള്ളത്തൂവൽ സ്റ്റീഫനെയും മന്മഥൻ സാർ സന്ദർശിച്ചു. സ്റ്റീഫനോടു സംസാരിക്കുന്നതിനിടയിൽ തന്റെ പതിവുശീലമായ 'മുറുക്ക്' അദ്ദേഹം മറന്നില്ല. ഒരു വെറ്റില കൈവെള്ളയിലെടുത്ത് ഞരമ്പു കോതിക്കളഞ്ഞ്, ചുണ്ണാമ്പുതേച്ച് അടയ്ക്കയും ചേർത്തു വായിലാക്കി. തുടർന്ന് ഒരു ചെറിയ കഷണം പുകയിലയെടുത്ത്, ഉള്ളംകയ്യിൽവെച്ചു ഞെരടിത്തുടങ്ങുമ്പോൾ സ്റ്റീഫന്റെ ചോദ്യം:

"സർ, അങ്ങ് സർവ്വോദയനേതാവും ലഹരിവിരുദ്ധ ആക്ടിവിസ്റ്റുമല്ലെ?"

"അതെ." മന്മഥൻസാറിന്റെ മറുപടി.

"എങ്കിൽ അങ്ങ് ഇപ്പോൾ ഈ ചെയ്യുന്നത് അങ്ങയുടെ ആദർശങ്ങളുമായി പൊരുത്തപ്പെടുന്നതാണോ?"

കയ്യിൽ എടുത്ത പുകയില വായിലിടാതെ ഏതാനും നിമിഷങ്ങൾ സ്തബ്ധനായിരുന്നശേഷം മന്മഥൻസാർ പറഞ്ഞു: "മിസ്റ്റർ സ്റ്റീഫൻ, ഇനി നിങ്ങളെന്നെ കാണുന്നത് മുറുക്കാത്ത ഒരു മന്മഥൻസാറായിട്ടായിരിക്കും."

പുകയിലക്കഷ്ണം അദ്ദേഹമറിയാതെ കയ്യിൽനിന്നും താഴെവീണു. പിന്നീടൊരിക്കലും പ്രൊഫ. എം.പി. മന്മഥൻ സാർ മുറുക്കിയിട്ടില്ല. എത്ര ഉദാത്തമായ ആർജ്ജവത്വം. അദ്ധ്യാപക ശ്രേഷ്ഠൻ, പണ്ഡിതൻ, നേതാവ്, കലാകാരൻ എന്നീ നിലകളിലെല്ലാമുള്ള തന്റെ ഔന്നത്യം ലവലേശം പോലും ഭാവിക്കാതെ ഒരു വെറും കൊലക്കേസ് പ്രതിക്കു മുമ്പിൽ കുറ്റം ഏറ്റുപറഞ്ഞ് സ്വയം മാനസാന്തരപ്പെട്ട ആ വിശാല മനസ്കതയെ എത്ര വന്ദിച്ചാലാണു മതിയാവുക.

**കാളിയാർ തങ്കപ്പൻ**


ലേഖകൻ

തനിക്കു കൈവന്ന അസുലഭാവസരങ്ങൾ സന്മനസ്സോടെ മറ്റൊരാൾക്കു വെച്ചുനീട്ടിയ അനുഭവങ്ങൾ മാനവചരിത്രത്തിൽതന്നെ (പ്രത്യേകിച്ചും കലാരംഗത്ത്) വളരെ അപൂർവ്വമാണ്. എന്നാൽ അതിനൊരപവാദം മലയാളസിനിമാരംഗത്തുണ്ടായിട്ടുണ്ട്. അരനാഴികനേരം എന്ന സിനിമയിലെ 'കുഞ്ഞോനാച്ചൻ' എന്ന പ്രധാന കഥാപാത്രത്തെ അവതരിപ്പിക്കാൻ സംവിധായകൻ സേതുമാധവൻ കണ്ടെത്തിയത് പ്രശസ്ത നടൻ സത്യനെയായിരുന്നു. എന്നാൽ ഏതു റോളും തനിക്കു വഴങ്ങുമെന്ന് നല്ല ആത്മവിശ്വാസമുണ്ടായിരുന്നിട്ടും അഭിനയ സാമ്രാട്ടായ സത്യൻ ആ ഓഫർ നന്ദിപൂർവ്വം നിരസിച്ചു. മാത്രവുമല്ല, മറ്റൊരു വിലയേറിയ നിർദ്ദേശംകൂടി സേതുമാധവനു നല്കി. "കുഞ്ഞോനാച്ചനായി വേഷമിടാൻ തികച്ചും അനുയോജ്യനായ ഒരേയൊരു മലയാളനടൻ കൊട്ടാരക്കര ശ്രീധരൻനായരാണ്." ഇതായിരുന്നു മഹാനായ സത്യന്റെ ഉപദേശം. അങ്ങിനെയാണ് നിരവധി അവാർഡുകൾ കരസ്ഥമാക്കിയ 'അരനാഴികനേര'ത്തിൽ കൊട്ടാരക്കര കുഞ്ഞോനാച്ചനായത്. തനിക്കു വെച്ചുനീട്ടിയ ഭാഗ്യം മറ്റൊരാൾക്കു നൽകി എന്നതുമാത്രമല്ല അതേ സിനിമയിൽ താരതമ്യേന അപ്രധാനമായ ഒരു കഥാപാത്രത്തെ അവതരിപ്പിക്കുവാൻ ഒരു വിമുഖതയും സത്യൻ പ്രകടിപ്പിച്ചില്ല എന്നതും അദ്ദേഹത്തിന്റെ അത്യുന്നതമായ മാനവികതയുടെ ദൃഷ്ടാന്തമാണ്. ഒരു സൂപ്പർ സ്റ്റാറാകുവാൻവേണ്ടി ആരുടെയും കുതികാൽ വെട്ടുവാനും, 'പാര' പണിയുവാനും ചതിയിലൂടെ അവസരങ്ങൾ തട്ടിയെടുക്കാനും പടം പകുതിയാകുമ്പോൾ തുക ഇരട്ടിപ്പിച്ച് നിർമ്മാതാക്കളെ വീർപ്പുമുട്ടിക്കുവാനും മടിയില്ലാത്തവരാണ് ഇന്നത്തെ പല പ്രമുഖ താരങ്ങളും. അവർക്കിടയിൽ സത്യൻ എന്ന നിസ്തുല കലാകാരൻ എന്നും ഒരു വിസ്മയം തന്നെയായിരിക്കും.

അവിശ്വസനീയമായ ഗോസിപ്പുകളും മനംമടുപ്പിക്കുന്ന മസാലക്കഥകളും കൊണ്ടു നിറഞ്ഞതായിരിക്കും ഒട്ടുമിക്ക ചലച്ചിത്ര നടികളുടെയും ജീവിതം. എന്നാൽ മനസ്സിൽ ദിവ്യാനുഭൂതിയുടെ കുളിർമഴ പെയ്യിക്കുന്ന ചിലർ അപൂർവ്വമായെങ്കിലും അക്കൂട്ടത്തിലുണ്ട് എന്നത് തികച്ചും ആശ്വാസകരം തന്നെയാണ്. അത്തരം ഒരു സംഭവം ഇതാ:

ഉദയായുടെ പാലാട്ടുകോമൻ മുതൽ കടത്തനാടൻ അമ്പാടിവരെയുള്ള നിരവധി ഹിറ്റ് സിനിമകൾക്ക് 'കഥ-സംഭാഷണം' എഴുതിയ പി.കെ. ശാരംഗപാണിയെ അറിയാത്ത മലയാളികളുണ്ടാകാനിടയില്ല. ആദ്യകാലത്ത് സാമ്പത്തികമായി വലിയ കഷ്ടപ്പാടിലായിരുന്ന അദ്ദേഹം തുച്ഛമായ ശമ്പളത്തിനായിരുന്നു തിരക്കഥയെഴുതിയിരുന്നത്. അക്കാലത്ത് ഒരുദിവസം ഉണ്ണിയാർച്ച എന്ന പടത്തിന്റെ ഷൂട്ടിംഗിനായി പ്രശസ്ത ദക്ഷിണേന്ത്യൻ താരം രാഗിണി സ്റ്റുഡിയോയിലെത്തി. ശാരംഗപാണി താൻ എഴുതിത്തയ്യാറാക്കിയ തിരക്കഥയുമായി അവരുടെ മുമ്പിലെത്തി, കുചേലൻ ശ്രീകൃഷ്ണന്റെ മുമ്പിൽ എന്നതുപോലെ ആരാധനയോടെ നിന്നു. രാഗിണി വളരെ ബഹുമാനപൂർവ്വം ആ സ്ക്രിപ്റ്റ് കയ്യിൽ വാങ്ങി കണ്ണിൽ ചേർത്തു വണങ്ങിയശേഷം ശാരംഗപാണിയുടെ മുമ്പിൽ കുമ്പിട്ട് ആ പാദങ്ങൾ തൊട്ടു നമസ്കരിച്ചു. അത്രമാത്രം എളിമത്വമുള്ള ഒരു പെരുമാറ്റം ഇത്ര വലിയ ഒരാളിൽനിന്നും ശാരംഗപാണി ഒരിക്കലും പ്രതീക്ഷിച്ചതല്ല. കോൾമയിർക്കൊണ്ടുപോയ ആ നിമിഷങ്ങളിൽ തന്റെ മനസ്സിൽ വളരെക്കാലമായി സൂക്ഷിച്ചുവെച്ചിരുന്ന ഒരു വലിയ ആഗ്രഹം ശാരംഗപാണി രാഗിണിയെ അറിയിച്ചു. "എന്റെ മകൾ 'കല'യെ നൃത്തം പഠിപ്പിക്കുവാൻ കനിവുണ്ടാകണം." ഇതായിരുന്നു അപേക്ഷ. ഒരു വിസമ്മതവും പറയാതെ രാഗിണി ആ ചുമതലയേറ്റു. മാത്രവുമല്ല ഉണ്ണിയാർച്ചയുടെ സെറ്റിൽ വെച്ചുതന്നെ അതിനു തുടക്കം കുറിക്കാൻ തീരുമാനിക്കുകയും ചെയ്തു.

അങ്ങനെ ഒരു ശുഭമുഹൂർത്തത്തിൽ നിരവധി സിനിമാപ്രവർത്തകരുടെ സാന്നിദ്ധ്യത്തിൽ ശാരംഗപാണിയുടെ മകൾ കല ഗുരുദക്ഷിണയായി ഒരു വെള്ളിരൂപാ രാഗിണിയുടെ കാൽക്കൽവെച്ച് വണങ്ങിനിന്നു. രാഗിണി അവളെ സ്നേഹപൂർവ്വം ചേർത്തുനിർത്തി അനുഗ്രഹിച്ച് തന്റെ ശിഷ്യയാക്കി.

എന്നാൽ കേവലമായ ഗുരുദക്ഷിണയും അനുഗ്രഹവും കൊണ്ടുമാത്രം അവസാനിക്കുന്നതായിരുന്നില്ല ആ ചടങ്ങ്. അപ്രതീക്ഷിതവും അവിശ്വസനീയവുമായ മറ്റൊരു മഹനീയ രംഗത്തിനുകൂടി കാണികൾ സാക്ഷ്യം വഹിക്കേണ്ടിവന്നു. രാഗിണി തന്റെ ബാഗു തുറന്ന് അതിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന, തനിക്കേറ്റവും പ്രിയപ്പെട്ട രണ്ടു സ്വർണ്ണച്ചിലങ്കകൾ എടുത്ത് കലയെ അണിയിച്ചു. ചുറ്റും കൂടിനിന്നവർ (കുഞ്ചാക്കോ ഉൾപ്പെടെ) ആശ്ചര്യഭരിതരായി സ്തംഭിച്ചു നിന്നുപോയ നിമിഷങ്ങളായിരുന്നു അത് എന്നു പറയണ്ടതില്ലല്ലോ. മാലാഖമാർപോലും നാണിക്കുന്ന മഹോന്നതമായ ആ മനസ്സ് എത്ര സിനിമാനടികൾക്കുണ്ടാകും.

(ശേഷം 30-ാം പേജിൽ)







OVER 20 YEARS OF EXPERIENCE
SERVING ILLINOIS & INDIANA



Mathew Kunjappy
Managing Broker
Emsons Realty LTD.
Phone: 1(630) 935-4333
Email: MK@EmsonsRealty.com

EMSONS REALTY

240 E. LAKE STREET, SUITE 109B, ADDISON, IL 60101

BEST TIME
TO BUY!!!
SHOPPING CENTERS
GROCERY STORES
GAS STATIONS
APARTMENTS

# 'സമരാഗ്നി'ക്ക് ഉജ്വല സമാപനം

തിരുവനന്തപുരം: കോൺഗ്രസ് പ്രവർത്തകരുടെ ആവേശം വാനോളമുയർന്ന പുത്തരിക്കണ്ടം മൈതാനത്ത് പതിനായിരങ്ങളെ സാക്ഷി നിർത്തി സമരാഗ്നി യാത്രയ്ക്ക് സമാപനം. കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരനും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും സംയുക്തമായി നടത്തിയ സമരാഗ്നി യാത്ര കഴിഞ്ഞ മാസം കാസർഗോഡുനിന്നാരംഭിച്ച് ഫെബ്രുവരി 29-ന് വൈകുന്നേരം അഞ്ചിന് തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനിയിൽ സമാപിച്ചപ്പോൾ ജനസഞ്ചയം പുത്തരിക്കണ്ടത്തേക്ക് ഒഴുകിയെത്തി.

കെ.പി.സി.സി. പ്രസിഡണ്ടിനേയും പ്രതിപക്ഷ നേതാവിനെയും സമരാഗ്നി യാത്രയിലെ സ്ഥിരാംഗങ്ങളേയും വാദ്യമേളങ്ങളുടെ അകമ്പടിയോടെ പുത്തരിക്കണ്ടം മൈതാനിയിലേക്ക് എത്തിച്ചു.

സമ്മേളനനഗരിയിൽ സ്ഥാപിച്ച മുൻ മുഖ്യമന്ത്രി ഉമ്മൻ ചാണ്ടിയുടെ ഛായാചിത്രത്തിൽ പുഷ്പാർച്ചന അർപ്പിച്ച ശേഷം നേതാക്കൾ വേദിയിലേക്ക് പ്രവേശിച്ചു. തുടർന്നു നടന്ന പൊതുസമ്മേളനം തെലങ്കാന മുഖ്യമന്ത്രി രേവന്ത് റെഡ്ഢി ഉദ്ഘാടനം ചെയ്തു. വരുന്ന തെരഞ്ഞെടുപ്പ് നരേന്ദ്ര മോദിക്കെതിരെയുള്ള യുദ്ധമാണെന്നും അതിനായി കേരളത്തിലെ കോൺഗ്രസ് പ്രവർത്തകർ പോരാട്ടത്തിന് സജ്ജരാകണമെന്നും അദ്ദേഹം ആഹ്വാനം ചെയ്തു. കോൺഗ്രസ് അതിശക്തമായ സംസ്ഥാനമാണ് കേരളം. കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ 20-ൽ 19 സീറ്റും യു.ഡി.എഫ്. നേടിയത് ഇക്കുറി ഇരുപതിൽ ഇരുപതായി വർധിപ്പിക്കണം.

നരേന്ദ്ര മോദിയോടും അമിത് ഷായോടും ചോദിക്കാനുള്ളത്, ബി.ജെ.പിക്കാർ ഇന്ത്യയ്ക്കായി എന്തു ത്യാഗമാണ് സഹിച്ചത്? 10 വർഷത്തിനുള്ളിൽ 20 കോടി തൊഴിൽ വാഗ്ദാനം ചെയ്ത മോദിയോട് ആ തൊഴിൽ എവിടെയെന്ന് പാർലമെന്റിൽ ചോദിച്ചതു താനായിരുന്നു. അഴിമതിയുടെ കാര്യത്തിൽ കേരളത്തിലെ പിണറായി സർക്കാരും തെലങ്കാനയിൽ നേരത്തെ ഭരിച്ച കെ.സി.ആർ. സർക്കാരും ഒരുപോലെയാണ്. രണ്ടും അഴിമതിക്കാരാണ്. പിണറായി തെലങ്കാനയിൽ മുമ്പുവന്നത് എങ്ങനെ അഴിമതി നടത്താമെന്നു കണ്ടു പഠിക്കാനാണെന്നും രേവന്ദ് റെഡ്ഢി പരിഹസിച്ചു.




കെ.പി.സി.സി. പ്രസിഡണ്ട് കെ. സുധാകരനും പ്രതിപക്ഷ നേതാവ് വി.ഡി. സതീശനും സംയുക്തമായി നടത്തിയ സമരാഗ്നി യാത്രയുടെ സമാപന സമ്മേളനം തിരുവനന്തപുരം പുത്തരിക്കണ്ടം മൈതാനത്ത് നടന്നപ്പോൾ നേതാക്കളെ പുഷ്പഹാരം അണിയിക്കുന്നു

അടുത്തു വരുന്ന ലോക്സഭാ തെരഞ്ഞെടുപ്പ് ജനാധിപത്യത്തെ സംരക്ഷിക്കാനുള്ള തെരഞ്ഞെടുപ്പാണെന്നു മുഖ്യപ്രഭാഷണം നടത്തിയ കോൺഗ്രസ് പ്രവർത്തകസമിതിയംഗം സച്ചിൻ പൈലറ്റ് അഭിപ്രായപ്പെട്ടു. ജുഡീഷറി, മാധ്യമങ്ങൾ തുടങ്ങി ജനാധിപത്യത്തിന്റെ എല്ലാ അടിസ്ഥാനശിലകളും തകർന്നു. ഈ സാഹചര്യത്തിൽ രാഷ്ട്രീയാധികാരം നേടാൻ മാത്രമുള്ള തെരഞ്ഞെടുപ്പായി കാണാൻ കഴിയില്ല. കർഷകർ തങ്ങളുടെ അവകാശം നേടിയെടുക്കാനായി ഇപ്പോഴും ഡൽഹിയിൽ സമരത്തിലാണ്. ഇന്ത്യാ മുന്നണി അധികാരത്തിൽ വന്നാൽ കാർഷികോത്പന്നങ്ങൾക്ക് താങ്ങുവില ഉറപ്പാക്കുമെന്നു രാഹുൽ ഗാന്ധി പ്രഖ്യാപിച്ചിട്ടുണ്ട്.

പ്രതിപക്ഷത്തെ നിശബ്ദരാക്കാൻ മോദി ഭരണകൂടം ഇ.ഡിയെ ഉപയോഗിക്കുന്നു.

ഇന്ത്യയിൽ ഇ.ഡി. രജിസ്റ്റർ ചെയ്ത 99 ശതമാനം കേസും പ്രതിപക്ഷനേതാക്കൾക്കെതിരെയാണെന്നും സച്ചിൻ പൈലറ്റ് കൂട്ടിച്ചേർത്തു.

## ശബരിമല മേൽശാന്തി നിയമനം മലയാള ബ്രാഹ്മണർ മതി: ഹൈക്കോടതി

കൊച്ചി: ശബരിമല, മാളികപ്പുറം മേൽശാന്തി നിയമനങ്ങൾക്ക് മലയാള ബ്രാഹ്മണർ മാത്രം അപേക്ഷിച്ചാൽ മതിയെന്ന തിരുവിതാംകൂർ ദേവസ്വം ബോർഡ് വിജ്ഞാപനത്തിലെ വ്യവസ്ഥ ഹൈക്കോടതി ശരിവെച്ചു. ഇതു ചോദ്യം ചെയ്യുന്ന ഹർജികൾ തള്ളിക്കൊണ്ടാണ് ജസ്റ്റിസ് അനിൽ കെ. നരേന്ദ്രൻ, ജസ്റ്റിസ് പി.ജി. അജിത്കുമാർ എന്നിവരടങ്ങിയ ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്. മലയാള ബ്രാഹ്മണരല്ലാത്ത ശാന്തിക്കാരായ സി.വി. വിഷ്ണു നാരായണൻ, ടി.എൽ. സിജിത്ത്, പി.ആർ. വിജിഷ് തുടങ്ങിയവരാണ് ഹൈക്കോടതിയെ സമീപിച്ചത്. വ്യവസ്ഥ ഭരണഘടനാ വിരുദ്ധവും തൊട്ടുകൂടായ്മയുമാണെന്നായിരുന്നു ഹർജിക്കാരുടെ വാദം.

എന്നാൽ, ആരാധനയ്ക്കായി ക്ഷേത്രത്തിൽ പ്രവേശിക്കാനുള്ള അവകാശം നിയന്ത്രണരഹിതമല്ലെന്നു ശ്രീ വെങ്കിട്ട രമണ കേസിൽ സുപ്രീം കോടതിയുടെ ഭരണഘടനാ ബെഞ്ച് തന്നെ വ്യക്തമാക്കിയിട്ടുള്ളത് കോടതി ചൂണ്ടിക്കാട്ടി. അതിനാൽത്തന്നെ മലയാള ബ്രാഹ്മണർ മാത്രം അപേക്ഷിച്ചാൽ മതിയെന്ന വ്യവസ്ഥ തൊട്ടുകൂടായ്മയാണെന്ന വാദം നിലനില്ക്കില്ലെന്ന് കോടതി പറഞ്ഞു.

## നെല്ലിമൂട്ടിൽ തോമസ് മാത്യു അന്തരിച്ചു



കാൽഗറി: ചണ്ണപ്പേട്ട നെല്ലിമൂട്ടിൽ തോമസ് മാത്യു (കുട്ടപ്പൻ സാർ–76) അന്തരിച്ചു. ഭാര്യ ആച്ചിയമ്മ തോമസ്. സംസ്കാരശുശ്രൂഷ മാർച്ച് ആറിന് ബുധനാഴ്ച ഉച്ചയ്ക്ക് 12.30-ന് (IST)ഭവനത്തിൽ ആരംഭിച്ച് കൊല്ലം, ചണ്ണപ്പേട്ട ബഥനി മാർത്തോമ്മാ പള്ളിയിൽ മൃതദേഹം സംസ്കരിക്കുന്നതുമാണ്. മക്കൾ: മനോജ് (ബിന്ദു) കുവൈറ്റ്, മഞ്ജു (റോയ് അലക്സ്) കാൽഗറി, മഹേഷ് (ലിജോ) ന്യൂജേഴ്സി. വിവിധ സ്കൂളുകളിൽ പ്രധാനാധ്യാപകനായി സേവനമനുഷ്ഠിച്ചിട്ടുള്ള പരേതൻ, ചണ്ണപ്പേട്ടയിലെ രാഷ്ട്രീയ സാമൂഹിക സാംസ്കാരിക രംഗങ്ങളിൽ നിറസാന്നിദ്ധ്യമായിരുന്നു.

**വാർത്ത: ജോസഫ് ജോൺ, കാൽഗറി**

## ചിന്നമ്മ തോമസ് അന്തരിച്ചു



ന്യൂജേഴ്സി: ചെങ്ങന്നൂർ പുത്തൻകാവ് തട്ടയിൽ തോമസ് വർഗീസിന്റെ (തോമസ്കുട്ടി) ഭാര്യ ചിന്നമ്മ തോമസ് (80) ന്യൂജേഴ്സിയിൽ അന്തരിച്ചു. പരേത കടശനാട് തെറ്റിവിള കിഴക്കേതിൽ കുടുംബാംഗമാണ്. മക്കൾ: ബിന്ദു, ബിനു. സഹോദരങ്ങൾ: മേരിക്കുട്ടി ജോർജ്, അമ്മിണി വർഗീസ്, പരേതയായ ഓമന വർഗീസ് (ഇന്ത്യ), ജോർജ് വർഗീസ്, ഡോളി തോമസ് (യുഎസ്). പൊതുദർശനം മാർച്ച് ഏഴിന് 4 മുതൽ 8 വരെ PIZI ഫ്യൂണറൽ ഹോം, 120 പാരിസ് അവന്യൂ, നോർത്ത് വെയ്ൽ, ന്യൂജേഴ്സി 07647. സംസ്കാര ശുശ്രൂഷ മാർച്ച് 8-ന് രാവിലെ 10 മണിക്ക് സെന്റ് ജോൺസ് ഓർത്തഡോക്സ് ചർച്ച് 331 ബ്ലെയ്സ്ഡെൽ റോഡ്, ഓറഞ്ച്ബർഗ്, ന്യൂയോർക്ക്-10962. സംസ്കാരം ടാപ്പൻ റിഫോംഡ് ചർച്ച് സെമിത്തേരിയിൽ. ടാപ്പൻ, ന്യൂയോർക്ക് 10983.

## മോദി സർക്കാരിന്റെ അവസാന മന്ത്രിസഭായോഗം എട്ടു മണിക്കൂർ

ന്യൂഡൽഹി: അടുത്ത 25 വർഷത്തേക്കുള്ള പദ്ധതികൾ ചർച്ചചെയ്ത് രണ്ടാം നരേന്ദ്രമോദി സർക്കാരിന്റെ സമ്പൂർണ മന്ത്രിസഭായോഗം അവസാനിച്ചു. 'വികസിത് ഭാരത് 2047' ലക്ഷ്യം വെച്ചുള്ള ചർച്ചകളാണ് സമ്പൂർണ മന്ത്രിസഭാ യോഗത്തിൽ നടന്നതെന്നാണ് വിവരം. ലോക്സഭാ തെരഞ്ഞെടുപ്പിനു മുന്നോടിയായി നടന്ന അവസാന സമ്പൂർണ മന്ത്രിസഭായോഗമായിരുന്നു മാർച്ച് നാലിലേത്.

ഓരോ മന്ത്രാലയങ്ങളും നൂറു ദിവസത്തെ കർമപദ്ധതി ആവിഷ്കരിച്ചത് യോഗത്തിൽ അവതരിപ്പിച്ചു. മൂന്നാം മോദി സർക്കാർ അധികാരത്തിലെത്തിയാൽ ആദ്യ നൂറു ദിവസത്തിനുള്ളിൽ അതിവേഗം നടപ്പാക്കാനുള്ള പദ്ധതികളാണ് ചർച്ചയായത്. എട്ടു മണിക്കൂറോളമാണ് മന്ത്രിസഭാ യോഗം നീണ്ടു നിന്നത്. രണ്ടായിരത്തി എഴുന്നൂറോളം യോഗങ്ങൾ നടത്തി വികസിത് ഭാരതിനുള്ള രേഖ തയാറാക്കിയെന്ന് മന്ത്രിസഭാ യോഗത്തിൽ സംസാരിച്ച പ്രധാനമന്ത്രി പറഞ്ഞു. 2021 ഡിസംബർ മുതൽ 2024 ജനുവരി വരെയാണ് യോഗങ്ങൾ നടന്നതെന്നും അദ്ദേഹം വ്യക്തമാക്കി. അടുത്ത അഞ്ചു വർഷത്തേക്കുള്ള പദ്ധതികളിലാണ് യോഗം കൂടുതൽ ശ്രദ്ധകേന്ദ്രീകരിച്ചത്. ബി.ജെ.പിയുടെ ആദ്യഘട്ട സ്ഥാനാർത്ഥി പട്ടിക പുറത്തിറക്കി തൊട്ടടുത്ത ദിവസം തന്നെ സമ്പൂർണ്ണ മന്ത്രിസഭാ യോഗത്തിനായി തെരഞ്ഞെടുക്കുകയായിരുന്നു. മന്ത്രിമാരും വകുപ്പ് സെക്രട്ടറിമാരും പങ്കെടുത്ത യോഗത്തിൽ പ്രധാനമന്ത്രി ഒരു മണിക്കൂറോളം സംസാരിച്ചു.

## ശമ്പളത്തിന് കാത്തിരിക്കണം

(ഒന്നാം പേജിൽ നിന്നും)

പേരിൽ കേന്ദ്രത്തിൽനിന്നു കിട്ടാനുള്ള 4,600 കോടി രൂപയിലാണ് കേരളം ഇപ്പോൾ പ്രതീക്ഷയർപ്പിക്കുന്നത്. ഈ പണം കിട്ടിയില്ലെങ്കിൽ നിയന്ത്രണം വേണ്ടിവരും.

ഒന്നാം തീയതി ശമ്പളം ലഭിക്കേണ്ടിയിരുന്നവർക്ക് ആറാം തീയതിയോടെയേ ശമ്പളം ലഭിക്കൂ എന്നാണ് സൂചന. പതിനഞ്ചാം തീയതി കൊണ്ടേ മുഴുവൻ ശമ്പളവും അക്കൗണ്ടിൽനിന്ന് പിൻവലിക്കാൻ സാധിക്കൂ. രണ്ടാം ദിവസവും മൂന്നാം ദിവസവും ശമ്പളം ലഭിക്കേണ്ടവർക്ക് പതിനഞ്ചാം തീയതിക്കുള്ളിൽ ശമ്പളം ലഭിക്കും. 8,9,10 ദിവസങ്ങളിൽ അവധിയായതിനാൽ വലിയ പ്രതിഷേധങ്ങൾ ഉണ്ടാകില്ലെന്നാണ് സർക്കാരിന്റെ കണക്കുകൂട്ടൽ.

സാമ്പത്തിക പ്രതിസന്ധി തുടരുകയാണെങ്കിലും രണ്ടു മൂന്നു ദിവസം കൊണ്ട് എല്ലാവർക്കും ശമ്പളം കിട്ടുമെന്നാണ് ധനവകുപ്പ് പറയുന്നത്. മാർച്ച് നാല് മുതൽ നിയന്ത്രണത്തോടെ ശമ്പള വിതരണം നടത്താൻ കഴിയുമെന്നാണു പ്രതീക്ഷ. ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ട് വഴി ശമ്പളമെത്തുന്ന മുഖ്യമന്ത്രിയും മന്ത്രിമാരും അടക്കമുള്ളവർക്കും മാസ ശമ്പളം കൈയിൽ കിട്ടിയെന്നാണു വിവരം.

പാർലമെന്റ് തെരഞ്ഞെടുപ്പു പടിവാതുക്കൽ എത്തിയവേളയിൽ ജീവനക്കാരുടെ ശമ്പളം മുടങ്ങിയതോടെ സർക്കാരും എൽ.ഡി.എഫ്. ചരിത്രത്തിൽ ഉണ്ടാവാത്ത പ്രതിസന്ധിയെ ആണ് അഭിമുഖീകരിക്കുന്നത്. കേന്ദ്രത്തിൽ നിന്നും 4,000 കോടി രൂപ കിട്ടിയപ്പോഴാണ് ഓവർഡ്രാഫ്റ്റിലായിരുന്ന ട്രഷറിയിൽ പ്രതിസന്ധി ഒഴിഞ്ഞത്. ഈ പണം ശമ്പളത്തിനെടുത്താൽ ട്രഷറി വീണ്ടും ഓവർഡ്രാഫ്റ്റിലേക്ക് പോകും. ഇതൊഴിവാക്കാനാണ് നിയന്ത്രണം കൊണ്ടുവരുന്നത്. മാർച്ച് മാസത്തെ ആകെ ചെലവുകൾക്കായി ആകെ 20,000 കോടി രൂപയാണ് സർക്കാരിന് കണ്ടെത്തേണ്ടത്. നാലിന് ശമ്പളം കിട്ടിയില്ലെങ്കിൽ അഞ്ച് മുതൽ പ്രതിഷേധം ശക്തമാക്കുമെന്നു പ്രതിപക്ഷ യൂണിയനുകൾ അറിയിച്ചു.

## കരുവേലിൽ റെയ്ച്ചൽ ജോർജ് അന്തരിച്ചു



കാൽഗറി: ആറന്മുള കരുവേലിൽ റെയ്ച്ചൽ ജോർജ് (പെണ്ണമ്മ–95) കാൽഗറിയിൽ അന്തരിച്ചു. ചെങ്ങന്നൂർ മംഗലം മണ്ണൂർ കുടുംബാംഗമായ പരേതയുടെ ഭർത്താവ് അന്തരിച്ച ജോർജ് മാത്യു. മക്കൾ: മേഴ്സി (ജോയ്ക്കുട്ടി), റോയ് (ശാലു), രഞ്ജി (സോഫി), ജോജി (ആനി) എന്നിവർ കാൽഗറിയിലും ആനി (ജോൺ) ഫോർട്ട് മാക് മറിയിലുമാണ്. മാർച്ച് 9-ന് ശനിയാഴ്ച പൊതുദർശനം 8.30 AM-9.30 AM (MST). തുടർന്ന് സംസ്കാരശുശ്രൂഷ ബ്രെന്റ് ന്യൂ ബാപ്റ്റിസ്റ്റ് ചർച്ചിലും (3512, Charleswood Dr. NW, Calgary) ശവസംസ്കാരം ക്യൻസ് പാർക്കിലും (3219, 4th St. NW, Calgary) 12.00 PM (MST) നടക്കുന്നതാണ്.

**വാർത്ത: ജോസഫ് ജോൺ, കാൽഗറി**

## വിചാരണ നേരിടണം

(ഒന്നാം പേജിൽ നിന്നും)

1998-ലെ വിധി ഭരണഘടനയുടെ 105, 194 അനുച്ഛേദത്തിന് വിരുദ്ധമാണെന്നും കോടതി ചൂണ്ടിക്കാട്ടി. പണം വാങ്ങി പാർലമെന്റിൽ വോട്ട് ചെയ്താൽ ഭരണഘടനയുടെ ഈ അനുച്ഛേദങ്ങൾ പ്രകാരം പരിരക്ഷ ഉണ്ടെന്നായിരുന്നു നരസിംഹറാവു കേസിലെ വിധി.

# SEEKING BRIDEGROOM

*Knanaya Jacobite parents invite marriage proposals for their daughter (26 Yrs.), born and raised in the US, Master of Physician Assistant Working as a PA in a hospital. Marriage proposal invited from parents of Knanaya catholic / Jacobite, God-fearing boys born or raised & educated in the US or Canada with qualified Medical or other professional degrees & working. Please contact:
**knawedding101@yahoo.com**

*Pentecostal parents settled in the USA invite proposal for their daughter, 28 year old, 5' 2": born again, water baptized and leading a model christian life. Born and brought up in the USA. Masters in Speech Language Pathology. Seeking suitable proposals from qualified boys from the USA or Canada. Please respond with details and pictures to
**foreverulove2023@gmail.com** or **469-371-7023**.

*Roman Catholic parents invite proposals for their daughter who is working as Pham-D. She is 38 and 5'-3" fair complex. She is born and brought up in U.S.A. We are seeking suitable alliance from professionally qualified Engineers, Doctors, Pharmacists, MBA accountants , IT professionals born and raised in U.S.A. who are Catholics and God-fearing and family oriented. Interested please respond with details including a recent picture to:
**cyriac78@hotmail.com**

*Pentecostal parents settled in USA invite proposal for their daughter 28 years old, 5' born again, baptized and spirit filled. Born and brought up in USA. Masters in Accounting, working as a corporate senior tax accountant, pursuing CPA. Parents of qualified boys ( from USA or Canada) with good spiritual background may please respond with details and pictures to
**smat16ab@gmail.com**

*USA Settled family seeking proposal for their daughter, 28 years old 5' 3" born and raised here in the US. She has graduated from medical school, and currently doing 2nd year residency in Family Medicine. She is born again, baptized, and has a heart for medical missions. Looking for proposals from interested parties. Please respond with contact number, picture/s and or with any online profile, if one available.
Contact- **Plavilakandan@gmail.com**

*U.S. settled, professional, Keralite Hindu parents invite proposals for their US-born and raised only child, Architect (M. Arc.), pretty, accomplished: singer, Indian Classical dancer, and pianist. 30,5', currently working in Southwest (willing to relocate to southern region) from professionals (preferably US citizens).

**Visit Our Website: www.keralaexpress.com for Matrimonial Advt.**

Interested parties kindly contact us with details and a recent picture to:
**bejeweledsnow@hotmail.com**

*Seeking suitable groom for 25 yrs old daughter (Oct 1998) - Pentacostal background. She is currently doing her masters in social work and working full time as a case worker with a human trafficking organization. She graduated with bachelors degree in health science from Texas A&M. She is born again, spirit filled and has a heart for ministry, very active in church, Sunday school and youth groups. She has been to several mission trips overseas and has a heart to mentor, teach the word and minister to the youth. She organizes and motivates the youth to spend time in prayer and the word. Born in the middle east, raised in US since 5yrs of age. Looking for someone who has similar interests and loves the Lord and the church. We are settled in Dallas. If interested please email information to
**annoov17@gmail.com.**

*Malayalee Born-Again girl 24, MIS, USA born, employed with a reputed firm — seeks Born-Again, Malayalee professional, 25-28 yrs, US born or came to US at young age. Contact **863-513-3759** or **johjohns46@yahoo.com**

*We are looking for a god-fearing Protestant Christian groom for our daughter. She is 25, slim, 5'6 and is working as a researcher in a biotech company. We would prefer someone born and raised in the US, at least 5'10 and is working or studying in the US. Please contact **(408) 203-6088** if interested.

*Christian Pentecostal parents inviting proposals for their daughter who is born again, baptized and spirit filled. 29 years (DOB: April 25, 1994). Graduated in Psychology and working as Family counselor. Seeking proposals from suitable boys professionally qualified (born and brought up in USA or Canada is preferred), good family backgrounds and born again, baptized and Spirit filled. Interested parents contact at **alexmat1963@gmail.com.**

*Pentecostal family settled in USA seeks proposal for their daughter, 24 years old, 5'5". Born and raised in the US and graduated with a Bachelor's from a prestigious university in the US and currently works in financial services at a well established professional bank. She is also pursing Masters in Evangelism. Seeking God fearing, born again Christian boys from USA or Canada with a professional background. If interested, please email at **k64abraham@gmail.com** or **630-748-9314.**

*Christian parents settled in USA since 1997 invite proposals for their daughter, 37 years old, 5'3", born again and baptized and in fellowship with a Pentecostal Church.Our daughter has multiple degrees including law degree and working with State government (Florida) for the last seven years. She was raised in the

# SEEKING BRIDE

*Double board certified physician currently working as a Medical Director at the VA. Beyond the realm of medicine, I prioritize strong family values and faith. I'm seeking a meaningful connection with someone who shares these principles, someone who values integrity, compassion, and growth. If you're ready to embark on a journey of companionship rooted in mutual respect and shared beliefs, I'd love to hear from you." Please respond with details and recent picture to
**pvcglorytogod@gmail.com**

*Brother settled in the U.S. invites marriage proposal for Knanaya Catholic widower (U.S. returned, doing business, 2 sons, 1 in Canada & other one in Bangalore), 55, 5'8", 150lb from Knanya women or widows with or without children. Please contact us on **+1 863-447-0691 or email at joscoveneers@gmail.com.**

*Jacobite parents invite marriage proposals for their son 43 years old. Born and raised in Dubai, graduated from Czech medical university, P.G from New York. Innocently divorced. Presently working as a professor in one of the reputed medical schools in New York as professor, U.S. citizen. Interested parties contact. **91-9400026888**.

*Born Again Pentacostal church member, citizen of USA, 39 years old, single, working in USA as software engineer seeking born again Pentacostal girl from USA, looking for spiritually inclined, working professionally in USA. Please contact **deniscyrus@gmail.com / 609-968-1097.**

*Pentecostal parents are searching for a suitable match for their son, born in August 1991, 5'10" tall, an Attorney with a Juris Doctor degree. He works in Corporate Compliance and Privacy at a major hospital in the USA. He is dedicated to his church and enthusiastic about mission work. If interested please send details and recent pictures WhatsApp: **+91 9810701777.**
Email: **glorya9307@gmail.com**

*Christian professional parents looking for a match for our 31-year-old son: Born again, US born, physician in Internal Medicine residency – 2nd year, 6ft tall. Looking for Christian, US born, professional women age 24-31. Please send bio with family information and picture to **Marriage1292@gmail.com.**

*Pentecostal parents invite proposal for their son (age 25, h-175 cm), who is born-again, baptized, Holy Spirit-filled, raised in traditional Syrian Christian family, heavily involved in Church and mission activities, and has finished Masters in Medical Engineering from UK (currently in UK) from parents of God fearing educated Pentecostal girls settled in US and Canada. If interested, please contact **rinojjohn82@gmail.com,**
**+44 7776814498, +91 9846130814** with details and pictures.

*USA settled Christian family seeking proposal for their 34 year old son who was born in Sultanate of Oman and moved to US at the age of 6. He is 5'7", born again/ baptized and in fellowship with a Pentecostal Church in Florida. He has Masters degree from Georgia Tech and currently working with Lockheed Martin as a Senior Software Engineer since several years. He had to undergo a Kidney transplant in 2010 (his only sister donated her kidney). He is in very good health, athletic and socially active. We are looking for a born again, educated girl from US or elsewhere. Those who are interested, please text, whatsapp at **863-709-6031** or email to **mathewg1956@gmail.com.**

*Pentecostal parents seek a proposal for their 30-year-old son currently doing business in Kuwait. He was born and raised in Kerala and educated in Bangalore. He has a BBA and Hotel Management degree, is 5'7" tall, and has a fair complexion. Invite proposals from born-again, baptized, Holy Spirit-filled, and educated girls from the USA.
Email: **glorygeorge2255@gmail.com**
Phone: **+91 96058 05845 (India) 5867419373 (USA)**

*Parents prayerfully seek marriage for their 27-year-old son (Fair, 5'11"). He is born again, baptized and doing his MD residency (second year) in Houston, Texas. Seeking alliances from born again, baptized, USA brought up, educated girls. If interested, parents please share details with pictures at
**JOHNVUSA321@gmail.com**

**Visit Our Website: www.keralaexpress.com for Matrimonial Advt.**

# SEEKING BRIDEGROOM CONTD.....

Middle East until 10 years of age and moved to US in 1997. Parents of born again, educated boys from US or Canada with good spiritual background may respond to me directly at
**mathewg1956@gmail.com** or text at **863-709-6031.**

*Pentecostal family settled in USA is inviting marriage proposals for their 23-year-old daughter (May-2000), 5'3, completed her BSN and working as an emergency room nurse and also doing her MBA. She is born and brought up in the USA, well mannered, and fluent in Malayalam. Looking for God-fearing, born-again Christian boys under 30 with a professional background. If interested please contact **224-856-0429** with details and pictures.

## തോമസ് മാത്യു

**ആലപ്പുഴ:** ചാത്തനാട് പുളിമൂട്ടിൽ തോമസ് മാത്യു (92) അന്തരിച്ചു. ഭാര്യ കാഞ്ഞിരപ്പള്ളി കല്ലറയ്ക്കൽ പരേതയായ സെലീനാമ്മ. മക്കൾ: സജി മാത്യു, റെജി മാത്യു (യുഎസ്). മരുമക്കൾ: ആൽഫി പാലയ്ക്കൽ (പള്ളിപ്പുറം), അനില വെള്ളാപ്പള്ളി (ആലപ്പുഴ).

**മാന്താനം:** ജിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ റിട്ട. ഉദ്യോഗസ്ഥൻ പാറയിൽ പി.വി. മത്തായി (കുട്ടച്ചൻ-88) അന്തരിച്ചു.

**കുമരകം:** സെ. ജോൺസ് യുപിഎസ് റിട്ട. അധ്യാപിക കട്ടക്കയം പള്ളിവീട്ടിൽ ലൂർദ്മണി ജോസഫ് (81) അന്തരിച്ചു.

**പനമറ്റം:** കെഎസ്ആർടിസി റിട്ട. എഒ ജയചന്ദ്രസ്മരൺ (പറയാട്ട്) പദ്മകുമാരി (രമണി-64) അന്തരിച്ചു.

**തൃശൂർ:** കേരള കാർഷിക സർവകലാശാല രജിസ്ട്രാറും ഡീനും എക്സ്റ്റൻഷൻ ഡയറക്ടറുമായിരുന്ന മണ്ണുത്തി ഇന്ദിരാ നഗർ 2-ൽ അരിമ്പൂർ ഡോ. എ.ഐ ജോസി (80) അന്തരിച്ചു.

## അക്കമ്മ ചെറിയാൻ



**ഡാളസ്:** തിരുവല്ലാ തുരുത്തിക്കാട് കൊന്നക്കൽ വടക്കേമുറിയിൽ പരേതനായ വി.എം. ചെറിയാന്റെ (ബേബി) ഭാര്യ അക്കമ്മ ചെറിയാൻ (80) അന്തരിച്ചു. രാമങ്കരി കൊന്ത്യാപറമ്പിൽ കുടുംബാംഗമാണ്. മക്കൾ: ബൈജു ചെറിയാൻ (വെർജീനിയ), ലൈജു ചെറിയാൻ (ഡാളസ്). മരുമക്കൾ: ജിയോ, ലിജോ.

**നെടുമണ്ണി:** എടത്വ പച്ച അറുപതിൽചിറ (കടുമത്തിൽ) തോമസ് വർഗീസ് (76) അന്തരിച്ചു.

**നെറ്റിത്തൊഴു:** ചിറമേൽ ഏലിയാമ്മ ജോൺ (84) അന്തരിച്ചു.

**പള്ളം:** പാറേക്കടവിൽ തകടിയേൽ പി.ജെ. മറിയാമ്മ (അമ്മിണി-88) അന്തരിച്ചു.

**അടിമാലി:** മച്ചിപ്ലാവ് പുളിക്കൽ ജോണി ജോസഫ് (82) അന്തരിച്ചു.

**കുറുമുള്ളൂർ:** വിമുക്തഭടൻ പൂക്കുറയിൽ എം.ടി. മാത്യു (79) അന്തരിച്ചു.


**അയ്മനം:** വല്യാട് കളമ്പുകാട്ടുശ്ശേരിൽ ത്രേസ്യാമ്മ വർക്കി (ലില്ലിക്കുട്ടി-78) അന്തരിച്ചു.

**കല്ലൂർക്കാട്:** കുന്നത്ത് ഐപ്പ് വർക്കി (94) അന്തരിച്ചു.

## ഡോ. എ.വി. മാത്യു

**ചെന്നൈ:** തലവടി അത്തിമൂട്ടിൽ ഡോ. എ.വി. മാത്യു (മാത്തുക്കുട്ടി-87) റോച്ചസ്റ്ററിൽ അന്തരിച്ചു. ഭാര്യ തിരുവനന്തപുരം പട്ടം മാളിയേക്കൽ റിബേക്ക. മക്കൾ: വർഗീസ് മാത്യു, എലിസബത്ത് മാത്യു. മരുമക്കൾ: അനുജ മാത്യു, സന്ദീപ് മലിക്.

## പി.എം. ജേക്കബ്



**കീക്കൊഴൂർ:** എൻജിനീയർ പാലക്കൽ പി.എം. ജേക്കബ് (75) ന്യൂയോർക്കിൽ അന്തരിച്ചു. ന്യൂയോർക്ക് മാർത്തോമ്മാ കോൺഗ്രിഗേഷൻ സ്ഥാപകാംഗവും കേരള അസോസിയേഷൻ വൈസ് പ്രസിഡണ്ടുമായിരുന്നു, ഭാര്യ. ഡോ. ഡെയ്സി ജേക്കബ്. മക്കൾ: ഡോ. സോഫി മേരി യോഹന്നാൻ, സോണി ജേക്കബ്. മരുമക്കൾ: ഡോ. റോബർട്ട് യോഹന്നാൻ, ലിൻസി ജേക്കബ്.

**വൈക്കം:** ചെമ്പിൽചെറുകോത്ത് പരേതനായ സി.വി. ജോണിന്റെ ഭാര്യയും വാർവിൻ സ്കൂൾ സ്ഥാപകയുമായ അന്നമ്മ ജോൺ (കുഞ്ഞമ്മ-87) അന്തരിച്ചു.

**തിരുവല്ല:** എം.ജി.എം. എസ്.എസ് റിട്ട. അധ്യാപിക കുളക്കാട് കിഴക്കേക്കര ഏലിയാമ്മ തോമസ് (86) അന്തരിച്ചു.

**മേരിലാൻഡ്:** മടുക്കിയാങ്കൽ അന്നക്കുട്ടി ജോസഫ് (74) അന്തരിച്ചു.

## കെ.സി. കുര്യൻ

**സൗത്ത് പാമ്പാടി:** മുരുപ്പാറ കൊച്ചുവീട്ടിൽ കെ.സി. കുര്യൻ (95) അന്തരിച്ചു. ഭാര്യ അരീപ്പറമ്പ് പാണാപറമ്പിൽ മറിയാമ്മ. മക്കൾ: ലീലാമ്മ (യുഎസ്), കുഞ്ഞമ്മ, സാബു (യുഎസ്), ഷാജി. മരുമക്കൾ: ദാനിയേൽ ഉമ്മൻ പുലരിക്കൽ (എരുമേലി), കെ.സി. മാത്യു കുളങ്ങര, (ചീരഞ്ചിറ), ഷീജ കുറുമ്പളത്ത് (കരുനാഗപ്പള്ളി), ഷൈനി പുളിമൂട്ടിൽ (കൂരോപ്പട).

**കെഴുവംകുളം:** റിട്ട. ആയുർവേദ മെഡിക്കൽ ഓഫീസർ പവ്വംപടത്തിൽ ഡോ. കെ. വിജയനാഥൻ നായർ (84) അന്തരിച്ചു.

**തീക്കോയി:** വിമുക്തഭടൻ അടുക്കം കുമ്മട്ടിയിൽ കെ.എം. ദാനിയേൽ (അനിയൻ-85) അന്തരിച്ചു.

**പാറമ്പുഴ:** അച്ചേട്ട് കൊട്ടാരത്തുമാലിയിൽ സ്കറിയ ചാക്കോ (95) അന്തരിച്ചു.

**അരീപ്പറമ്പ്:** നാഗനിലമറ്റത്തിൽ ഏലിയാമ്മ മർക്കോസ് (75) അന്തരിച്ചു.

## ഏലിക്കുട്ടി ഗ്രിഗറി

**ന്യൂയോർക്ക്:** കരീപറമ്പിൽ ഏലിക്കുട്ടി ഗ്രിഗറി (83) ന്യൂയോർക്കിൽ അന്തരിച്ചു. അതിരമ്പുഴ കൊല്ലപ്പള്ളിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ കെ.എം. ഗ്രിഗറി. മക്കൾ: മാത്യു വർഗീസ്, ജിജി, സെബാസ്റ്റ്യൻ, പരേതനായ തോമസ്, ജോസഫ്. മരുമക്കൾ: റാണി പടവിൽ (പാലാ), ജെസി തോട്ടുംകരമ്യാലിൽ (പാറമ്പുഴ),ജിമ്മി വയലിൽ (തലയോലപ്പറമ്പ്), ജിൻസ് ശൗര്യാംമാക്കൽ (ഇടുക്കി), ബിന്ദു മലേത്തടത്തിൽ (കളത്തൂർ).

**പാമ്പാടി:** കോട്ടയം മെഡിക്കൽ കോളജ് റിട്ട. അറ്റൻഡർ ചീരാംപറമ്പിൽ പി.സി. ഏലി (കുട്ടിയമ്മ-82) അന്തരിച്ചു.

**മറിയപ്പള്ളി:** മുൻ ടെസിൽ ഉദ്യോഗസ്ഥൻ മുട്ടം കിഴക്കേ ഉള്ളാട്ടിൽ കെ. ചന്ദ്രശേഖരൻ നായർ (72) അന്തരിച്ചു.

**പ്ലാശനാൽ:** മണ്ണൂരെട്ടൊന്നിൽ (കുറ്റാരപ്പള്ളിക്കുന്നേൽ) റോസമ്മ പോത്തൻ (88) അന്തരിച്ചു.

## അന്നമ്മ പുന്നൂസ്



**കോട്ടയം:** അമയന്നൂർ ചിലമ്പത്ത് അന്നമ്മ പുന്നൂസ് (100) യുഎസിൽ അന്തരിച്ചു. കടുത്തുരുത്തി കുരുശുംമൂട്ടിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ സി.കെ. പുന്നൂസ്. മക്കൾ: അമ്മിണി, ആനിയമ്മ, ചിന്നമ്മ, ജോമോൻ, മണിമോൾ (എല്ലാവരും യുഎസ്), ലില്ലി, പെണ്ണമ്മ. മരുമക്കൾ: തോമാച്ചൻ വരിക്കമാംതൊട്ടി കല്ലറ, ഇ.കെ. മാത്യു ഇളയിടത്തുതാഴെ കല്ലറ, തങ്കച്ചൻ ചെമ്മഴിക്കാട്ട് കുമരംകരി, ആൻസി ചക്കാലപടവിൽ, ഷാജി മാളേക്കൽ കല്ലറ (എല്ലാവരും യുഎസ്), പരേതനായ ജോസ് പുളിംപറമ്പിൽ അയർക്കുന്നം, പി.എം. മാത്തുക്കുട്ടി പാറയ്ക്കൽ എസ്എച്ച് മൗണ്ട് (റിട്ട. എസ്ഐ).

**കറുകച്ചാൽ:** കയ്യാലപ്പറമ്പിൽ കെ.യു. സ്കറിയ (കറിയാച്ചൻ-87) അന്തരിച്ചു.

**മാഞ്ഞൂർ സൗത്ത്:** മാക്കീൽ തെക്കേപ്പറമ്പിൽ അന്നമ്മ ചാക്കോ (88) അന്തരിച്ചു.

**പാലാ:** കേരള കോൺഗ്രസ് നിയോജകമണ്ഡലം മുൻ സെക്രട്ടറി പുളിക്കൽ സണ്ണി അഗസ്റ്റിന്റെ ഭാര്യ ജോളി അഗസ്റ്റിൻ (66) അന്തരിച്ചു.

**ചങ്ങനാശേരി:** പുതുചിറ ചാരകുന്നേൽ തങ്കമ്മ മാത്യൂസ് (86) അന്തരിച്ചു.

## പി.കെ. ജോസഫ്

**വെട്ടിമുകൾ:** കെഎസ്ഇബി റിട്ട. എക്സി. എഞ്ചിനീയർ മാഞ്ഞൂർ പുളിക്കൽ പി.കെ. ജോസഫ് (ജോസ്-83) അന്തരിച്ചു. ഭാര്യ അയർക്കുന്നം പാറേക്കാട്ടിൽ മേരിക്കുട്ടി ജോസ് (റിട്ട.സീനിയർ സൂപ്രണ്ട് കെഎസ്ഇബി). മക്കൾ: ഡോ. പ്രദീപ് ജോസഫ്, ഡോ. രശ്മി ജോസഫ് (ഇരുവരും യുഎസ്). മരുമക്കൾ: ഡോ. വിനയ സൂസൻ വിനോദ്, ഡോ. ബെൻ ജോർജ് തെക്കുംവേലിൽ കുറവിലങ്ങാട് (ഇരുവരും യുഎസ്).

**കോട്ടയം:** സമാചാർ, ഹിന്ദുസ്ഥാൻ സമാചാർ എന്നീ വാർത്താ ഏജൻസികളിലും ഉത്തര ആഫ്രിക്കൻ രാജ്യങ്ങളിലും വിവിധ പത്രങ്ങളിൽ സീനിയർ ജേണലിസ്റ്റായിരുന്ന തിരുവഞ്ചൂർ നീറിക്കാട് വിശ്വമംഗലം സി. കുമാർ മോഹൻ (73) അന്തരിച്ചു.

**തിരുവല്ല:** മലങ്കര ഓർത്തഡോക്സ് സഭ മുതിർന്ന റമ്പാൻ കോറെപ്പിസ്കോപ്പ പറമ്പിൽ മത്യാസ് റമ്പാൻ (93) അന്തരിച്ചു.

**അണക്കര:** കുങ്കിരിപ്പെട്ടി ഇളപ്പുങ്കൽ രാജി സാജു (35) അന്തരിച്ചു.

**വാകത്താനം:** ഫെഡറൽ ബാങ്ക് റിട്ട. ഉദ്യോഗസ്ഥൻ വലിയവീട്ടിൽ വി.പി. ചാക്കോ (കുഞ്ഞച്ചൻ-71) അന്തരിച്ചു.

**പാലാ:** അരുണാപുരം കാര്യപ്പുറം ലൂസി സെബാസ്റ്റ്യൻ (70) അന്തരിച്ചു.

**എളമക്കര:** കീർത്തി നഗർ ഊരിയകുന്നത്ത് അഡ്വ. ബെഞ്ചമിൻ തോമസ് (ബെന്നി-59) അന്തരിച്ചു.

## അന്നക്കുട്ടി ജോസഫ്

**പൂവരണി:** പാലക്കുഴയിൽ അന്നക്കുട്ടി (93) യുഎസിൽ അന്തരിച്ചു. മുട്ടുചിറ പറമ്പിൽ കുടുംബാംഗമാണ്. ഭർത്താവ് പരേതനായ ജോസഫ്. മക്കൾ: ബേബിച്ചൻ, വക്കച്ചൻ, ചിന്നമ്മ, ഫിലോമിന, ലൈസാമ്മ, ടോമി, സെലീനാമ്മ (എല്ലാവരും യുഎസ്), തങ്കമ്മ (യുകെ), പരേതനായ ജോസ്. മരുമക്കൾ: ഫിലോമിന പന്തലാലിയിൽ (മൂഴൂർ), കത്രിക്കുട്ടി തേവർകുന്നേൽ (രാമപുരം), തങ്കച്ചൻ ഉറുമ്പിൽ (എരുമേലി), റജി തുണ്ടത്തിൽ (കീരുകുഴി), പരേതനായ സണ്ണി ചേന്നാട്ട് (മാന്തുരുത്തി), സാബു ചെന്നോത്ത് (കോക്കമംഗലം), സിനി പുത്തൻപുരക്കൽ (വെച്ചൂച്ചിറ), നോബിൾ മടുക്കക്കുഴി (കാഞ്ഞിരപ്പള്ളി).

**കൊല്ലം:** വിമലഹൃദയ ഫ്രാൻസിസ്കൻ സഭാംഗം സിസ്റ്റർ സൈറ മേരി (81) അന്തരിച്ചു.

**പുഞ്ചവയൽ:** പുതുപ്പറമ്പിൽ കുഞ്ഞുമോൾ (പൊടിയമ്മ-64)അന്തരിച്ചു.

**വല്യാട്:** പാക്കനിലത്ത് പി.കെ. ശ്രീധരൻ (76) അന്തരിച്ചു.

**കുഴിക്കാല:** കല്ലുംപുറത്ത് ശോശാമ്മ നൈനാൻ (കുഞ്ഞുമോൾ-86) അന്തരിച്ചു.

## അന്നമ്മ കുരുവിള

**തോട്ടയ്ക്കാട്:** ചിറപ്പുറത്ത് തണുങ്ങുംപതിക്കൽ അന്നമ്മ കുരുവിള (104) അന്തരിച്ചു. തടത്തിൽ വടക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് പുരേതനായ ടി.എം. കുരുവിള. മക്കൾ: ടി.കെ. മാത്യു, കുരുവിള ഈപ്പൻ (യുഎസ്), കുരുവിള വർഗീസ് (യുഎസ്), ടി.കെ. ഏബ്രഹാം, ജേക്കബ് കുരുവിള (യുഎസ്), മരുമക്കൾ: എൻ.എ. അച്ചാമ്മ, റേയ്ച്ചൽ ഈപ്പൻ (യുഎസ്), സാറാമ്മ വർഗീസ് (യുഎസ്),ജസീന്ത ലൂയിസ്, സൂസൻ കുരുവിള (യുഎസ്).

## സിസ്റ്റർ ആൻസി



**പാലാ:** മൂന്നാനി കർമ്മലീത്താ മഠാംഗമായ സിസ്റ്റർ ആൻസി (75) അന്തരിച്ചു. മുട്ടുചിറ പരേതനായ ഏറ്റുമാനൂക്കാരൻ പൗലോച്ചന്റെ മകളാണ്. ചിക്കാഗോ, ആലുവ ജനറലേറ്റ്, പാലാ, രാമപുരം, താമ്പോർ, മുട്ടുചിറ എന്നിവിടങ്ങളിൽ മദർ സുപ്പീരിയറായി സേവനമനുഷ്ഠിച്ചിട്ടുണ്ട്. സഹോദരങ്ങൾ: എൽസമ്മ, അപ്പച്ചൻ, ബേബി (മൂവരും യുഎസ്), ഫിലോമിന കാഞ്ഞിരംകാലായിൽ (അതിരമ്പുഴ), കൊച്ചുറാണി (കാഞ്ഞിരമറ്റം),പരേതരായ ജോസ്, സിസ്റ്റർ ജയ്മി.

**കൊച്ചി:** രാജശ്രീ മോട്ടോഴ്സ് മാനേജിങ് ഡയറക്ടർ എസ്. ശിവകുമാർ (കണ്ണൻ-59) അന്തരിച്ചു.

**പരിയാരം:** റിട്ട. അധ്യാപിക പുതുപ്പറമ്പിൽ എം.ഇ. അമ്മിണി (77) അന്തരിച്ചു.

**പാലാ:** മേരി ഇമ്മാക്കുലേറ്റ് സെക്കുലർ ഇൻസ്റ്റിറ്റ്യൂട്ട് നെല്ലിയാനി സെ. സെബാസ്റ്റ്യൻസ് മഠാംഗം സിസ്റ്റർ ആനി ജോസ് (അന്നക്കുട്ടി-84) അന്തരിച്ചു.

**പാലക്കാട്:** ന്യൂ ഇന്ത്യൻ എക്സ്പ്രസ് പാലക്കാട് പ്രിൻസിപ്പൽ കറസ്പോണ്ടന്റ് വടക്കന്തറ തരവനാട്ട് ലൈൻ ഇന്ദീവരത്തിൽ എ. സതീഷ്ബാബു (61) അന്തരിച്ചു.

**ചങ്ങനാശേരി:** ഡിഫൻസ് അക്കൗണ്ട്സ് റിട്ട. സീനിയർ ഓഡിറ്റർ പുഴവാത് പുവത്തുമൂട്ടിൽ റോസിലി മാത്യു ((69) അന്തരിച്ചു.

**സൗത്ത് പാമ്പാടി:** ഇലക്കൊടിഞ്ഞി പ്ലാത്തോട്ടത്തിൽ ഏലിയാമ്മ ജോൺ (ചിന്നമ്മ-72) അന്തരിച്ചു.

**പുതുപ്പള്ളി:** കൊച്ചുകുറ്റിക്കൽ ജോർജ് തോമസ് (83) അന്തരിച്ചു.

## ഏലിയാമ്മ മാത്യു

**മാലം:** വടക്കേതോപ്പിൽ പ്ലാക്കിൽ ഏലിയാമ്മ മാത്യു(കുഞ്ഞുമോൾ-68) അന്തരിച്ചു. കൊട്ടാരക്കര പുലമണ്ണുകിഴറ്റു കിഴക്കേതിൽ കുടുംബാംഗമാണ്. ഭർത്താവ് ടി.എസ്. മാത്യു. മക്കൾ: ഷൈനി (കാനഡ), മാത്യു സ്കറിയ (യുഎസ്), വിനോദ് മാത്യു (യുകെ). മരുമക്കൾ: മർഫി (കാനഡ), ഷൈന (യുഎസ്), ആൻസി (യുകെ).

**ഇത്തിത്താനം:** മലകുന്നം സർവീസ് സഹ. ബാങ്ക് റിട്ട. സെക്രട്ടറി എരുമച്ചാടത്ത് കെ.സി. തോമസ് (കുഞ്ഞച്ചൻ-87) അന്തരിച്ചു.

**ചെന്നൈ:** തിരുവനന്തപുരം ഉള്ളൂർ കടൂർ കോശി കെ. വർഗീസ് (67) അണ്ണാനഗർ വെസ്റ്റ് അക്ഷയ കോളനിയിലെ വസതിയിൽ അന്തരിച്ചു.

**കോട്ടയം:** തിരുവാതുക്കൽ ഇടവഴിക്കൽ മോനി ഏബ്രഹാം (71) അന്തരിച്ചു.

**കോതനല്ലൂർ:** മൂലമറ്റം എസ്ജെ. ഹോസ്പിറ്റൽ ഉടമ കീരങ്കേരിപ്പറമ്പിൽ ഡോ. മാത്യു ജോർജ് (മത്തച്ചൻ-77) അന്തരിച്ചു.

**ചങ്ങനാശേരി:** അങ്ങാടി പോളക്കൽ ലീലാമ്മ സെബാസ്റ്റ്യൻ (75) അന്തരിച്ചു.

## കെ.പി. ശിവദാസ്

**മൂലവട്ടം:** ചാമക്കാലായിൽ (രാധാലയം) കെ.പി. ശിവദാസ് (73) അന്തരിച്ചു.കിളിരൂർ നാലാങ്കൽ എൻ.കെ. രാധാമണി. മക്കൾ: അമ്പിളി (തവനൂർ), ശ്രീകല (ബെംഗ്ളൂരു), അനുരാധ (യുഎസ്). മരുമക്കൾ: രഞ്ജിത്, ദീപക്, വിനോദ് (യുഎസ്).

**ചെറുവള്ളി:** മുണ്ടപ്ലാക്കൽ മറിയാമ്മ മാത്യു (102) അന്തരിച്ചു.

**ആലപ്പുഴ:** വട്ടയാൽ സെ. മേരീസ് എച്ച്എസ് റിട്ട. അധ്യാപകൻ ചിറപ്പറമ്പിൽ സി.ജെ. തോമസ് (ടോമി-86) അന്തരിച്ചു.

**കടുത്തുരുത്തി:** ഖാദി ബോർഡ് റിട്ട. പ്രോജക്ട് ഓഫീസർ കെ.എസ്. പുരം വള്ളോംപറമ്പിൽ (ചെരുവംകാല) സോമനാഥൻ അന്തരിച്ചു.

**തെള്ളകം:** കാരികൊമ്പിൽ വർക്കി തോമസ് (ജോർജ്-75) അന്തരിച്ചു.

**മണർകാട്:** വാലേൽമറ്റം ഈരേച്ചേരിൽ സനീഷ് ജോണിന്റെയും കൊച്ചുമോളുടെയും മകൻ ചിക്കു ജോൺ മാത്യു (മുത്ത്-27) അന്തരിച്ചു.

**മാടപ്പള്ളി:** വെളിയനാട് മെതിക്കളത്തിൽ ബേബി മാത്യു (73) അന്തരിച്ചു.

**കൈപ്പുഴ:** പടവെട്ടും കാലായിൽ തോമസ് ചുമ്മാർ (81) അന്തരിച്ചു.

**പരുമല:** വേളശേരിൽ റെയ്ച്ചൽ മാത്യു (കുഞ്ഞൂഞ്ഞമ്മ-70) അന്തരിച്ചു.

**ഫാത്തിമാപുരം:** ഇടുക്കി മണിയാറംകുടി ഇളാംപുറം മറിയക്കുട്ടി (95) അന്തരിച്ചു.

# CAREGIVER WANTED IN HOUSTON

Looking for a Caregiver for an adult male who lives with his wife in Houston. The couple are independent and only minimal help would be needed. We are open to both a live in or live out option.

**Please contact us at**

**713-885-6016**

# CAREGIVER WANTED IN NORTH CAROLINA

Live-in help needed to give company for a 80 year old healthy male with early signs of dementia living in Raleigh, North Carolina. Tasks include cooking Kerala style meals and administering medications (oral only) on time. Spacious room with private bathroom provided. Attractive compensation.

**Call or text Finny @ 919-446-4640**

# ചിക്കാഗോയിൽ കെയർടേക്കറെ ആവശ്യമുണ്ട്

ചിക്കാഗോയുടെ സൗത്ത് വെസ്റ്റ് സബർബിൽ താമസിക്കുന്ന പ്രായമുള്ള അമ്മച്ചിയെ പരിചരിക്കുവാൻ കെയർടേക്കറെ ആവശ്യമുണ്ട്. ഫുൾടൈം/പാർട്ട് ടൈം ആയി നിൽക്കുവാൻ താല്പര്യമുള്ളവർ വിളിക്കുക:

**ഫോൺ: (630) 205-5078**

# CAREGIVER WANTED IN SEATTLE, WASHINGTON

We are looking for nanny to take care of a our new born baby and also help with basic house chores in Seattle, Washington

**Please contact me at**

**4142178109**

## ഉപകാരസ്മരണ



### വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

*Inserted by: Firm Believer, Oklahoma*

ഉപകാരസ്മരണ



വി. യൂദാശ്ലീഹായുടെ നൊവേന

മിശിഹായുടെ സ്നേഹിതനും വിശ്വസ്ത ദാസനുമായ വി. യൂദാശ്ളീഹായേ, ഏറ്റവും കഷ്ടപ്പെടുന്ന എനിക്കുവേണ്ടി അപേക്ഷിക്കണമെ. യാതൊരു സഹായവും ഫല സിദ്ധിയുമില്ലാതെവരുന്ന സന്ദർഭത്തിൽ ഏറ്റവും ത്വരിതവും ഗോചരവുമായ സഹായം ചെയ്യുന്നതിന് അങ്ങേയ്ക്ക് വിശേഷവിധിയായി കിട്ടിയിരിക്കുന്ന അനുഗ്രഹത്തെ അങ്ങ് ഉപയോഗിക്കണമെ. എന്റെ എല്ലാ ആവശ്യങ്ങളിലും വിശിഷ്യ (ആവശ്യം പറയുക) അങ്ങയുടെ സഹായം ഞാൻ അപേക്ഷിക്കുന്നു. ഭാഗ്യപ്പെട്ട യൂദാശ്ളീഹായെ, അങ്ങയുടെ ഈ അനുഗ്രഹത്തെ ഞാൻ സദാ ഓർക്കുമെന്നും അങ്ങേ സ്തുതികളെ ലോകമെങ്ങും അറിയിക്കുമെന്നും ഞാൻ വാഗ്ദാനം ചെയ്യുന്നു. ആമേൻ.

(ദിവസം ഒൻപതു പ്രാവശ്യം ഈ പ്രാർത്ഥന ചൊല്ലുക. എട്ടാം ദിവസം നിങ്ങളുടെ പ്രാർത്ഥനയ്ക്ക് നിവൃത്തിയുണ്ടാകും. ഒൻപതു ദിവസം ചൊല്ലുക. അത് ഒരു കാലവും സഫലമാകാതിരിക്കില്ല) താമസിച്ചതിനു ക്ഷമാപണം

Inserted by: Firm Believer, Oklahoma

# NANNY WANTED IN CHICAGO AREA

Looking for a Nanny to take care of our twin boys less than 1 year old. Option for living in is possible depending on situation.

**If interested,**

**please TEXT 630-935-4333**

**We offer competitive pay.**

## *Favors Received*



*Inserted by: Firm Believer, Virginia*

Favors Received



Inserted by: Firm Believer, Virginia

## പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

*Inserted by: Firm Believer, Houston*

പരിശുദ്ധാത്മാവിനോടുള്ള പ്രാർത്ഥന

പരിശുദ്ധാത്മാവേ, എനിക്കു എല്ലാം വെളിപ്പെടുത്തുകയും എനിക്കു വഴി കാണിച്ചു തരികയും എന്നോടു മറ്റുള്ളവർ ചെയ്യുന്നതെല്ലാം ക്ഷമിക്കുവാനും മറക്കുവാനും കഴിവു തരുന്ന ദൈവീക ദാനം തരുകയും എന്റെ ജീവിതത്തിൽ എന്റെ എല്ലാ ചിന്തകളിലും ഉള്ളവനുമായ അങ്ങേയക്ക് ഞാൻ നന്ദി പറയുന്നു. എത്രയോ വലിയ ഭൗതികാഗ്രഹങ്ങൾ എന്നിലുണ്ടായാലും ഒരു നിമിഷം പോലും അങ്ങയിൽ നിന്നു അകലുവാനോ വേർപെടുവാനോ ഞാൻ ആഗ്രഹിക്കുന്നില്ലഎന്നു ഞാൻ തീർത്തു പറയുന്നു. നിത്യ മഹത്വത്തിൽ അങ്ങയോടുകൂടെ ആയിരിക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു. ദൈവത്തിൽ വിധേയപ്പെട്ടു കൊണ്ട് ഞാൻ അങ്ങയോട് മാപ്പ് ചോദിക്കുന്നു.

ഈ പ്രാർത്ഥന വിശ്വാസത്തോടെ മുന്നു ദിവസം അടുപ്പിച്ചു ചെല്ലുക. മുന്നു ദിവസത്തിനു ശേഷം നിങ്ങളുടെ അപേക്ഷ തീർച്ചയായും സഫലീകരിക്കും. അപേക്ഷിക്കുന്നതിന് മുൻപ് താഴെ പറയുന്ന രണ്ടു കാര്യങ്ങളിൽ ഒന്ന് ചെയ്തിരിക്കുമെന്ന് ഉറപ്പു നൽകുക.

1. അപേക്ഷ സാദ്ധ്യമായാൽ ഈ പ്രാർത്ഥന പ്രസിദ്ധീകരിക്കും
2. ഈ പ്രാർത്ഥനയുടെ പകർപ്പുകൾ എത്ര അധികം ആളുകളിൽ എത്തിക്കാമോ അത്ര അധികം ആളുകളിൽ എത്തിക്കും.

ഇത് പരിശുദ്ധാത്മാവിന്റെ അത്ഭുതങ്ങൾ പ്രചരിപ്പിക്കാൻ വേണ്ടി ആണ്. താമസിച്ചതിന് ക്ഷമാപണം.

Inserted by: Firm Believer, Houston

Visit Our Website: www.keralaexpress.com for Classified Advt.

## കഥ ഇതുവരെ

**സന്ദീപും അല്ലിമയും പ്രണയത്തിലാണ്. വിവാഹത്തിന് സന്ദീപിന്റെ അച്ഛൻ ജാതകത്തിനു നിർബന്ധം പിടിച്ചപ്പോൾ അല്ലിമ ദത്തുപുത്രിയാണെന്ന് അവളുടെ അച്ഛനു തുറന്നു പറയേണ്ടിവന്നു. അവളുടെ ജന്മരഹസ്യം തേടി പോണ്ടിച്ചേരിയിലെത്തിയ സന്ദീപും കിഷോറും ക്ലൂണി ഹോസ്പിറ്റലിലെ മലയാളി നേഴ്സ് സോഫിയ വഴി അല്ലിമയെ പ്രസവിച്ച സ്ത്രീയുടെ പേര് മാളവിക എന്നാണെന്നും വീട് മണിമലയിലാണെന്നും മനസ്സിലാക്കുന്നു. കൂടുതൽ അന്വേഷണവുമായി സന്ദീപും രാജഗോപാലും അല്ലിമയും മണിമലയിൽ സന്ദീപിന്റെ അച്ഛന്റെ അമ്മവീട്ടിലെത്തുന്നു. അവിടത്തെ അഞ്ജനയുടെ ഭർത്താവ് ഹേമചന്ദ്രൻ പോലീസ് ഓഫീസറാണ്. അച്ഛന്റെ അമ്മയുടെ അനുജത്തി മല്ലികയുടെ മകളാണ് മാളവിക എന്ന് സന്ദീപ് മനസ്സിലാക്കി. ബസ് കണ്ടക്ടറായിരുന്ന ചന്ദ്രബാബുവിനെ പ്രണയിച്ച് രജിസ്റ്റർ വിവാഹം കഴിച്ച മാളവിക വീട്ടുകാരെ ഭയന്ന് ഭർത്താവിന്റെ കുടുംബത്തോടൊപ്പം നാടുവിട്ടുപോകുകയായിരുന്നു. അവർ താമസിച്ച വീട് അല്ലിമയും സന്ദീപും കണ്ടുപിടിച്ചു. പഴയ കഥ അന്വേഷിച്ചുവന്നത് സന്ദീപാണെന്നറിഞ്ഞ ഹേമചന്ദ്രൻ അപകടം തിരിച്ചറിഞ്ഞു. അച്ഛമ്മയുടെ അനുജത്തിയുടെ മകൾ മാളവികയുടെ മകളാണ് അല്ലിമ എന്നു സന്ദീപ് അമ്മയോടു വെളിപ്പെടുത്തി. സന്ദീപിനൊപ്പം വന്ന പെൺകുട്ടി മാളവികയുടെ മകളായിരിക്കാമെന്ന ഹേമചന്ദ്രന്റെ നിഗമനം മറ്റുള്ളവരെ ഞെട്ടിച്ചു. അല്ലിമ ജീവനോടെ ഇരിക്കുന്നത് തങ്ങൾക്ക് ആപത്തായതിനാൽ അന്യസംസ്ഥാന കുറ്റവാളിയെ ഉപയോഗിച്ച് അല്ലിമയെ വകവരുത്താനും സന്ദീപിനെ വാഹനാപകടത്തിൽ ഇല്ലാതാക്കാനും ഹേമചന്ദ്രൻ പദ്ധതിയിടുന്നു. തേക്കിൻതണ്ടിൽ എത്തിയ സന്ദീപും സംഘവും അല്ലിമയുടെ മുത്തച്ഛനെയും മുത്തശ്ശിയെയും കണ്ടെത്തുന്നു. മാളവികയെ ബന്ധുക്കൾ ബലമായി പിടിച്ചുകൊണ്ടു പോവുകയായിരുന്നെന്ന് ശേഖരൻകുട്ടി അറിയിച്ചു. മാളുവിന്റെ ആഭരണങ്ങളും വസ്ത്രങ്ങളുമടങ്ങുന്ന പെട്ടി ശേഖരൻകുട്ടി അല്ലിമയ്ക്കു സമ്മാനിച്ചു. ഭാസ്കരമേനോന്റെ മുന്നിൽവെച്ച് മാളവികയെ സംബന്ധിച്ച എല്ലാ കാര്യങ്ങളും സന്ദീപ് മല്ലികയോടു വെളിപ്പെടുത്തി. ഹേമചന്ദ്രൻ സസ്പെൻഷനിലാകുന്നു. കിഷോറും സോഫിയായും തമ്മിലുള്ള പ്രേമബന്ധം ദൃഢമാകുന്നു. ഭാസ്കരമേനോൻ വന്നു സന്ദീപിനെ പിന്തിരിപ്പിക്കാൻ ശ്രമിച്ചതോടെ സന്ദീപ് പുറകോട്ടുമാറുന്നു. അന്വേഷണം ഇനി ആരു തുടരുമെന്ന ഘട്ടത്തിൽ ചന്ദ്രബാബുവിന്റെ സഹോദരൻ അനിബാബു അല്ലിമയെ കാണാനെത്തുന്നു. അയാളെക്കൊണ്ടു പീരുമേട്, പെരുവന്താനം പോലീസ് സ്റ്റേഷനുകളിൽ പരാതി കൊടുപ്പിക്കാൻ സന്ദീപ് തീരുമാനിക്കുന്നു...**

# കാണാത്ത തീരങ്ങൾ

ജോയ്സി

## 86

അനിബാബു നൽകിയ പരാതി സി.ഐ. രാമനാഥൻ ഒന്നോടിച്ചു വായിച്ചശേഷം അവനെ അടിമുടി ഒന്നു നോക്കി. ആ നോട്ടത്തിൽ പരിഹാസവും പുച്ഛവും അവഗണനയുമെല്ലാം അടങ്ങിയിരുന്നു.

"ഇരുപത്തിരണ്ടു വർഷം മുമ്പത്തെ മാൻമിസിങ്...?"

"അതെ സാർ."

അനിബാബു ഭവ്യതയോടെ തലകുനിച്ചു.

"ഞാൻ അന്വേഷിക്കണം, അല്ലേടാ?"

"സാറതിനുവേണ്ടി മെനക്കെടണ്ട സാറേ. താഴെയൊള്ള സാറമ്മാരോടു പറഞ്ഞാ മതി- അവരന്വേഷിക്കട്ടെ. സാറിനു വേറെ ഒരുപാടു ജോലിയില്ലേ."

"ഞാൻ കുമളീലിരിക്കുമ്പോ നീ ആനക്കൊമ്പുകേസിൽ എനിക്കു പിടിതന്നിട്ടുള്ളവനല്ലേ?"

"ആ കേസിന്റെയൊക്കെ ശിക്ഷകഴിഞ്ഞിട്ട് വർഷം എത്രയായി സാറേ."

"ഇപ്പോ നിന്റെ പേരിൽ കേസൊന്നുമില്ലേ?"

"ഒരു കഞ്ചാവ് കേസൊണ്ടാരുന്നു. അതിന്റെ ശിക്ഷ കഴിഞ്ഞു."

"നീ മറയൂരീന്ന് ചന്ദനം കടത്തിയ കേസില്ലാരുന്നോ?"

"അത് ഊരിപ്പോന്നു സാറേ..."

"നിനക്കിപ്പോ ഇരുപത്തിരണ്ടു വർഷം മുമ്പത്തെ കേസ് കുത്തിപ്പൊക്കേണ്ട കാര്യമെന്താ?"

"സാറേ, കാണാതെപോയത് എന്റെ ചേട്ടനെയാ..."

"ഇത്രയുംകാലം നീ അതൊന്നും ഓർത്തില്ലേ."

സി.ഐ. നെറ്റി ചുളിച്ചു.

"ഓർക്കാഞ്ഞിട്ടല്ല സാർ... സഹായത്തിന് ആരുമില്ലാരുന്നു."

"ഇപ്പോ നിന്റെ സഹായത്തിന് ഏതു കള്ളനാ മുന്നോട്ടു വന്നിരിക്കുന്നെ. അവന്റെ പേരു പറ. ലിസ്റ്റിൽ പെടുത്തി വെക്കാമല്ലോ."

"ഒരു പത്രപ്രവർത്തകനാ സാറേ... പിന്നെ എന്റെ ചേട്ടന്റെ മോളും അവളെ എടുത്തു വളർത്തിയ വീട്ടുകാരും ഒണ്ട്."

"ആരൊക്കെ ഒണ്ടായാലും നിന്നെ ഇപ്പോ പിടിച്ച് ലോക്കപ്പിലോട്ടു കേറ്റി നാലിടിയിടിച്ച്, ഒരു കഞ്ചാവ് കേസും ചാരായം വാറ്റ് കേസും ചാരായം വിറ്റ കേസും രണ്ടു തടിക്കേസുംകൂടി നിന്റെ പേരിലോട്ട് ചാർജ് ചെയ്തു കഴിഞ്ഞാ അവിടംകൊണ്ട് നിന്റെ കഥ കഴിഞ്ഞു. നിന്നെ പിന്നെ എന്നാ ചെയ്യുമെടാ..."

"അതൊക്കെ എന്നോടുചെയ്യുന്ന വല്യ തെറ്റല്ലേ സാറേ. അതും ഈ പ്രായത്തിൽ. എന്റെ നല്ലകാലം മുഴുവൻ പോലീസും ജെയിലും കൊണ്ടുപോയിത്തിന്നു..."

"അതു നിന്റെ കയ്യിലിരുപ്പിന്റെ ഗുണം."

"സാറേ, ഞാൻ ഒമ്പതാംക്ലാസിൽ പഠിക്കുമ്പഴാ പോലീസെന്നെ ലോക്കപ്പിൽ കൊണ്ടുപോയി ഇടിക്കുന്നെ. ഒരു തെറ്റും ചെയ്തിട്ടല്ല. എന്റെ ചേട്ടൻ കാശുള്ള വീട്ടിലെ പെണ്ണിനെ പ്രേമിച്ചു. അതിനാ എന്നെ പിടിച്ചിട്ടത്. പിന്നെയിങ്ങോട്ട് പോലീസില്ലാത്ത ജീവിതം എനിക്കൊണ്ടായിട്ടില്ല."

"ഇനീം അങ്ങനെയൊക്കെത്തന്നെയാ."

"അറിയാം സാറേ. പോലീസെന്നെ ജീവിക്കാൻ സമ്മതിക്കത്തില്ലെന്നറിയാം."

"നിന്റെ ഈ പരാതി ഇങ്ങനെ വലിച്ചുകീറി ചുരുട്ടിക്കൂട്ടി വേസ്റ്റ് ബിന്നിലോട്ടിട്ടാ തീരുന്ന കേസേയൊള്ളെടാ ഇത്."

സി.ഐ. രാമനാഥൻ അങ്ങനെ പറയുന്നതിനിടയിൽത്തന്നെ ആ കടലാസ് കീറി ചുരുട്ടി വേസ്റ്റ്ബിന്നിൽ ഇടുകയും ചെയ്തു.

"അങ്ങനെ തീരത്തില്ല സാറേ ഈ കേസ്. ഇതിന്റെ പൊറകിൽ ഞാൻ മാത്രമല്ല, വേറെ നല്ല ആമ്പിള്ളാരൊണ്ട്. സാറ് കീറിക്കളഞ്ഞാ നാളെ മോളീന്നു വിളിച്ചു ചോദിക്കുമ്പം സാറിനൊരു ഉത്തരം പറയാൻ കാണത്തില്ല..."

"നായിന്റെ മോനെ..."

സി.ഐ. രാമനാഥൻ ഷൂസിട്ട കാൽ നിലത്താഞ്ഞു ചവിട്ടി ചാടിയെഴുന്നേറ്റു. "നീയെന്നെ ഭീഷണിപ്പെടുത്തുന്നോടാ റാസ്ക്കൽ."

കയ്യെത്തിച്ച് രാമനാഥൻ അനിബാബുവിന്റെ ഷർട്ടിൽ കഴുത്തിനുതാഴെ കുത്തിപ്പിടിച്ച് അടിക്കാൻ കയ്യോങ്ങി.

"എന്നെപ്പോലൊരു ലോക്കൽ ക്രിമിനലിനെ തല്ലുന്നത് സാറിനുതന്നെ നാണക്കേടാ. വല്ല പോലീസുകാരെക്കൊണ്ട് തല്ലിക്ക് സാറേ. സാറിനൊരന്തസ്സില്ലേ?"

"വായടയ്ക്കടാ നായേ." അനിബാബു വായടച്ച് മിണ്ടാതെ നിന്നു.

സി.ഐ. രാമനാഥൻ ഫോണെടുത്ത് എസ്.ഐയോടു വരാൻ പറഞ്ഞിട്ട് സീറ്റിൽ ഇരുന്നു. അൽപസമയത്തിനകം എസ്.ഐ. ജയാനന്ദൻ അവിടേക്കു വന്നു സല്യൂട്ടടിച്ചു.

"ഇവനെ പിടിച്ചു ലോക്കപ്പ് ചെയ്തേക്ക്. ഇവനെന്തോ കഥ പറയാനൊണ്ട്. അതുംകൂടി കേട്ടോ."

"സാർ..."

ജയാനന്ദൻ അനിബാബുവിന്റെ നേർക്കു തിരിഞ്ഞു. "വാടാ എന്റെ കൂടെ."

അനിബാബു ആട്ടിൻകുട്ടിയുടെ ശാന്തതയോടെ ജയാനന്ദന്റെ പിറകെ ചെന്നു.

"എന്തുവാടാ കഥ?" തന്റെ ഓഫിസ്റൂമിലേക്കു കടന്നിട്ട് ജയാനന്ദൻ തിരക്കി.

അനിബാബു നാലായി മടക്കി കവറിനുള്ളിലാക്കിവെച്ചിരുന്ന പരാതി എസ്.ഐക്കു നൽകി. പരാതി വായിച്ചു നോക്കിയിട്ട് ജയാനന്ദൻ ചോദിച്ചു:

"നിനക്കെന്താ വട്ടാണോ? ഇരുപത്തിരണ്ടു വർഷം മുമ്പ് കാണാതായ ആളെ കണ്ടുപിടിക്കണമെന്നു പോലീസിനു പരാതി. ഇതെവിടെ നടക്കുമെടാ."

"സാറേ... പോലീസു വിചാരിച്ചാ നടക്കും. നല്ല മിടുക്കന്മാര് പോലീസുകാരൊണ്ട്. അവരെ ഏൽപിച്ചാ മതി."

"നീ സി.ഐയ്ക്കു കൊടുത്തില്ലേ പരാതി?"

"കൊടുത്തു സാറേ. പക്ഷേ, കീറിക്കളഞ്ഞു. ഭയങ്കര മണ്ടത്തരവാ കാണിച്ചെ."

"ഞാനും ഇതങ്ങു കീറിക്കളഞ്ഞാലോ?"

"സാറ് കളഞ്ഞോ. പരാതി തരികാന്നൊള്ളതുമാത്രം എന്റെ ജോലി."

"നിന്നെ ലോക്കപ്പ് ചെയ്യാനാ സാറ് പറഞ്ഞത്."

"സാറേ അര മണിക്കൂർ... അത്രേയൊള്ളൂ എനിക്കു ലോക്കപ്പിനകത്ത്."

"അതിനകം നിന്നെ ഇറക്കിക്കൊണ്ടുപോകാൻ ആരെങ്കിലും വരുവോ?"

"വരും സാറേ."

"ആരു വരും?"

"ഒരു ടീമൊണ്ട് സാറേ എന്റെ പൊറകില്. ഞാനതു സി.ഐ. അദ്ദേഹത്തോടു പറഞ്ഞിട്ട് വിശ്വാസം വരുന്നില്ല."

"ആരൊക്കെയാടാ നിന്റെ ടീം?"

"ഒന്ന്, എന്റെ ചേട്ടന്റെ മോള്. രണ്ട്, അവളെ കെട്ടാൻ പോണ ചെക്കൻ. മൂന്ന്, അവളെ എടുത്തു വളർത്തിയ കുടുംബക്കാർ. പിന്നെ, ഒരു പത്രത്തിന്റെ ബലോംകൂടെയൊണ്ടു സാറേ."

"ശരി. എന്തായാലും നിന്നെ ഇറക്കാൻ ആളുവരുമല്ലോ. അതുവരെ നീ കഥ പറ. കേൾക്കട്ടെ." അനിബാബു തന്റെ ജ്യേഷ്ഠനും മാളവികയും തമ്മിലുണ്ടായ പ്രണയകഥ മുതൽ, അല്ലിമയും സന്ദീപും സംഘവുംകൂടി പെരിയാർവാലിയിൽ എത്തിയതുവരെയുള്ള കാര്യങ്ങൾ തനിക്കറിയാവുന്നതുപോലെ വിസ്തരിച്ചു പറഞ്ഞു. ജയാനന്ദൻ അനിബാബുവിനെത്തന്നെ നോക്കി തലകുലുക്കിക്കൊണ്ട് താടിയുഴിഞ്ഞു. ഒടുക്കം ചോദിച്ചു:

"ഇതു വല്ലതും നടക്കുന്ന കാര്യമാണോടാ? സംഭവം കൊള്ളാം. ത്രില്ലിങ്ങാണ്. ഇരുപത്തിരണ്ടു വർഷം മുമ്പ് കാണാതായവനെ എങ്ങനെ കണ്ടുപിടിക്കാനാ. ഒരു ലോജിക്ക് വേണ്ടേ?"

"സാറേ... കണ്ടുപിടിക്കാനൊന്നും പറ്റത്തില്ല. എന്തു സംഭവിച്ചെന്ന് അറിഞ്ഞാ മതി. ഇതിന്റെ പൊറകില് ആരൊക്കെ എന്തൊക്കെ ചെയ്തെന്നുകൂടി അറിഞ്ഞാ തൃപ്തിയായി."

"ഇവിടുന്നെറങ്ങിയാ നീ എങ്ങോട്ടാ പോകുന്നെ?"

"പെരുവന്താനം സ്റ്റേഷനിലൊരു പരാതി കൊടുക്കണം."

"ഉം... അര മണിക്കൂറ് കഴിഞ്ഞല്ലോടാ. നിന്നെ ഇറക്കാനാരും വന്നില്ലല്ലോ."

"വരും സാറേ..."

പത്തു മിനിറ്റുകൂടി കഴിഞ്ഞപ്പോൾ സി.ഐ. രാമനാഥന്റെ കോൾ വന്നു. ജയാനന്ദൻ അറ്റൻഡ് ചെയ്തു.

"സാർ..."

"അവനെ വിട്ടേക്ക്"

"സാർ..."

"അവൻ തന്ന പരാതിയൊണ്ടോ കയ്യിൽ?"

"ഒണ്ട് സാർ."

"കീറിക്കളയരുത്. അവന് പരാതി കൈപ്പറ്റി റെസീപ്റ്റ് കൊടുക്കണം."

"സാർ..."

"ഇന്നുതന്നെ അന്വേഷണം തുടങ്ങിക്കോ. ഇരുപത്തിരണ്ടു വർഷം മുമ്പത്തെ കേസാ. കാണാതായവന്റെ പേര് ചന്ദ്രബാബു. ഏലപ്പാറ ബസ് സ്റ്റാൻഡിൽ നിന്ന ആളെ പിന്നീടാരും കണ്ടിട്ടില്ല."

"സംഭവമെല്ലാം അയാള് പറഞ്ഞു സാറേ."

"കിട്ടാവുന്നിടത്തോളം ഡീറ്റെയിൽസ് കളക്റ്റ് ചെയ്തോ."



"സാർ..." കോൾ കട്ടായി.

"ശരി. നീ പൊയ്ക്കോ."

എസ്.ഐ. പറഞ്ഞപ്പോൾ അനിബാബു ശബ്ദമില്ലാതെ ചിരിച്ചു.

"എന്താടാ ഇളിക്കുന്നെ?"

"ഞാനപ്പഴേ പറഞ്ഞില്ലേ സാറേ. ഇതു പൊളിക്കും. ഇരുപത്തിരണ്ടു കൊല്ലം മാന്തിപ്പൊളിക്കും. അടിവേരുവരെ മാന്തിയെടുക്കും. സാറിനല്ലേ അന്വേഷണം."

"ഓ... നീ ചെല്ല്."

"എന്നാ പോട്ടെ സാറേ."

അനിബാബു സ്റ്റേഷനിൽനിന്നിറങ്ങി. മുറ്റത്തു കാത്തുനിന്ന ഒരു പോലീസുകാരൻ കൈതട്ടി വിളിച്ചു.

"എടാ, ഇവിടെ വാ..."

അനിബാബു ആളെ തിരിച്ചറിഞ്ഞു. സീനിയർ സിവിൽ പോലീസ് ഓഫീസർ രവീന്ദ്രൻ! ഉപ്പുതറ സ്റ്റേഷനിൽവെച്ചുള്ള പരിചയമാണ്. അനിബാബു അടുത്തു ചെന്നു.

"നീ എറങ്ങീന്ന് കഴിഞ്ഞ ദിവസമാ ഞാനറിഞ്ഞത്. എടാ, ഒരു ഗ്രൻ ഓഫറൊണ്ട്. പിടിക്കുന്നോ?"

"എന്താ സാറേ?"

"എടാ... അഴുതയിലൊരു തടി നിൽപൊണ്ട്. ഈട്ടിയാ. ഫോറസ്റ്റ്. പനപോലെ നിൽക്കുവാ. ഒറ്റത്തടി. വളവില്ല, പോടില്ല, കേടില്ല. വെട്ടിയിറക്കി ടോറസേൽ കേറ്റിക്കൊടുത്താൽ മതി. അൻപതിനായിരം നിന്റെ പോക്കറ്റിൽ വീഴും."

"ഇല്ല സാറേ. ഞാനതൊക്കെ നിർത്തി."

"നിനക്കു മാത്രമാ അൻപതിനായിരം. തടിയറക്കുന്ന ടീമിന് ഇരുപത്തയ്യായിരം. രാത്രി പത്തിനു തുടങ്ങിയാ വെളുപ്പിനു രണ്ടു മണിക്കു പണി തീരണം. നേരം വെളുക്കുന്നതിനു മുമ്പ് മില്ലിലെത്തിക്കണം."

"ഇല്ല സാറേ. എന്നിട്ട് സാറെന്നെ ഫോറസ്റ്റ്കാർക്ക് ഒറ്റിക്കൊടുക്കും."

"ഇല്ലെടാ."

"വേണ്ട."

"എന്നാ അറപ്പുകാരടെ ടീമിനെ ഒപ്പിച്ചു താ."

"അവരൊക്കെ പലവഴിക്കു പിരിഞ്ഞു സാറേ. ഞാൻ പോട്ടെ. കൊറച്ചു പണിയൊണ്ട്."

മറുപടിക്കു കാക്കാതെ അനിബാബു നടന്നു. പടികളിറങ്ങി താഴെ റോഡിലെത്തി. റോഡ് ക്രോസ് ചെയ്തിട്ട് തിരിഞ്ഞു നോക്കിയപ്പോൾ ഒരു പോലീസുകാരൻ സ്റ്റേഷൻ മുറ്റത്തിന്റെ കൽക്കെട്ടിനരികെ വന്നു നിന്നു നോക്കുന്നു.

അനിബാബു ഒരു ഹോട്ടലിലേക്കു കയറിപ്പോയി. അവിടെനിന്ന് ഒരു ചായ കുടിച്ചിറങ്ങി. അടുത്ത ഹോട്ടലിൽ കയറി അവിടെനിന്നും ഒരു ചായ കുടിച്ചു. പിന്നെ ഇറക്കമിറങ്ങി റോഡിന്റെ മറുവശത്തുള്ള മറ്റൊരു ഹോട്ടലിലേക്കു പോയി. അവിടെ നിന്നിറങ്ങിയപ്പോൾ അനിബാബു കോട്ടും ഹെൽമറ്റും ധരിച്ചിട്ടുണ്ടായിരുന്നു. ഹോട്ടലിന്റെ മതിലരുകിലിരുന്ന ബൈക്ക് സ്റ്റാർട്ടാക്കി അയാൾ കുട്ടിക്കാനം ഭാഗത്തേക്ക് ഓടിച്ചു പോയി.

*** *** ***

ബാലകൃഷ്ണമേനോൻ ഊണു കഴിക്കാൻ കൈ കഴുകുമ്പോഴാണ് ഹേമചന്ദ്രന്റെ കോൾ വന്നത്.

അയാൾ കോൾ എടുത്തപ്പോൾ ഹേമചന്ദ്രൻ പറഞ്ഞു:

"പുതിയൊരു ശത്രു രംഗപ്രവേശം ചെയ്തിട്ടുണ്ട്. ചന്ദ്രബാബുവിന്റെ അനുജൻ അനിബാബു."

"അവനൊരു ചൊക്ലിയല്ലാരുന്നോ?"

"അത് പണ്ട്. അവൻ ജയിലിലായിരുന്നു. ഇപ്പോ എറങ്ങി എറണാകുളം ബെൽറ്റുമായിട്ട് അവൻ ഒത്തുകൂടിയെന്നാണറിവ്."

"അവനെക്കൊണ്ട് എന്താ നമുക്കു ശല്യം?"

"പീരുമേട് പോലീസ് സ്റ്റേഷനിലും പെരുവന്താനം സ്റ്റേഷനിലും അവൻ പരാതി കൊടുത്തിട്ടുണ്ട്. ഇരുപത്തിരണ്ടു കൊല്ലം മുമ്പ് കാണാതായ ചന്ദ്രബാബുവിന്റെ കേസ് അന്വേഷിക്കണമെന്ന്."

"അതൊക്കെ ഇനി അന്വേഷിക്കാനും തെളിയിക്കാനും ആർക്കു പറ്റും. കേരളാ പോലീസിനു സാധിക്കുവോ?"

"അതല്ലച്ഛാ പ്രശ്നം. തെളിയിക്കാൻ പറ്റില്ലെന്ന് അവനും അറിയാം. അവൻ കഴിഞ്ഞ ഇരുപത്തിരണ്ടു കൊല്ലം ഒരു പരാതിപോലും കൊടുത്തില്ലല്ലോ. ഇപ്പം പരാതി കൊടുത്തിരിക്കുന്നത് ഒന്നു കുത്തിയിളക്കാൻ വേണ്ടിയാ. ഒരു പ്രശ്നം ഉണ്ടാക്കീട്ട് അതേപ്പിടിച്ച് അടുത്ത പ്രശ്നത്തിലേക്കു കേറാൻ. ചന്ദ്രബാബൂന്റെ അനുജന്റെ തലയല്ല ഇതിനു പിറകിൽ."

"അവനാണോ, ജഡ്ജിയുടെ മകൻ?"

"പിന്നല്ലാതെ... കാലാളിനെ മുന്നിൽ നിർത്തിക്കൊണ്ട് കളിക്കുകാ അവൻ."

"എങ്ങനാ ഹേമചന്ദ്രാ നിനക്കീ വിവരം കിട്ടിയത്?" ബാലകൃഷ്ണമേനോൻ തിരക്കി.

"പീരുമേട്ടീന്ന് രാമനാഥൻ വിളിച്ചു പറഞ്ഞു. അയാള് പണ്ട് മണിമല ഇരുന്നിട്ടൊള്ളവനാ. നമ്മുടെ കേസ് നടക്കുന്ന കാലത്ത്. പിന്നെ, പെരുവന്താനം എസ്.ഐ. എന്റെ ആളല്ലേ."

"അവരെന്താ അവനെ പിടിച്ച് അടികൊടുത്ത് ലോക്കപ്പിലടയ്ക്കാതിരുന്നെ?"

"അവന്റെ പിറകിൽ ആളൊണ്ടെന്നു മനസ്സിലായി."

"ഇതിനെന്താ മറുമരുന്ന്?"

"ഒന്നു ഭീഷണിപ്പെടുത്തി നോക്കാം. പിന്നെ വേറൊന്നുംകൂടി ചെയ്യണം. അവനെതിരെയും അവന്റെ തന്തയ്ക്കും തള്ളയ്ക്കുമെതിരെയും നമ്മളൊരു പരാതി കൊടുക്കണം. മുരിക്കാശേരി പോലീസ് സ്റ്റേഷനിൽ. മാളു ജീവിച്ചിരിപ്പുണ്ടോ ഇല്ലയോ? മാളൂന് എന്തു സംഭവിച്ചു? ഇരുപത്തിരണ്ടു വർഷം മുമ്പ് അവരുടെ മൂത്ത മകൻ കുട്ടിക്കൊണ്ടു പോയതാണ്. പിന്നീട് ഇതേവരെ നമ്മളാരും കണ്ടിട്ടില്ല."

"അപ്പോ മറുചോദ്യം വരില്ലേ ഹേമചന്ദ്രാ, ഇത്രയും കാലം നമ്മൾ എന്തുകൊണ്ട് അന്വേഷിച്ചില്ലെന്ന്?"

"പിണക്കത്തിലായിരുന്നു. അങ്ങോട്ടുമിങ്ങോട്ടും സമ്പർക്കമില്ലായിരുന്നു. അവൾ ഇഷ്ടമുള്ള ആളിന്റെ കൂടെ ജീവിക്കട്ടെ എന്നു വിചാരിച്ച് നമ്മളാരും അന്വേഷിച്ചു പോയില്ല. അടുത്ത കാലത്താണ് അവളെ കാണാനില്ലെന്ന വിവരം അറിയുന്നത്. ഒന്നുകിൽ അവരവളെ എവിടെങ്കിലും കൊണ്ടുപോയി വിറ്റുകളഞ്ഞു. അല്ലെങ്കിൽ വകവരുത്തി. ഹൈക്കോർട്ടിൽ ഒരു ഹേബിയസ് കോർപ്പസും കൊടുക്കാം. തന്തേം തള്ളേം മോനും ഉത്തരം പറയണം."

"ഹേമചന്ദ്രാ, നമ്മളവളെ പോണ്ടിച്ചേരിക്ക്..."

"ഒരു തെളിവുമില്ല. അച്ഛൻ ധൈര്യമായിട്ടിരിക്കണം. മുള്ളിനെ മുള്ളുകൊണ്ടുതന്നെ എടുക്കണം."

"അവൻ ശല്യക്കാരനായിട്ട് വരുവോ?"

"അവനെ ഞാൻ ഏതെങ്കിലും സ്റ്റേഷനിൽ പിടിപ്പിച്ച് ഇടിച്ചു പതം വരുത്തിക്കോളാം. സ്ഥിരം ജയിൽപുള്ളിയല്ലേ. ഏതെങ്കിലും ഒരു കേസ് ഉണ്ടാക്കിയാൽ മതി."

ഹേമചന്ദ്രൻ പറഞ്ഞതു കേട്ട് ബാലകൃഷ്ണമേനോൻ വേണ്ടത്ര ഉറപ്പില്ലാതെ മൂളി.

(തുടരും)

# നാവികസേനയുടെ ഭാഗമാകാൻ എം.എച്ച് 60 ആർ സീഹോക്സ്

കൊച്ചി: സ്വയം പ്രതിരോധശക്തി സംവിധാനമുള്ള എം.എച്ച് 60 ആർ സീഹോക്സ് ഹെലികോപ്റ്ററുകൾ ഇനി നാവികസേനയ്ക്കു സ്വന്തം. യുദ്ധരംഗത്തിനു പുറമെ രക്ഷാപ്രവർത്തനങ്ങൾക്കും ഉപയോഗിക്കാൻ സാധിക്കുന്നവയാണ് ഇവ. ഇതിൽനിന്നു മിസൈലുകളും ടോർപിഡോകളും അന്തർവാഹിനികളെ തകർക്കാനുള്ള ഡെപ്ത് ചാർജറുകളും വർഷിക്കാനാകും. ഇത്തരത്തിലുള്ള 24 എണ്ണമാണു നാവികസേന സ്വന്തമാക്കുന്നത്.

ഇതിൽ അഞ്ചെണ്ണം ദക്ഷിണ നാവിക ആസ്ഥാനത്തും ഒരെണ്ണം ഐ.എൻ.എസ്. വിക്രാന്ത് കപ്പലിലും സജ്ജമാക്കിക്കഴിഞ്ഞു. ബാക്കിയുള്ളവ 2025-ഓടെ സേനയുടെ ഭാഗമാകും. മാർച്ച് ആദ്യവാരം കേന്ദ്ര പ്രതിരോധമന്ത്രി രാജ്നാഥ് സിംഗ് ഹെലികോപ്റ്ററിന്റെ ആദ്യ സ്ക്വാഡ്രൺ കമ്മീഷൻ ചെയ്യും. ആറു ഹെലികോപ്റ്ററുകളാണ് ഒരു സ്ക്വാഡ്രനിൽ ഉൾപ്പെടുന്നത്.

2020 ഫെബ്രുവരിയിൽ അമേരിക്കയുമായി ഒപ്പുവെച്ച ധാരണാപത്രം പ്രകാരമാണു ഹെലികോപ്റ്ററുകൾ വാങ്ങുന്നത്. ഇന്ത്യൻ നാവികസേനയിൽ സ്വയം പ്രതിരോധശക്തി സംവിധാനമുള്ള ഏക ഹെലികോപ്റ്ററാണിത്. മിസൈൽ ആക്രമണങ്ങളെ പ്രതിരോധിക്കാൻ ശേഷിയുള്ളവയാണ് ഇവ. ഹെലികോപ്റ്ററിൽ രണ്ടു പൈലറ്റുമാരും നേവൽ എയർ ഓപ്പറേഷൻസ് ഓഫീസറുമാണുണ്ടാകുക. നിലവിൽ രണ്ടു വനിതകൾ സീഹോക്സിന്റെ ഭാഗമാണ്. സബ്



എം.എച്ച്. 60 ആർ സീഹോക്സ് ഹെലികോപ്റ്റർ

ലഫ്റ്റനന്റുമാരായ എ. രമയും ഖ്യാതി മോഹനുമാണ് നേവൽ എയർ ഓപ്പറേഷൻസ് ഓഫീസർമാരായി പ്രവർത്തിക്കുന്നത്. ഓട്ടോ പൈലറ്റ് സംവിധാനം എം.എച്ച്. 60 ആർ സീഹോക്സിന്റെ മറ്റൊരു പ്രത്യേകതയാണ്. ഒമ്പത് മാസം നീളുന്ന പരിശീലനമാണു ഹെലികോപ്റ്റർ ഉപയോഗിക്കാൻ പൈലറ്റുമാർക്ക് നൽകിയിട്ടുള്ളത്. ഈ സംഘത്തിൽ മലയാളിയായ പാലക്കാട് സ്വദേശി അജേഷും ഉൾപ്പെടുന്നു.

# സൗജന്യ വൈദ്യപരിശീലനത്തിന് ഒരു ബില്യൻ ഡോളർ സംഭാവന

ന്യൂയോർക്ക്: ന്യൂയോർക്കിലെ ആൽബർട്ട് ഐൻസ്റ്റൈൻ മെഡിക്കൽ കോളജിലെ വിദ്യാർത്ഥികൾക്ക് സൗജന്യ പരിശീലനം നല്കുക എന്ന ലക്ഷ്യത്തിനായി ഒരു ബില്യൺ ഡോളർ ബൃഹത് സംഭാവന ലഭിച്ചു. ഇതേ സ്ഥാപനത്തിൽ 55 വർഷക്കാലം അദ്ധ്യാപികയായും മെഡിക്കൽ ബോർഡ് അദ്ധ്യക്ഷയായും സേവനം ചെയ്ത് വിരമിച്ച ഡോക്ടർ റൂത്ത് ഗോട്ടസ്മനാണ് ഭീമമായ ഈ തുക സംഭാവന ചെയ്തത്. അമേരിക്കയിലെ മറ്റൊരു മെഡിക്കൽ കോളജിനും ഇത്ര വലിയ സംഭാവന ഇതുവരെ ലഭിച്ചിട്ടില്ല. ഡോക്ടർ റൂത്ത് ഗോട്ടസ്മൻ, 2022-ൽ അന്തരിച്ച തന്റെ ഭർത്താവ് ഡേവിഡ് സാൻഡി ഗോട്ടസ്മന്റെ പേരിലാണ് ഈ സംഭാവന നല്കിയത്. ന്യൂയോർക്ക് കേന്ദ്രമായി പ്രവർത്തിക്കുന്ന ഫസ്റ്റ് മൻഹാട്ടൺ കമ്പനിയെന്ന പണ നിക്ഷേപണ കമ്പനിയുടെ സ്ഥാപകൻ കൂടിയായിരുന്നു സാൻഡി ഗോട്ടസ്മൻ. 2010-ൽ സ്റ്റെം സെൽ പരീക്ഷണങ്ങൾക്കായി ഗോട്ടസ്മൻ ദമ്പതികൾ ഇതേ സ്ഥാപനത്തിന് 25 മില്യൺ ഡോളർ സംഭാവന നല്കിയിരുന്നു.

# ഡോണൾഡ് ട്രംപിന് ഇല്ലിനോയിലും അയോഗ്യത

ജോസ് കല്ലിടിക്കിൽ

ചിക്കാഗോ: മാർച്ച് 19-ന് നടത്തപ്പെടുന്ന ഇല്ലിനോയി സംസ്ഥാന റിപ്പബ്ലിക്കൻ പ്രസിഡൻഷ്യൽ തെരഞ്ഞെടുപ്പ് ബാലറ്റിൽ നിന്ന് മുൻ പ്രസിഡണ്ട് ഡോണൾഡ് ട്രംപിന്റെ പേര് നീക്കം ചെയ്യുവാൻ ചിക്കാഗോ കോടതി വിധി.

ഫെബ്രുവരി 28-ന് ബുധനാഴ്ച കുക്ക് കൗണ്ടി കോർട്ട് ജഡ്ജ് ട്രേസി പോർട്ടർ നല്കിയ വിധി ന്യായത്തിൽ 2021 ജനുവരി 6-ന് യുഎസ് കോൺഗ്രസിൽ നടന്ന കലാപത്തിന് ഡോണൾഡ് ട്രംപ് ഉത്തരവാദിയാണെന്നും അതിനാൽ അമേരിക്കൻ ഭരണഘടനയുടെ 14-3 ഭേദഗതി നിർദേശിച്ചിട്ടുള്ള അയോഗ്യത അദ്ദേഹത്തിന് ബാധകമാണെന്നും പ്രഖ്യാപിച്ചു. മാർച്ച് പ്രൈമറിക്കുള്ള വോട്ട് രേഖപ്പെടുത്തൽ ഇതിനോടകം ആരംഭിച്ചുകഴിഞ്ഞ സാഹചര്യത്തിൽ ഡോണൾഡ് ട്രംപിന് റിപ്പബ്ലിക്കൻ പ്രൈമറിയിൽ ലഭിച്ചിട്ടുള്ള വോട്ടുകൾ അസാധുവായി കരുതണമെന്ന് ജഡ്ജ് ട്രേസി പോർട്ടർ ഇലക്ഷൻ അധികൃതർക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്. അയോഗ്യത കല്പിച്ച ജഡ്ജ് ട്രേസി പോർട്ടർ തന്നെ ഡോണൾഡ് ട്രംപിന്റെ അഭിഭാഷകർക്ക് അപ്പീൽ കോടതിയെ സമീപിക്കുവാനും അപ്പീൽ തീരുമാനം ലഭിക്കുന്നതുവരെ തന്റെ ഉത്തരവ് നടപ്പാക്കാതിരിക്കാനുമുള്ള സാവകാശവും അനുവദിച്ചു. ട്രംപ് പക്ഷം ഉടൻതന്നെ ഇല്ലിനോയി അപ്പീൽ കോർട്ടിൽ അപ്പീൽ ഫയൽ ചെയ്തു.

ജഡ്ജ് ട്രേസി പോർട്ടർ തന്റെ വിധിന്യായത്തിന് അടിസ്ഥാനമാക്കിയത് ഡോണൾഡ് ട്രംപിന് അയോഗ്യത കല്പിച്ചുകൊണ്ടുള്ള കൊളറാഡോ സംസ്ഥാന സുപ്രീം കോർട്ട് വിധിയാണ്. ഏറെ സ്പഷ്ടവും യുക്തവുമാണ് കൊളറാഡോ വിധിന്യായമെന്ന് അവർ തന്റെ വിധിയിൽ രേഖപ്പെടുത്തുകയും ചെയ്തു.കൂടാതെ ഇല്ലിനോയി ഇലക്ഷൻ ഹിയറിംഗ് എക്സാമിനറും റിട്ടയേഡ് റിപ്പബ്ലിക്കൻ അനുഭാവി ജഡ്ജിയുമായ ക്ലാർക്ക് എറിക്സൺ ഡോണൾഡ് ട്രംപ് ജനുവരി 6 കലാപത്തിന് ഉത്തരവാദിയാണെന്ന് യുഎസ് ഹൗസ് അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അഭിപ്രായപ്പെട്ടതും ജഡ്ജ് ട്രേസി പോർട്ടറിന്റെ തീരുമാനത്തെ സ്വാധീനിച്ചു.

കൊളറാഡോ സുപ്രീംകോർട്ട് വിധിക്കെതിരെ ഡോണൾഡ് ട്രംപ് യുഎസ് സുപ്രീം കോർട്ടിൽ സമർപ്പിച്ച അപ്പീൽ, ഫെബ്രുവരി 8-ന് കോടതിയുടെ പരിഗണനയിൽ എത്തുകയും ഇരുഭാഗത്തിന്റെയും വാദമുഖങ്ങൾ കോടതി കേൾക്കുകയുമുണ്ടായി. ഏപ്രിൽ ആദ്യവാരം പ്രസ്തുത കേസിലെ സുപ്രീംകോടതി വിധി പുറപ്പെടുവിക്കുമെന്നാണ് പ്രതീക്ഷ. ഈ വിധി ട്രംപ് പക്ഷത്തിന് അനുകൂലമാകുമെന്നാണ് പൊതുധാരണ. യുഎസ് സുപ്രീംകോർട്ട് കൊളറാഡോ സംസ്ഥാന സുപ്രീം കോർട്ട് വിധി അസാധുവായി പ്രഖ്യാപിച്ചാൽ ഇല്ലിനോയി അപ്പീൽ കോർട്ടിന്റെ പരിഗണനയിലുള്ള ട്രംപ് പക്ഷത്തിന്റെ അപ്പീൽ പൂർണ്ണമായും അപ്രസക്തമാകും.

പ്രസിഡണ്ട് എന്ന നിലയിൽ താൻ കൈക്കൊണ്ട തീരുമാനങ്ങൾക്കും സ്വീകരിച്ച നടപടികൾക്കും പൂർണ്ണമായ ഇമ്യൂണിറ്റി (ബാധ്യത ഒഴിവ്) അവകാശപ്പെട്ടുകൊണ്ട് ഡോണൾഡ് ട്രംപ് യുഎസ് സുപ്രീം കോടതിയെ സമീപിച്ചിരിക്കുകയാണ്. ഏതാനും മാസങ്ങൾക്കുള്ളിൽ യാഥാസ്ഥിതികർക്ക് വ്യക്തമായ മുൻതൂക്കമുള്ള യുഎസ് സുപ്രീംകോർട്ട് ഈ വിഷയം പരിഗണിച്ച് വിധി പറയും എന്നാണ് പ്രതീക്ഷ. അമേരിക്കൻ ജനത അർപ്പിച്ച വിശ്വാസം ദുരുപയോഗം ചെയ്ത് ഒരു ഭരണാധികാരിയെ നിയമത്തിനധീനനായി പ്രഖ്യാപിക്കുവാനും നിയമവാഴ്ച അസ്ഥിരപ്പെടുത്തുവാനുമുള്ള അവിവേകം യുഎസ് സുപ്രീം കോർട്ട് ന്യായാധിപർ പ്രകടിപ്പിക്കില്ലെന്ന് നമുക്ക് പ്രതീക്ഷിക്കാം. അതിനായി നമുക്ക് പൊതുവികാരം ഉണർത്തുകയും ചെയ്യാം.

# എങ്ങനെ നാം മറക്കും ഈ പുണ്യജന്മങ്ങളെ

(23-ാം പേജിൽനിന്നും)

എന്തുമാത്രം സ്വർണ്ണം കിട്ടിയാലും മേലാകെ ഡയമണ്ട് പതിച്ചാലും മതിവരാത്ത പുത്തൻ ജൂവലറികൾ അന്വേഷിച്ചലയുന്ന നടീനടന്മാരുടെ ലോകത്ത് ഒരു മാടപ്രാവിന്റെ ഹൃദയവുമായി രാഗിണി എന്നെന്നും വേറിട്ടുതന്നെ നില്ക്കും.

നിഷ്കളങ്കമായ സ്നേഹത്തിന്റെ അദൃശ്യകരങ്ങൾ ഈ ഭൂമിയെ സ്വർഗ്ഗതുല്യമാക്കുന്നു. അവിടെ ഔപചാരികതയോ അഭിനയമോ ആവശ്യമില്ല മറിച്ചാണെങ്കിൽ!

"ഞാനീ കല്യാണത്തിനു പോകുന്നില്ല." ജോസുകുട്ടി അസന്നിഗ്ദ്ധമായിപ്പറഞ്ഞു. ചിരകാല സുഹൃത്തിന്റെ മകളുടെ വിവാഹത്തിനു ക്ഷണിച്ചിരിക്കുകയാണ്. കല്യാണക്കുറി തിരിച്ചും മറിച്ചും നോക്കി ദേഷ്യം കടിച്ചമർത്തിക്കൊണ്ടവൻ മുരണ്ടു.

"ഇങ്ങനെയാണോ ഒരു കല്യാണം വിളിക്കുന്നത്? ഞാൻ വിദേശത്തൊന്നുമല്ലല്ലൊ. ഇവിടംവരെ ഒന്നു വന്ന് നേരിട്ടു വിളിച്ചാലെന്താ കുഴപ്പം? ഇതൊരുമാതിരി കോടതീന്ന് സമൻസ് അയക്കുമ്പോലത്തെ ഏർപ്പാടായിപ്പോയി. എന്റെ പട്ടിപോകും അവന്റെ കല്യാണത്തിന്." ജോസുകുട്ടി ആ വിവാഹത്തിനു പോയില്ല എന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. നിസ്വാർത്ഥവും നിർമ്മലവുമായ സ്നേഹബന്ധങ്ങൾക്ക് കൃത്രിമത്വമോ 'പുറംപൂച്ചു'കളോ വേണ്ട. അവിടെ പിടിവാശികൾക്കോ കിടമത്സരങ്ങൾക്കോ സ്ഥാനമില്ല. പകരം, ക്ഷമയും സഹനവും വിട്ടുവീഴ്ചയും മാത്രം. മൂടുപടങ്ങളോ അഹന്തയോ തൊട്ടുതീണ്ടാത്ത അത്തരം ഒരു സൗഹൃദത്തെക്കുറിച്ചുകൂടി പറയട്ടെ:-

2004-ലെ അതിമനോഹരമായ ഒരു സായംസന്ധ്യ. എറണാകുളത്തെ കലൂർ സ്റ്റേഡിയം മൈതാനിയിൽ പ്രശസ്ത കാഥികൻ കെടാമംഗലം സദാനന്ദന്റെ കഥാപ്രസംഗ പര്യടനത്തിന്റെ 60-ാം വാർഷികം അതിവിപുലമായ പരിപാടികളോടെ ആഘോഷിക്കപ്പെടുകയാണ്. ക്ഷണിക്കപ്പെട്ടവരും ആരാധകരുമായി ഒരു വലിയ ജനസമൂഹം തടിച്ചുകൂടിയിട്ടുണ്ട്. അനുമോദനങ്ങളും ആശംസകളുമായി കലാസാംസ്കാരികരംഗത്തെ ഒട്ടേറെ പ്രമുഖർ വേദിയിൽ അണിനിരന്നിരിക്കുന്നു. പ്രസംഗപരിപാടികൾ പെരുമഴപോലെ പെയ്തിറങ്ങുന്നതിനിടയിൽ അതാ, തിങ്ങിനിറഞ്ഞ സദസ്സിന്റെ മദ്ധ്യത്തിലൂടെ ശുഭ്രവസ്ത്രധാരിയായി, വെള്ളത്താടിയും തലമുടിയും പറത്തി ഒരാൾ പ്രസംഗവേദിയിലേക്കു നടന്നടുക്കുന്നു. മലയാളിക്കു സുപരിചിതമായ ആ മുഖം കണ്ടമാത്രയിൽ ആരാധകവൃന്ദം ഹർഷാരവം മുഴക്കി. എന്നാൽ, സമ്മേളനവേദിയിലേക്കു സധൈര്യം കടന്നുചെന്ന ആ നവാഗതനെക്കണ്ട മാത്രയിൽ കെടാമംഗലവും ഭാരവാഹികളും അക്ഷരാർത്ഥത്തിൽ നിമിഷങ്ങളോളം സ്തംഭിച്ചുനിന്നുപോയി. കാരണം, അദ്ദേഹത്തെ ആ പരിപാടിക്ക് ക്ഷണിച്ചിരുന്നില്ല എന്നതാണ്. ആരാലും ക്ഷണിക്കപ്പെടാതെ ഇത്രയുംവലിയ ഒരു ചടങ്ങിൽ സംബന്ധിക്കുവാനെത്തിയ ആ മഹാൻ ആരെന്നല്ലെ? അതു മറ്റാരുമായിരുന്നില്ല. സാക്ഷാൽ കെ.ജെ. യേശുദാസ്.

സ്റ്റേഡിയം മൈതാനത്തെയാകമാനം പുളകമണിയിച്ചുകൊണ്ട് ആ ഗാനഗന്ധർവ്വൻ പറഞ്ഞു. "ആരും ക്ഷണിക്കാതെയാണ് ഞാനിവിടെയെത്തിയത്. കൊച്ചിയിലേക്കുള്ള യാത്രാമദ്ധ്യേ വളരെ യാദൃച്ഛികമായി ഒരു വഴിയാത്രക്കാരനിൽനിന്നാണ് ഈ പരിപാടിയെക്കുറിച്ചറിഞ്ഞത്. പിന്നെ മറ്റൊന്നും ആലോചിച്ചില്ല. നേരേയിങ്ങുപോന്നു. അതിമഹത്തായ ഈ ചടങ്ങിന് എന്നെ യാരും വിളിച്ചുവരുത്തേണ്ടതില്ല. ക്ഷണിക്കാതെ വരാൻ അർഹതയുള്ളവനാണു ഞാൻ. ഓർമ്മവെച്ച നാൾമുതൽ ഞാൻ കെടാമംഗലത്തിന്റെ ഒരാരാധകനാണ്. അതിനേക്കാളുപരി അദ്ദേഹം എന്റെ പിതാവിന്റെ ഒരാത്മസുഹൃത്തും കൂടിയാണ്. അറുപതു വർഷം പിന്നിടുന്ന അദ്ദേഹത്തിന്റെ കഥാപ്രസംഗയാത്രക്ക് എന്റെ ഹൃദ്യമായ ഭാവുകങ്ങൾ."

തുടർന്ന് തന്റെ കയ്യിൽ ഭദ്രമായി സൂക്ഷിച്ചിരുന്ന ഒരു പട്ടുഷാളെടുത്ത് യേശുദാസ് കെടാമംഗലത്തെ അണിയിച്ചു. ആനന്ദാശ്രുക്കൾ പൊഴിച്ച് അവർ ആലിംഗനബദ്ധരായി. അഹന്തയെന്ന വികാരം തൊട്ടുതീണ്ടാത്ത, എളിമത്വത്തിന്റെ പരകോടിയിലെത്തുന്ന ഹൃദയസ്പർശിയായ ഇത്തരം ഒരു രംഗം സൃഷ്ടിക്കുവാൻ യേശുദാസിനേപ്പോലുള്ളവർക്കു മാത്രമല്ലെ കഴിയൂ. അനവദ്യസുന്ദരമായ എത്രയെത്ര അനർഘനിമിഷങ്ങൾ നമുക്കുമുമ്പിൽ കാഴ്ചവെച്ച കർമ്മയോഗികളാണിവരൊക്കെ. അന്ധമായ ആധുനികവൽക്കരണത്തിന്റെ ചുഴിയിൽപെട്ട് വംശനാശം ഭവിച്ചുകൊണ്ടിരിക്കുന്ന ഈ പുണ്യജന്മങ്ങളുടെ പരമ്പര അന്യം നിന്നുപോകാതെ കാത്തുസൂക്ഷിക്കേണ്ടത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. ഭാവിതലമുറയ്ക്ക് പ്രചോദനവും മാതൃകയുമാക്കാവുന്ന ഒരു നിധിശേഖരം തന്നെയായിരിക്കും അവ.

# രാജ്യസഭയിൽ ഭൂരിപക്ഷത്തിന് മൂന്ന് സീറ്റ് അരികെ എൻ.ഡി.എ.

ന്യൂഡൽഹി: രാജ്യസഭയിൽ ബി.ജെ.പി. നയിക്കുന്ന എൻ.ഡി.എ. മുന്നണി ഭൂരിപക്ഷത്തിനു മൂന്ന് സീറ്റ് മാത്രം അകലെ. ഒഴിവുവന്ന 56 സീറ്റുകളിലേക്കു നടന്ന തെരഞ്ഞെടുപ്പിൽ 30 എണ്ണം നേടിയതോടെ രാജ്യസഭയിൽ ബി.ജെ.പിക്ക് 97 അംഗങ്ങളായി. എൻ.ഡി.എയുടെ അംഗബലം 118-ലേക്ക് ഉയർന്നു. 245 അംഗ രാജ്യസഭയിൽ ഭൂരിപക്ഷത്തിനാവശ്യമായ സംഖ്യ 123 ആണ്. എന്നാൽ, രാഷ്ട്രപതിഭരണത്തിലുള്ള ജമ്മു കാശ്മീരിലെ നാലും നാമനിർദേശം ചെയ്യപ്പെടേണ്ട ഒന്നുമുൾപ്പെടെ അഞ്ച് സീറ്റുകൾ ഒഴിഞ്ഞുകിടക്കുകയാണ്. അതിനാൽ, നിലവിലെ അംഗബലമനുസരിച്ച് ഭൂരിപക്ഷത്തിന് 121 അംഗങ്ങൾ മതി. അതായത് എൻ.ഡി.എയ്ക്ക് മൂന്നംഗങ്ങളുടെ മാത്രം കുറവ്. മൂന്ന് സംസ്ഥാനങ്ങളിൽനിന്നായി രാജ്യസഭയിൽ ഒഴിവുവന്ന 56 സീറ്റുകളിൽ 41 എണ്ണത്തിലും എതിരില്ലാതെ തെരഞ്ഞെടുപ്പ് നടന്നപ്പോൾ, 15 സീറ്റിൽ മാത്രമാണു വോട്ടെടുപ്പ് വേണ്ടിവന്നത്. നിയമസഭകളിലെ അംഗബലമനുസരിച്ച് ജയിക്കാവുന്ന സീറ്റുകളേക്കാൾ രണ്ടെണ്ണം ബി.ജെ.പി. അധികമായിനേടി. പാർലമെന്റിൽ ബില്ലുകൾ പാസാക്കാൻ സർക്കാരിനു രാജ്യസഭയിലെ അംഗബലം നിർണായകമാണ്.

SUBSCRIPTION FORM

I.D. # ______ Date ______ Expiration Date ______

Name ______

Address ______

City ______ State ______ Zip ______

Phone: ______ Email: ______

Signature: ______

❑ Enclosing $ 200.00 for five years.
❑ Enclosing my subscription of $ 54.00 for one year.
❑ Enclosing my subscription of $99.00 for two years.
❑ Please don't send newspaper to my address.

Take Advantage Of Our New Low Rates

| Yearly | 2 Years | 5 Years |
|---|---|---|
| $ 54 00 | $ 99 00 | $ 200 00 |

Payment Method ❑ Cheque Cheque # ______
❑ Visa ❑ Mastercard ❑ Discover ❑ AMEX. Exp. Date ______

CARD ACCOUNT NUMBER


SEC. CODE:

Please make the Cheque payable to

KERALA EXPRESS

3425 CLEVELAND ST, SKOKIE, ILLINOIS 60076
630 728 7956 FAX : 773 304 1917

Subscription fee non-refundable


THE PREMIER GASOLINE DISTRIBUTION COMPANY
Gas DEPOT
We Fuel Your Growth
MARATHON
VALERO
CITGO
www.gasdepot.com


MIDWEST
WINDOWS & DOORS
45% OFF
FOR WINDOWS
40% OFF
FOR DOORS & SIDING
MIDWEST WINDOWS DOORS & SIDING
www.mymidwestwindows.com
Free Estimate Please contact
RAJU NADUVETTIL
Cell: 773 474 9566 | Email: rajuabm@gmail.com


B&M
AUTO COLLISION CTR
Anish Eapen and Bob Trytko want
to wish you a Happy New Year
Fast and
EFFICIENT
Quality
REPAIR
WE WORK WITH ALL INSURANCE COMPANIES,
CALL ANISH EAPEN @ 773-263-9863
4440 West Addison
Chicago, IL 60641
Tel: 773-685-3200
Fax: 773-685-7388
www.bmautocollision.com




Printed at **GRACE PRINTING**, Skokie, Illinois and Published by Grace Publications Inc. Tel: (630) 728-7956. Chief Editor : **K.M. EAPEN**. Executive Editor : **JOSE KANIYALY**